**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **03-02-2026 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനെതുടർന്ന്, താലൂക്കുകളുടെ വിഭജനം/രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽനിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ചാത്തന്നൂർ ആസ്ഥാനമായ താലൂക്ക് രൂപീകരണമുൾപ്പെടെയുള്ള ശിപാർശകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതാണ്. |
| (ബി) | ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന പതിറ്റാണ്ടുകളായി ഉയർന്നുവരുന്ന ആവശ്യം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് എന്താണ്; പ്രസ്തുത ആവശ്യം പരിഗണിക്കുമോ; ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) | എ പിരിവിനുള്ള മറുപടി |
| (സി) | പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനും അതിർത്തി പുനർനിർണയിക്കുന്നതിനുമായി റവന്യൂ വകുപ്പ് നിയോഗിച്ച വിദഗ്ധ സമിതി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

എൽ.ആർ/1886/2022-എൽ.ആർ.എം4 തീയതി:11-12-2024

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (എഫ്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

മാഡം,

വിഷയം:- പുതിയ താലൂക്ക് രൂപീകരണവും താലൂക്കുകളുടെ പുന:സംഘടനയും റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1.ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 15/02/2018 -ലെ 39/N/M(Rev)/2017 നമ്പർ കുറിപ്പ്.

2. സർക്കാരിന്റെ റവ-എഫ്1/178/2017 നമ്പർ കത്ത്.

3 . തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/05/2019, 20/01/2023 എന്നീ തീയതികളിലെ എ14/ഇ/101375/ 2016 നമ്പർ കത്തുകൾ

4. കൊല്ലം ജില്ലാ കളക്ടറുടെ 07/02/2019 -ലെ DCKLM/269/2018/E3, 03.01.2023 -ലെ DCKLM/462/ 2018/E3 എന്നീ നമ്പർ കത്തുകൾ.

5 . ആലപ്പുഴ ജില്ലാ കളക്ടറുടെ 07/11/2019 -ലെ കെ1/433/19, 19.12.2022 -ലെ കെ1/388633/22 എന്നീ നമ്പർ കത്തുകൾ.

6. പത്തനംതിട്ട ജില്ലാ കളക്ടറുടെ 04/12/2019 -ലെ സി11-212127/19 നമ്പർ കത്ത്.

7 . കോട്ടയം ജില്ലാ കളക്ടറുടെ 07/03/2017 -ലെ DCKTM/7137/2016-B1, 23/01/2023-ലെ DCKTM/722/2023-B1 എന്നീ നമ്പർ കത്തുകൾ.

8. ഇടുക്കി ജില്ലാ കളക്ടറുടെ 13/12/2019 -ലെ DCIDK/ 6990/ 2019/A10/L.Dis നമ്പർ കത്ത്.

9. എറണാകുളം ജില്ലാ കളക്ടറുടെ 13/01/2020, 12.01.2023 എന്നീ തീയതികളിലെ എ2/183079/ 2018/നമ്പർ കത്തുകൾ

10. തൃശ്ശൂർ ജില്ലാ കളക്ടറുടെ 17/07/2019, 18.01.2023 എന്നീ തീയതികളിലെ DCTSR/6073/2019/A12 എന്നീ നമ്പർ കത്തുകൾ.

11. പാലക്കാട് ജില്ലാ കളക്ടറുടെ 30.07.2019, 13.01.2023 എന്നീ തീയതികളിലെ DCPKD/4953/2018/A3 എന്നീ നമ്പർ കത്തുകൾ.

12. മലപ്പുറം ജില്ലാ കളക്ടറുടെ 16/04/2018 -ലെ എൽ1/ 42326/2015, 24/01/2023-ലെ DCMPM/14801/2022-L1 എന്നീ നമ്പർ കത്തുകൾ.

13. കോഴിക്കോട് ജില്ലാ കളക്ടറുടെ 21/07/2019 -ലെ DCKKD/1045/2019/A1, 17.01.2023 ലെ DCKKD/8415/2017-A1എന്നീ നമ്പർ കത്തുകൾ.

14. വയനാട് ജില്ലാ കളക്ടറുടെ 21/11/2019, 19/01/2023 എന്നീ തീയതികളിലെ DCWYD/836/2019/M2 നമ്പർ കത്തുകൾ.

15. കണ്ണൂർ ജില്ലാ കളക്ടറുടെ 03/01/2020-ലെ DCKNR/ 4943/2018/A7 നമ്പർ കത്ത്.

16. കാസർഗോഡ് ജില്ലാ കളക്ടറുടെ 23/04/2018 ലെ എം2/57089/2016, 11/01/2023 ലെ DCKSGD/1790/ 2022/M2 എന്നീ നമ്പർ കത്തുകൾ.

******************************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിക്കുന്നു. സംസ്ഥാനത്ത് ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരുന്നതെന്നും ഇപ്പോൾ മാനദണ്ഡങ്ങളിലെല്ലാം തന്നെ മാറ്റങ്ങൾ വന്നിട്ടുള്ളതിനാൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാനും സൂചന (1), (2) എന്നിവ പ്രകാരം നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാരോട് ആരാഞ്ഞിരുന്നതും സൂചന(3) മുതൽ 16 വരെയായി ജില്ലാ കളക്ടർമാർ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതുമാണ് ടി റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

(1). തിരുവനന്തപുരം ജില്ല

31531.19 ഹെക്ടർ വിസ്തീർണ്ണമുള്ള തിരുവനന്തപുരം താലൂക്കിൽ നിലവിൽ 31 വില്ലേജുകളാണുള്ളത്. തിരുവനന്തപുരം നഗരസഭ പൂർണ്ണമായും മംഗലപുരം, പോത്തൻകോട്, കഠിനംകുളം, അണ്ടൂർക്കോണം, കല്ലിയൂർ, വെങ്ങാന്നൂർ എന്നീ പഞ്ചായത്തുകളിലുമായാണ് ഈ താലൂക്കിന്റെ നിലവിലെ പ്രവർത്തന പരിധി. തിരുവനന്തപുരം താലൂക്കിന്റെ ജനസംഖ്യ 2011 -ലെ സെൻസസ് പ്രകാരം 11,78,092 പേരാണ്. ആയത് നിലവിൽ 14,00,000 -ൽ അധികം വരുമെന്ന് കണക്കാക്കപ്പെടുന്നു.

തിരുവനന്തപുരം നഗരവും അനുബന്ധ പഞ്ചായത്തുകളും അനുദിനം വികസിച്ച് അർബൻ ഭരണക്രമങ്ങളിലേക്ക് വളർന്നു കൊണ്ടിരിക്കുകയാണെന്നും വർദ്ധിച്ച വികസനാവശ്യങ്ങൾ നേരിടുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വികേന്ദ്രീകൃതമായ ഭരണ സംവിധാനം ആവശ്യമാണെന്നും നിലവിൽ 3 1 വില്ലേജുകളിലെ 14,00,000 ഓളം ജനങ്ങളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഗണിക്കുന്നതിനോ, പരിഹരിക്കുന്നതിനോ നിലവിലെ ഓഫീസ് സംവിധാനം തികച്ചും പര്യാപ്തമല്ലെന്നും സൂചന(3) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് തലസ്ഥാന നഗരമെന്ന നിലയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ കുടിയേറി പാർത്ത സ്ഥലമാണ് തിരുവനന്തപുരം. ഇപ്രകാരം ജനസംഖ്യ വർദ്ധിക്കുമ്പോഴും തിരുവനന്തപുരം താലൂക്കിലെ അധികാരപരിധി 31531.19 ഹെക്ടർ ആയി തുടരുന്നത് ഭരണ സൗകര്യത്തിന് തികച്ചും വിഘാതമാണെന്നും ആയത് പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിൽ പലപ്പോഴും കാലതാമസം വരുത്തുന്നുവെന്നും തിരുവനന്തപുരം താലൂക്കിന്റെ അങ്ങേ അറ്റത്തുള്ള ജനങ്ങൾക്ക് താലൂക്ക് കാര്യാലയത്തിൽ എത്തിച്ചേരുന്നതിനായി ഒരു ഭാഗത്ത് 3 0 കിലോമീറ്ററിലധികം ആണ് യാത്ര ചെയ്യേണ്ടിവരുന്നതെന്നും കഴക്കൂട്ടം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിച്ചാൽ ടി യാത്രാദൂരം പരമാവധി 3 കിലോമീറ്റർ മാത്രമാകുമെന്നും പുതിയ താലൂക്ക് പരിധിയിലെ ഏതൊരാൾക്കും 8 കി.മീറ്റർ യാത്ര ചെയ്താൽ താലൂക്ക് ആസ്ഥാനത്തിലെത്തിച്ചേരാനാകുമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം താലൂക്കിൽ ഭൂരേഖാ വിഭാഗത്തിൽ മാത്രം നിലവിൽ വസ്തു സംബന്ധമായ 12000-ൽ അധികം ഫയലുകളാണ് തീർപ്പ് കൽപ്പിക്കുവാൻ ബാക്കിയുള്ളതെന്നും താലൂക്ക് വിഭജനം സാധ്യമാകുന്ന പക്ഷം അപ്രകാരമുള്ള ജോലിഭാരം ലഘൂകരിക്കപ്പെടുകയും ജനത്തിന് മെച്ചപ്പെട്ട സേവനം ലഭ്യമാകുകയും ചെയ്യുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| (01). | കഠിനംകുളം | 1130.8682 |
| (02). | മേനംകുളം | 790.1334 |
| (03). | വെയിലൂർ | 1305.9481 |
| (04). | മേൽത്തോന്നക്കൽ | 1219.9690 |
| (05). | കീഴ്ത്തോന്നക്കൽ | 874.0144 |
| (06). | പള്ളിപ്പുറം | 914.9636 |
| (07). | അണ്ടൂർ കോണം | 914.2406 |
| (08). | അയിരൂപ്പാറ | 1269.7350 |
| (09). | ഉളിയാഴ്ത്തുറ | 1483 |
| (10). | കഴക്കൂട്ടം | 862.3870 |
| (11). | ആറ്റിപ്ര | 1579.8966 |
| (12). | ചെറുവയ്ക്കൽ | 1036.6980 |
| (13). | പാങ്ങപ്പാറ | 966.2273 |
| (14). | ഉള്ളൂർ | 800.9450 |
| | **ആകെ** | **15149.0262 ഹെക്ടർ** |

| | |
|---|---|
| നിലവിലെ തിരുവനന്തപുരം താലൂക്കിന്റെ വിസ്തൃതി | 31531.1900 ഹെക്ടർ |
| നിയുക്ത കഴക്കൂട്ടം താലൂക്കിന്റെ വിസ്തൃതി | 15149.0262 ഹെക്ടർ |
| താലൂക്ക് വിഭജനത്തിന് ശേഷം തിരുവനന്തപുരം | |

| | |
|---|---|
| താലൂക്കിന്റെ വിസ്തൃതി | 16382.1638 ഹെക്ടർ |

തിരുവനന്തപുരം താലൂക്കിന്റെ വിസ്തൃതി 31531.19 ഹെക്ടർ ആണെന്നും തിരുവനന്തപുരം നഗരത്തിൽ നിന്നും 16 കി.മീറ്റർ ദൂരെ സ്ഥിതി ചെയ്യുന്നതും ഐ.ടി നഗരവുമാണ് കഴക്കൂട്ടമെന്നും അതിവേഗം വളർന്ന് വികസിച്ച് നഗരത്തോട് കിടപിടിക്കുന്ന ആധുനിക സൗകര്യങ്ങളോടെ വളരുന്ന സ്ഥലമാണിതെന്നും ഈ സാഹചര്യത്തിൽ കഴക്കൂട്ടം ആസ്ഥാനമാക്കി മേൽ പട്ടികയിൽ പരാമർശിക്കുന്ന നിലവിലെ തിരുവനന്തപുരം താലൂക്കിന്റെ ഭാഗങ്ങളായ 14 വില്ലേജുകൾ ഉൾപ്പെടുത്തി (കഠിനംകുളം, അണ്ടൂർക്കോണം, മംഗലപുരം, പോത്തൻകോട് എന്നീ പഞ്ചായത്തുകൾ പൂർണ്ണമായും തിരുവനന്തപുരം നഗരസഭ ഭാഗികമായും) കഴക്കൂട്ടം ആസ്ഥാനമാക്കി 15149.0262 ഹെക്ടർ വിസ്തൃതിയിൽ ഒരു പുതിയ താലൂക്ക് രൂപീകരിക്കാവുന്നതാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ നിന്നെല്ലാം തന്നെ വളരെ സൗകര്യപ്രദമായി എത്തിച്ചേരാവുന്ന സ്ഥലം എന്ന രീതിയിൽ കഴക്കൂട്ടം ആസ്ഥാനമാക്കുന്നത് ഏറെ ഉചിതമായിരിക്കുമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2).**<u>കൊല്ലം.</u>**

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിന്റെ പരിധിയിൽ 31 വില്ലേജുകളും കൊല്ലം, ഇരവിപുരം, കുണ്ടറ, ചാത്തന്നൂർ എന്നീ നാല് നിയമസഭാമണ്ഡലങ്ങളുമാണ് നിലവിൽ ഉള്ളത് ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കൊല്ലം താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ (1687.9533 ഹെക്ടർ), മീനാട് (1609.0054 ഹെക്ടർ), പൂതക്കുളം (1628.1338 ഹെക്ടർ), കോട്ടപ്പുറം (428.1105 ഹെക്ടർ) , പരവൂർ (1107.2814 ഹെക്ടർ) , പാരിപ്പള്ളി (1811.4647 ഹെക്ടർ) കല്ലുവാതുക്കൽ (1829.1861 ഹെക്ടർ) ചിറക്കര (1332.2047 ഹെക്ടർ) എന്നീ ഭൂവിസ്തൃതി ഉള്ള വില്ലേജുകളും കൊട്ടാരക്കര താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ട പൂയപ്പള്ളി (2215.1255 ഹെക്ടർ) വില്ലേജും കൂടിച്ചേർന്ന് ആകെ 13648.4654 ഹെക്ടർ ഭൂവിസ്തൃതി ഉള്ളതാണെന്നും 2011 -ലെ സെൻസസ് പ്രകാരം 2,16,180 ജനസംഖ്യ ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉണ്ടെന്നും ജില്ലാ കളക്ടർ സൂചന (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

കൊട്ടാരക്കര താലൂക്കിലെ ഇളമാട് (വിസ്തീർ ണ്ണം 2727.0352 ഹെക്ടർ) , വെളിനല്ലൂർ (വിസ്തീർ ണ്ണം 2663.7411 ഹെക്ടർ) , നിലമേൽ (വിസ്തീർ ണ്ണം 1767.0281 ഹെക്ടർ) , മാങ്കോട് (വിസ്തീർ ണ്ണം 2447.4699 ഹെക്ടർ) , കോട്ടുക്കൽ (വിസ്തീർ ണ്ണം 2234.5049 ഹെക്ടർ) , കമ്മിൾ (വിസ്തീർണ്ണം 1786.5227 ഹെക്ടർ), ചിതറ (വിസ്തീർണ്ണം 3362.6234 ഹെക്ടർ), ഇട്ടിവ (വിസ്തീർണ്ണം 2018.1210 ഹെക്ടർ) , ചടയമംഗലം (വിസ്തീർ ണ്ണം 2192.9121 ഹെക്ടർ) , കടയ്ക്കൽ (വിസ്തീർണ്ണം

2949.1930 ഹെക്ടർ) എന്നീ 10 വില്ലേജുകളെയും പുനലൂർ താലൂക്കിലെ അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളെയും ഉൾപ്പെടുത്തി ചടയമംഗലം, കടയ്ക്കൽ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കൊല്ലം താലൂക്കിലെ വില്ലേജുകളിലെ ജനങ്ങൾ 15 മുതൽ 30 കിലോമീറ്ററോളം ദൂരം യാത്ര ചെയ്താണ് കൊല്ലം ടൗണിൽ സ്ഥിതി ചെയ്യുന്ന താലൂക്കാഫീസിൽ എത്തിപ്പെടേണ്ടതെന്നും ഭൂരിഭാഗം വില്ലേജുകളും ഗ്രാമപ്രദേശങ്ങളാണെന്നും ടി വില്ലേജുകളിൽ നിന്നും യാത്രാസൗകര്യം താരതമ്യേന കുറവാണെന്നും അടിയന്തര ഘട്ടങ്ങളിൽ ടി വില്ലേജുകളിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് കഴിയാത്ത സാഹചര്യങ്ങൾ നിലവിലുള്ളതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ചാത്തന്നൂർ താലൂക്ക് രൂപീകരിക്കപ്പെടുമ്പോൾ ചാത്തന്നൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകൾ ഉൾപ്പെടുത്താവുന്നതാണെന്നും അങ്ങനെ രൂപീകരിക്കുന്ന ചാത്തന്നൂർ താലൂക്കിൽ പരവൂർ മുനിസിപ്പാലിറ്റി, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, ചിറക്കര ഗ്രാമപഞ്ചായത്ത് ,പൂതക്കുളം ഗ്രാമ പഞ്ചായത്ത്, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് എന്നീ ത്രിതല പഞ്ചായത്ത് സംവിധാനവും ഉൾപ്പെട്ടുവരുന്നുവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ 27 വില്ലേജുകൾ ചേർത്ത് രൂപീകരിച്ചിട്ടുള്ള കൊട്ടാരക്കര താലൂക്കിന്റെ ആകെ വിസ്തൃതി 53941.5017 ഹെക്ടറാണെന്നും ജനസംഖ്യ, ജനസാന്ദ്രത എന്നിവയനുസരിച്ച് ജില്ലയിലെ മറ്റ് താലൂക്കുകളേക്കാൾ മുന്നിലാണ് കൊട്ടാരക്കര താലൂക്കിന്റെ സ്ഥാനമെന്നും തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളുമായും കൊല്ലം ജില്ലയിലെ മറ്റ് 4 താലൂക്കുകളുമായും കൊട്ടാരക്കര താലൂക്ക് അതിർത്തി പങ്കിടുന്നുവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

നിലവിലെ വലിയ ഭൂവിസ്തൃതിയും വർദ്ധിച്ച ജനസംഖ്യയും മൂലം ഭരണ സംവിധാനത്തിലും മറ്റും നേരിടുന്ന വെല്ലുവിളികളാണ് താലൂക്ക് വിഭജനത്തിന്റെ ആവശ്യകതയ്ക്ക് ചൂണ്ടിക്കാട്ടുന്ന പ്രധാന കാരണമെന്നും താലൂക്ക് ആസ്ഥാനത്ത് നിന്നും ഉദ്ദേശം 10 കിലോമീറ്ററിലധികം ദൂരത്തിലാണ് തിരുവനന്തപുരം ജില്ലയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ചിതറ, മാങ്കോട് മുതലായ വില്ലേജുകളുടെ സ്ഥാനമെന്നും താലൂക്കിന്റെ കിഴക്കൻ മേഖലയിലെ പല വില്ലേജുകളിൽ നിന്നും താലൂക്കാസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്ക് എത്തിച്ചേരേണ്ട പൊതുജനങ്ങൾക്കും മറ്റും യാത്രക്ലേശം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്നും ജില്ലാ

കളക്ടർ അറിയിച്ചിട്ടുണ്ട്.

അടിയന്തര ഘട്ടങ്ങളിൽ താലൂക്ക് ആസ്ഥാനത്ത് നിന്നും താലൂക്കിന്റെ കിഴക്കൻ മേഖലകളിലെ വില്ലേജുകളിൽ എത്തിച്ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വളെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്നും താലൂക്കിന്റെ ഭൂമിശാസ്ത്രപരമായ ഘടനയും ഭരണപരമായ വിഷയങ്ങൾക്ക് അസൗകര്യം സൃഷ്ടിച്ചു വരുന്നുവെന്നും താലൂക്കിന്റെ വിസ്തൃതി, ജനസംഖ്യ എന്നിവയേയും അതുമൂലം നേരിട്ടുവരുന്ന ഭരണപരമായ അസൗകര്യവും കണക്കിലെടുത്ത് കൊട്ടാരക്കര താലൂക്കിനെ വിഭജിച്ച് കടയ്ക്കലോ, ചടയമംഗലമോ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.അതോടൊപ്പം കൊട്ടാരക്കര താലൂക്കിന്റെ അതിർത്തി പങ്കിടുന്ന പുനലൂർ, പത്തനാപുരം എന്നീ താലൂക്കുകളിൽ വില്ലേജുകളുടെ എണ്ണം കുറവായതിനാൽ കൊട്ടാരക്കര താലൂക്കിലെ കുറച്ചു വില്ലേജുകൾ ഉൾപ്പെടുത്തി ടി താലൂക്കുകളുടെ പുന:സംഘടന ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ വില്ലേജ് ഓഫീസുകൾ ഉള്ള കൊല്ലം താലൂക്കിലെ ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജുകളെ ഉൾപ്പെടുത്തി ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കണമെന്നതും കൊട്ടാരക്കര താലൂക്കിനെ വിഭജിച്ച് ചടയമംഗലം അല്ലെങ്കിൽ കടയ്ക്കൽ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കണം എന്നതും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ദീർഘകാലമായി നിലനിൽക്കുന്ന ഒരു ആവശ്യമാണെന്നും പുതിയ താലൂക്ക് രൂപീകരണം മൂലം റവന്യൂ വകുപ്പിന് ഭരണപരമായ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നേട്ടങ്ങൾ ലഭ്യമാകുന്നതും പൊതുജനങ്ങളുടെ യാത്രാക്ലേശം ഉൾപ്പടെയുള്ള വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലെ ജില്ലയിലെ താലൂക്ക് ഘടന ചുവടെ ചേർക്കുന്നു

| ക്രമ നം. | താലൂക്ക് | വില്ലേജുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 31 |
| 2 | കരുനാഗപ്പള്ളി | 17 |
| 3 | കുന്നത്തൂർ | 7 |
| 4 | പുനലൂർ | 15 |

| | | |
|---|---|---|
| | | |
| 5 | പത്തനാപുരം | 8 |
| 6 | കൊട്ടാരക്കര | 27 |
| ആകെ | | 105 |

ചാത്തന്നൂർ ആസ്ഥാനമായും ചടയമംഗലം/കടയ്ക്കൽ ആസ്ഥാനമായും പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ ചുവടെ പ്രകാരം താലൂക്കുകളെയും വില്ലേജുകളെയും പുന:സംഘടിപ്പിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്

| പ്രൊപ്പോസ് ചെയ്യുന്ന താലൂക്ക് ഘടന | ക്രമ നം. | താലൂക്ക് പരിധിയിൽ വരുന്ന വില്ലേജുകൾ | വില്ലേജുൾപ്പെട്ടുവരുന്ന പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | നിയോജക മണ്ഡലം | നിലവിലെ താലൂക്ക് | ഭൂവിസ്തൃതി | ജനസംഖ്യ |
|---|---|---|---|---|---|---|---|
| കൊല്ലം താലൂക്ക് | 1 | കൊല്ലം വെസ്റ്റ് | കൊല്ലം കോർപ്പറേഷൻ | കൊല്ലം | കൊല്ലം | | |
| | 2 | കൊല്ലം ഈസ്റ്റ് | കൊല്ലം കോർപ്പറേഷൻ | കൊല്ലം | കൊല്ലം | | |
| | 3 | തൃക്കടവൂർ | കൊല്ലം കോർപ്പറേഷൻ | കൊല്ലം | കൊല്ലം | 1480.1032 | 39285 |
| | 4 | തൃക്കരുവ | ഗ്രാമപഞ്ചായത്ത് | കൊല്ലം | കൊല്ലം | | |
| | 5 | കിളികൊല്ലൂർ | കൊല്ലം കോർപ്പറേഷൻ | ഇരവിപുരം | കൊല്ലം | | |
| | 6 | ശക്തികുളങ്ങര | കൊല്ലം കോർപ്പറേഷൻ | ചവറ | കൊല്ലം | 1091.8093 | 68000 |
| | 7 | മങ്ങാട് | കൊല്ലം കോർപ്പറേഷൻ | കൊല്ലം/ ഇരവിപുരം | കൊല്ലം | | |
| | 8 | വടക്കേവിള | കൊല്ലം കോർപ്പറേഷൻ | ഇരവിപുരം | കൊല്ലം | | |
| | 9 | മുണ്ടക്കൽ | കൊല്ലം കോർപ്പറേഷൻ | ഇരവിപുരം | കൊല്ലം | | |
| | 10 | ഇരവിപുരം | കൊല്ലം കോർപ്പറേഷൻ | ഇരവിപുരം | കൊല്ലം | | |
| | 11 | മയ്യനാട് | ഗ്രാമപഞ്ചായത്ത് | ഇരവിപുരം | കൊല്ലം | | |
| | 12 | പള്ളിമൺ | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| | 13 | നെടുമ്പന | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | 1523 | |
| | 14 | തൃക്കോവിൽവട്ട | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | [illegible] | ം | [illegible] | [illegible] | [illegible] | | |
| | 15 | തഴുത്തല | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| | 16 | പനയം | ഗ്രാമപഞ്ചായത്ത് | കൊല്ലം | കൊല്ലം | | |
| | 17 | കൊറ്റങ്കര | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| | 18 | ഇളമ്പള്ളൂർ | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| | 19 | മുളവന | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| | 20 | പെരിനാട് | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | 1556.3899 | 35178 |
| | 21 | പേരയം | ഗ്രാമപഞ്ചായത്ത് | കുണ്ടറ | കൊല്ലം | | |
| കൊട്ടാരക്കര | 1 | എഴുകോൺ | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1789.2806 | 29788 |
| | 2 | നെടുവത്തൂർ | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1970.2233 | 24749 |
| | 3 | കുളക്കട | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1379.603 | 15148 |
| | 4 | മൈലം | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1563.1855 | 22164 |
| | 5 | കൊട്ടാരക്കര | മുനിസിപ്പാലിറ്റി | കൊട്ടാരക്കര | കൊട്ടാരക്കര | 1789.2806 | 29788 |
| | 6 | പുത്തൂർ | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1300.1134 | 19786 |
| | 7 | കലയപുരം | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1653.6305 | 20233 |
| | 8 | മേലില | മുനിസിപ്പാലിറ്റി | പത്തനാപുരം | കൊട്ടാരക്കര | 1858.3176 | 22203 |
| | 9 | വെട്ടിക്കവല | ഗ്രാമപഞ്ചായത്ത് | പത്തനാപുരം | കൊട്ടാരക്കര | 1871.0394 | 20118 |
| | 10 | ഉമ്മന്നൂർ | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1683.3824 | 17406 |
| | 11 | വെളിയം | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1513.713 | 16298 |
| | 12 | കരീപ്ര | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 2330.0483 | 30099 |
| | 13 | ഓടനാവട്ടം | ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര | കൊട്ടാരക്കര | 1512.3171 | 15732 |
| | 14 | ചക്കുവരയ്ക്കൽ | ഗ്രാമപഞ്ചായത്ത് | പത്തനാപുരം | കൊട്ടാരക്കര | 1760.3812 | 16036 |
| | | | | കൊട്ടാരക്ക | കൊട്ടാര | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 15 | വാളകം | ഗ്രാമപഞ്ചായത്ത് | ര | ക്കര | 1781.1427 | 16881 |
| പുനലൂർ | 1 | പുനലൂർ | മുനിസിപ്പാലിറ്റി | പുനലൂർ | പുനലൂർ | | |
| | 2 | കരവാളൂർ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 3 | ഇടമുളയ്ക്കൽ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 4 | അറയ്ക്കൽ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 5 | അഞ്ചൽ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 6 | വാളക്കോട് | മുനിസിപ്പാലിറ്റി | പുനലൂർ | പുനലൂർ | | |
| | 7 | ഏരൂർ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 8 | കുളത്തുപ്പുഴ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 9 | തിങ്കൾക്കരിക്കം | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 10 | ആയിരനല്ലൂർ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 11 | ഇടമൺ | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 12 | ആര്യങ്കാവ് | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| | 13 | തെന്മല | ഗ്രാമപഞ്ചായത്ത് | പുനലൂർ | പുനലൂർ | | |
| കുന്നത്തൂർ | 1 | മൈനാഗപ്പള്ളി | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | | |
| | 2 | പടിഞ്ഞാറേകല്ലട | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | | |
| | 3 | ശാസ്താംകോട്ട | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | 2442 | 33285 |
| | 4 | പോരുവഴി | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | 1935.83 | 32169 |
| | 5 | കുന്നത്തൂർ | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | 2127.756 | 25009 |
| | 6 | ശൂരനാട് നോർത്ത് | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | 2356.56 | 3436 |
| | 7 | ശൂരനാട് സൗത്ത് | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കുന്നത്തൂർ | 1715.1889 | 24766 |
| | 8 | കിഴക്കേകല്ലട | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കൊല്ലം | 1300.7668 | 18176 |
| | 9 | മൺട്രോത്തുരുത്ത് | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കൊല്ലം | | |
| | 10 | പവിത്രേശ്വരം | ഗ്രാമപഞ്ചായത്ത് | കുന്നത്തൂർ | കൊട്ടാരക്കര | 2028.8509 | 26041 |
| ചാത്തന്നൂർ | 1 | പരവൂർ | മുനിസിപ്പാലിറ്റി | ചാത്തന്നൂർ | കൊല്ലം | 1525.276 | 32246 |
| | 2 | പൂതക്കുളം | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1628.1338 | 29447 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 3 | മീനാട് | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1609.0054 | 29497 |
| | 4 | കല്ലുവാതുക്കൽ | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1829.1861 | 21555 |
| | 5 | ആദിച്ചനല്ലൂർ | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1687.9533 | 26797 |
| | 6 | പാരിപ്പള്ളി | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1811.4647 | 29971 |
| | 7 | കോട്ടപ്പുറം | മുനിസിപ്പാലിറ്റി | ചാത്തന്നൂർ | കൊല്ലം | 428.1105 | 26632 |
| | 8 | ചിറക്കര | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊല്ലം | 1332.2047 | 19000 |
| | 9 | പൂയപ്പള്ളി | ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | കൊട്ടാരക്കര | 2214.2709 | 24447 |
| ചടയമംഗലം/കടയ്ക്കൽ | 1 | വെളിനല്ലൂർ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2663.7411 | 28864 |
| | 2 | ഇളമാട് | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2727.0352 | 27243 |
| | 3 | കടയ്ക്കൽ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2949.1930 | 30719 |
| | 4 | ചിതറ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 3362.6234 | 20268 |
| | 5 | ചടയമംഗലം | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2192.9121 | 22173 |
| | 6 | മാങ്കോട് | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2447.4699 | 24988 |
| | 7 | കുമ്മിൾ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 1786.5227 | 20383 |
| | 8 | കോട്ടുക്കൽ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2234.5049 | 18400 |
| | 9 | നിലമേൽ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 1767.0281 | 15394 |
| | 10 | ഇട്ടിവ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | കൊട്ടാരക്കര | 2018.1210 | 17270 |
| | 11 | അലയമൺ | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | പുനലൂർ | 3541.123 | 12869 |
| | 12 | ചണ്ണപ്പേട്ട | ഗ്രാമപഞ്ചായത്ത് | ചടയമംഗലം | പുനലൂർ | | 22213 |

കൊല്ലം താലൂക്കിൽ നിലവിൽ 3 1 വില്ലേജുകളാണുള്ളതെന്നും താലൂക്കിലെ നിലവിലെ ജനസംഖ്യയും ജനസാന്ദ്രതയും ഭൂവിസ്തൃതിയും പ്രദേശവാസികളുടെ ഭരണപരമായ ആവശ്യങ്ങൾ

നിർവ്വഹിക്കപ്പെടുന്നതിന് വളരെയധികം പ്രയാസങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ വന്നിട്ടുള്ളതിനാലും ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ ഉൾപ്പെടുന്ന പ്രദേശം കൊല്ലം താലൂക്കിന്റെ ഭരണ നിർവ്വഹണത്തിന് ദൂരപരിധി തടസ്സം നിൽക്കുന്ന സാഹചര്യത്തിലും ടി പ്രദേശങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ നിരന്തരമായി ആവശ്യപ്പെടുന്ന സാഹചര്യത്തിലും കൊല്ലം താലൂക്കിന്റെ പരിധിയിലുള്ള ചാത്തന്നൂർ മേഖലയിലെ 9 വില്ലേജുകൾ കൊല്ലം താലൂക്കിൽ നിന്നും വേർപ്പെടുത്തി ചാത്തന്നൂർ ആസ്ഥാനമാക്കി ചാത്തന്നൂർ താലൂക്ക് പുതുതായി രൂപീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുനലൂർ താലൂക്കിൽ നിലവിൽ 15 വില്ലേജുകളാണുള്ളത്. താലൂക്കിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും മലയോര മേഖലയുടെ വ്യാപ്തിയും പരിഗണിച്ചും ചടയമംഗലം /കടയ്ക്കൽ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന സാഹചര്യത്തിൽ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട അലയമൺ, ചണ്ണപ്പേട്ട വില്ലേജുകൾ ഭരണപരമായും ഭൂമിശാസ്ത്രപരമായും പുതിയ താലൂക്കിന്റെ ഭാഗമായി പ്രവർത്തിക്കുന്നതാണ് അനുയോജ്യമെന്ന് കാണുന്ന സാഹചര്യത്തിൽ പ്രസ്തുത വില്ലേജുകൾ പുനലൂർ താലൂക്കിൽ നിന്നും വേർപെടുത്തുന്നത് അനുയോജ്യമാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ജില്ലയിലെ ഏറ്റവും ചെറിയ താലൂക്കും 7 വില്ലേജുകൾ മാത്രം ഉൾക്കൊള്ളുന്നതുമായ കുന്നത്തൂർ താലൂക്കിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥനത്തിൽ പ്രസ്തുത താലൂക്കിനോട് ചേർന്ന് നിൽക്കുന്ന കൊല്ലം താലൂക്കിലെ കിഴക്കേകല്ലട, മൺട്രോത്തുരുത്ത്, കൊട്ടാരക്കര താലൂക്കിലെ പവിത്രേശ്വരം എന്നീ വില്ലേജുകൾ കുന്നത്തൂർ താലൂക്കിൽ ഉൾപ്പെടുത്തി താലൂക്ക് പുനസംഘടിപ്പിക്കുന്നതിന് സാധ്യത പരിശോധിക്കാവുന്നതാണെന്നും ടി വില്ലേജുകൾ എല്ലാംതന്നെ കുന്നത്തൂർ നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ പൊതുതിരഞ്ഞെടുപ്പ്, വരൾച്ച, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നേരിടൽ, ഭരണപരമായ നടപടികൾ എന്നിവയ്ക്ക് താലൂക്ക് അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിനും ടി വില്ലേജുകൾ ഭൂമിശാസ്ത്രപരമായി കുന്നത്തൂർ താലൂക്ക് ഓഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാലും അനുകൂല ഗതാഗത സൗകര്യം ഉള്ളതിനാലും ഇത്തരത്തിൽ കുന്നത്തൂർ താലൂക്ക് അതിർത്തി പുനർ നിർണ്ണയിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കൊട്ടാരക്കര താലൂക്കിന്റെ പരിധിയിൽ ഉൾപ്പെടുന്നതും ചടയമംഗലം നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതുമായ 1 0 വില്ലേജുകളും പുനലൂർ താലൂക്കിൽ പരിധിയിൽ ഉൾപ്പെടുന്ന അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളും ഉൾപ്പെടെ 1 2 വില്ലേജുകളിലെ

പ്രദേശവാസികൾക്ക് അടിസ്ഥാനപരമായ വിവിധങ്ങളായ ആവശ്യങ്ങൾക്ക് പ്രദേശത്തുനിന്നും വളരെ ദൂരത്തിലുള്ള കൊട്ടാരക്കര പുനലൂർ താലൂക്ക് ഓഫീസുകളെ ആശ്രയിക്കുന്നത് അവരുടെ ദൈനംദിന ജീവിതത്തിൽ പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യം നിലവിൽ ഉള്ളതിനാലും ചടയമംഗലം, കടയ്ക്കൽ ഭാഗത്തെ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശം കൊട്ടാരക്കര താലൂക്കിന്റെ ഭരണ നിർവ്വഹണത്തിന് ദൂരപരിധി തടസ്സം നിൽക്കുന്ന സാഹചര്യത്തിലും ടി പ്രദേശങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ നിരന്തരമായി ആവശ്യപ്പെടുന്ന സാഹചര്യത്തിലും കൊട്ടാരക്കര താലൂക്കിന്റെ പരിധിയിലുള്ള ചടയമംഗലം, കടയ്ക്കൽ മേഖലയിലെ 10 വില്ലേജുകൾ കൊട്ടാരക്കര താലൂക്കിൽ നിന്നും വേർപെടുത്തിയും അലയമൺ, ചണ്ണപ്പേട്ട വില്ലേജുകൾ പുനലൂർ താലൂക്കിൽ നിന്നും വേർപെടുത്തിയും ചടയമംഗലം/കടയ്ക്കൽ ആസ്ഥാനമാക്കി ചടയമംഗലം താലൂക്ക് പുതുതായി രൂപീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കൂടാതെ, കൊല്ലം താലൂക്കിലെ കൊല്ലം ഈസ്റ്റ് വില്ലേജും വടക്കേവിള വില്ലേജും ബൈഫർക്കേറ്റ് ചെയ്ത് പുതിയ വില്ലേജ് കൊല്ലം താലൂക്കിൽ കടപ്പാക്കട ആസ്ഥാനമായി രൂപീകരിക്കേണ്ടതും കുന്നത്തൂർ താലൂക്കിലെ മൈനാഗപ്പള്ളി വില്ലേജിനെ വടക്കൻ മൈനാഗപ്പള്ളി, തെക്കൻ മൈനാഗപ്പള്ളി എന്നിങ്ങനെ ബൈഫർക്കേറ്റ് ചെയ്യേണ്ടതും തേവലക്കര, ശക്തികുളങ്ങര വില്ലേജുകളെ വിഭജിക്കേണ്ടതും അനിവാര്യമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) <u>ആലപ്പുഴ.</u>

ആലപ്പുഴ ജില്ലയുടെ വടക്ക ഭാഗത്തായി തെക്ക വടക്കഭാഗം ഉദ്ദേശം 40 കി.മീറ്റർ നീളത്തിലും കിഴക്ക് പടിഞ്ഞാറ് ഉദ്ദേശം 1 5 കി.മീറ്റർ വീതിയിലുമായി കിടക്കുന്ന താലൂക്കാണ് ചേർത്തലയെന്നും ടി താലൂക്കിൽ ചേർത്തല, അരൂർ എന്നീ നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെട്ടു വരുന്നുവെന്നും നിലവിൽ ആലപ്പുഴ ജില്ലയിൽ ഏറ്റവും ജനസാന്ദ്രതയുള്ള താലൂക്കുകളിൽ ഒന്നാണ് ചേർത്തലയെന്നും ഈ താലൂക്ക് ഭരണ സൗകര്യത്തിനും പൊതുജനോപകാര പ്രദമായും രണ്ടായി വിഭജിക്കുന്നത് ഉചിതമായിരിക്കുമെന്നും ജില്ലാ കളക്ടർ സൂചന (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ ചേർത്തല താലൂക്കിന്റെ ആകെ വിസ്തീർണ്ണം 32122.33.66 ഹെക്ടർ ആണ്. 2011 -ലെ സെൻസസ് പ്രകാരം ചേർത്തല താലൂക്കിലെ ജനസംഖ്യ 542657 ആണ്. ചേർത്തല, അരൂർ നിയോജകമണ്ഡലങ്ങളെ ഭൂമിശാസ്ത്രപരമായ അതിരുകൾ കൊണ്ടാണ് വിഭജിച്ചിട്ടുള്ളത് ആയതിനാൽ ഈ താലൂക്കിനെ രണ്ടായി വിഭജിക്കുകയാണെങ്കിൽ ടി അതിരുകൾ തന്നെ

കണക്കാക്കുകയാണെങ്കിൽ അരൂർ മണ്ഡലത്തിലെ 14525.91.83 ഹെക്ടർ വിസ്തീർണ്ണവും തെക്ക് വടക്ക് നീളം ഉദ്ദേശം 2 2 കിലോമീറ്ററും ചേർത്തല മണ്ഡലത്തിന് 17596.41.83 ഹെക്ടർ വിസ്തീർണ്ണവും തെക്ക വടക്ക് നീളം ഉദ്ദേശം 18 കിമീറ്ററും ഉണ്ടാകുന്നതാണ്. ജനസംഖ്യാപരമായി നോക്കുകയാണെങ്കിലും ചേർത്തലയിൽ 28000 ത്തോളം ആളുകളും അരൂരിൽ 262657 ഓളം ആളുകളും ഉള്ളതാണ്. നിലവിൽ ഏകദേശം 15% വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. അതുപോലെ തന്നെ ചേർത്തല മണ്ഡലത്തിലെ 1 1 വില്ലേജുകളും അരൂർ മണ്ഡലത്തിലെ 1 0 വില്ലേജുകളും ഉൾപ്പെട്ടുവരുന്നതുമാണ്. വിഭജിക്കുകയാണെങ്കിൽ നിലവിലത്തെ ചേർത്തല താലൂക്കിന്റെ ആസ്ഥാനം തന്നെ മധ്യഭാഗത്തായി വന്നുചേരുന്നതുമാണ്.

അരൂക്കുറ്റി വില്ലേജ് ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്നു ചരിത്രപരമായി നോക്കുകയാണെങ്കിൽ പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ വടക്കേ അറ്റത്തെ ചൗക്കയും വിശ്രമ കേന്ദ്രവുമാണ്. ടി ചൗക്ക നിലനിന്നിരുന്ന സ്ഥലത്തിന്റെ ഒരു ഭാഗത്താണ് അരൂക്കുറ്റി വില്ലേജ് സ്ഥാപിച്ചിരിക്കുന്നത്. അവശേഷിക്കുന്ന സ്ഥലം എക്സൈസ് വകുപ്പിന്റെ കൈവശത്തിലാണ്. ടി സ്ഥലത്ത് അരൂക്കുറ്റി എന്ന പേരിൽ താലൂക്ക് രൂപീകരിക്കുയാണെങ്കിൽ ഏറ്റവും വടക്കേ അറ്റത്ത് താലൂക്ക് വരുന്നതാണ്. രണ്ടാമത്തെ ശുപാർശയായി കാണുന്നത് കുത്തിയതോട് എന്നതാണ്. ആയത് കുത്തിയതോട് പഞ്ചായത്ത് ഓഫീസിനോട് ചേർന്നു വരുന്ന പ്രദേശം ഉൾപ്പെട്ടു വരുന്നതും അരൂർ മണ്ഡലത്തിന്റെ ഉദ്ദേശം മധ്യഭാഗത്തായി വരുന്ന പ്രദേശവുമാണ്. നിലവിൽ പഞ്ചായത്തിന് സമീപത്തായി കോടംതുരുത്ത്, കുത്തിയതോട് എന്നീ വില്ലേജുകളും സെയിൽ ടാക്സ് ഓഫീസ്, സബ് ട്രഷറി, സർക്കിൾ ഓഫീസ്, കൃഷി ഭവൻ, കെ.എസ്.ആർ.റ്റി.സി.സ്റ്റേഷൻ, സബ് രജിസ്ട്രാർ ഓഫീസ് എന്നീ ഗവൺമെന്റ് സ്ഥാപനങ്ങൾ ഉള്ളതുമാണ്. കൂടാതെ ടി പ്രദേശം ദേശീയപാതയോടു ചേർന്നു കിടക്കുന്നതും കേരളത്തിന്റെ പ്രധാന വാണിജ്യ കേന്ദ്രമായ കൊച്ചിയോട് ഉദ്ദേശം 3 0 കിമീറ്റർ അടുത്തായി സ്ഥിതി ചെയ്തുവരുന്നതുമാണ്.

അരുക്കുറ്റി താലൂക്ക്, കുത്തിയതോട് താലൂക്ക് എന്നിവ രണ്ടുമായി താരതമ്യം ചെയ്യുകയാണെങ്കിൽ ഏറ്റവും അനുയോജ്യം കുത്തിയതോടാണെന്നു കാണുന്നു. കുത്തിയതോട് ഫർക്കയിൽപ്പെട്ട തുറവൂർ തെക്ക്, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരൂർ, അരുക്കുറ്റി, പെരുമ്പളം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം എന്നീ 1 0 വില്ലേജുകൾ ചേർത്ത് കുത്തിയതോട് എന്ന പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഇപ്രകാരം ഒരു പുതിയ താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ ആസ്ഥാനം ഏകദേശം മധ്യഭാഗത്തായി

വന്നുചേരുന്നതാണ്. കൂടാതെ കിഴക്കൻ പ്രദേശത്തുള്ള ജനങ്ങൾക്ക് നിർദ്ദിഷ്ട തുറവൂർ പമ്പാ പാതയിലൂടെ ടി സ്ഥലത്തേയ്ക്ക് എത്തിച്ചേരാവുന്നതാണ്. അരൂക്കുറ്റി നിവാസികൾക്ക് ദേശീയപാതയിലൂടെയും പെട്ടെന്ന് എത്തിച്ചേരാവുന്നതാണ്. അരൂർ മണ്ഡലത്തിന് ഉദ്ദേശം 20 കി.മീറ്റർ കടൽത്തീരം ഉള്ളതാണ്. ശുപാർശ ചെയ്യുന്ന സ്ഥലവും കടൽത്തീരവുമായി ഉദ്ദേശം 3 കി.മീറ്റർ ദൂരം മാത്രം ഉള്ളതിനാൽ കടൽതീരത്തിന് സമീപത്തുള്ള താലൂക്ക് ആസ്ഥാനം എന്ന രീതിയിലും അനുയോജ്യമാണെന്നും നിലവിൽ കുത്തിയതോട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുകയാണെങ്കിൽ എല്ലാ ഗവൺമെന്റ് സ്ഥാപനവും ആയതിനു കീഴിൽ വരുത്തി വിപുലീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ബഹു ജനാഭിപ്രായം പരിഗണിച്ച് ആലപ്പുഴ ജില്ലയുടെ തെക്കൻ ഭാഗങ്ങൾ ഉൾപ്പെടുത്തി നിലവിൽ കാർത്തികപ്പള്ളി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന കായംകുളം, പുതുപ്പള്ളി, കൃഷ്ണപുരം, കീരിക്കാട്, പത്തിയൂർ, കണ്ടല്ലൂർ എന്നീ വില്ലേജുകളും മാവേലിക്കര താലൂക്കിന്റെ ഭാഗത്തായി വരുന്ന പെരുങ്ങാല, കണ്ണമംഗലം, ഭരണിക്കാവ്, കുറ്റാനം എന്നീ വില്ലേജുകളും ഉൾപ്പെടുത്തി കായംകുളം ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പൗരാണിക നഗരമാണെങ്കിലും കായംകുളം വളരെ വേഗം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്നതും ജനസംഖ്യ വളരെ കൂടിയതുമായ പ്രദേശമാണ്. കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ കായംകുളത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്. കായംകുളം കേന്ദ്രമായി ഒരു മിനി സിവിൽ സ്റ്റേഷൻ നിലവിലുണ്ട് ഒട്ടുമിക്ക സർക്കാർ ഓഫീസുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു. കാർത്തികപ്പള്ളി താലൂക്ക് ആസ്ഥാനത്തു നിന്ന് വളരെ അകലെയാണ് കായംകുളം പ്രദേശം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ പൊതുജനങ്ങൾക്ക് കാർത്തികപ്പള്ളി താലൂക്കിന്റെ ആസ്ഥാനമായ ഹരിപ്പാട് വരെ എത്തിച്ചേരുന്നതിന് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. നിലവിലെ സാഹചര്യത്തിൽ കാർത്തികപ്പള്ളി താലൂക്ക് പരിധിയിൽ 1 8 വില്ലേജുകളും 1 6 പഞ്ചായത്തുകളും കായംകുളം, ഹരിപ്പാട്, എന്നീ മുനിസിപ്പാലിറ്റികളും ഉൾപ്പെട്ടുവരുന്നു. ഇതിൽ താലൂക്കിന്റെ തെക്കൻ പ്രദേശമായ കായംകുളം ഫർക്ക ഉൾപ്പെട്ടുവരുന്ന കായംകുളം, കൃഷ്ണപുരം, പുതുപ്പള്ളി, കീരിക്കാട്, പത്തിയൂർ, കണ്ടല്ലൂർ എന്നീ വില്ലേജുകളും മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ടു വരുന്ന ഭരണിക്കാവ്, പെരിങ്ങാല, കറ്റാനം, കണ്ണമംഗലം എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തി ഒരു പുതിയ താലൂക്ക് കായംകുളം കേന്ദ്രമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയുടെ വടക്കുഭാഗം കേന്ദ്രീകരിച്ച് കുത്തിയതോട് ആസ്ഥാനമാക്കി ഒരു താലൂക്കും ആലപ്പുഴ ജില്ലയുടെ തെക്ക് ഭാഗം കേന്ദ്രീകരിച്ച് കായംകുളം കേന്ദ്രമാക്കി മറ്റൊരു താലൂക്ക് രൂപീകരിക്കുന്നതും പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ സഹായകരമാകുമെന്നും നിലവിലത്തെ സാഹചര്യത്തിൽ വളരെ ദൂരം യാത്ര ചെയ്തുവേണം പൊതുജനങ്ങൾ താലൂക്ക് ഓഫീസിലേക്ക് എത്തേണ്ടതെന്നും ഇത്തരത്തിൽ രണ്ടു പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് ആലപ്പുഴ ജില്ലയുടെ അഭിവൃദ്ധിക്കും ക്ഷേമത്തിനും ഉതകുന്നതും ജനോപകാരപ്രദവുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4). <u>പത്തനംതിട്ട ജില്ല</u>

പത്തനംതിട്ട ജില്ലയിൽ പുതിയ താലൂക്ക് രൂപീകരിക്കേണ്ടതില്ല എന്ന് സൂചന(6) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5).<u>കോട്ടയം ജില്ല</u>

കോട്ടയം ജില്ലയിൽ നിലവിൽ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മീനച്ചിൽ, വൈക്കം എന്നിങ്ങനെ 5 താലൂക്കുകളാണുള്ളത്. ഈ അഞ്ച് താലൂക്കുകളിലായി താഴെപ്പറയുന്ന പ്രകാരം വില്ലേജുകൾ ഉൾപ്പെട്ടു വരുന്നു.

| ക്രമ നമ്പർ | താലൂക്ക് | വില്ലേജുകളുടെ എണ്ണം |
|---|---|---|
| 1 | ചങ്ങനാശ്ശേരി | 15 |
| 2 | കാഞ്ഞിരപ്പള്ളി | 13 |
| 3 | കോട്ടയം | 26 |
| 4 | മീനച്ചിൽ | 28 |
| 5 | വൈക്കം | 18 |

ജനസംഖ്യ, വിസ്തീർണ്ണം, കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ, ഗതാഗത സൗകര്യം, ജനക്ഷേമം, പ്രാദേശിക വികസനക്കുതിപ്പ്, കാര്യക്ഷമമായ റവന്യൂ ഭരണം എന്നിവ മുൻ നിർത്തി കോട്ടയം, മീനച്ചിൽ താലൂക്കുകളെ വിഭജിച്ച് പൂഞ്ഞാർ, ഏറ്റുമാനൂർ എന്നീ രണ്ട് താലൂക്കുകൾ രൂപീകരണം എന്ന ആവശ്യം വർഷങ്ങളായി നിലവിലുള്ളതാണെന്ന് ഈ ആവശ്യം സാധൂകരിക്കുന്ന ഘടകങ്ങൾ സഹിതം സൂചന (7) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

I. <u>ഏറ്റുമാനൂർ താലൂക്ക്</u>

നിലവിൽ 26 വില്ലേജുകളിലായി ഉദ്ദേശം 47746 ഹെക്ടർ വിസ്തീർണ്ണത്തിൽ കോട്ടയം താലൂക്ക് സ്ഥിതി ചെയ്യുന്നുവെന്നും തിരുവിതാംകൂർ ഭരണകാലത്ത് നിലവിലുണ്ടായിരുന്ന ഏറ്റുമാനൂർ താലൂക്ക് പുന:സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട നിരവധി ശുപാർശകളും നിവേദനങ്ങളും കാലകാലങ്ങളായി ലഭിച്ചു വന്നിട്ടുണ്ടെന്നും ഏറ്റുമാനൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനങ്ങളുടെ സൗകര്യങ്ങളും പരിഗണിച്ച് കോട്ടയം, മീനച്ചിൽ, വൈക്കം താലൂക്കുകളിൽ നിന്നും താഴെ പറയുന്ന വില്ലേജുകൾ ഉൾപ്പെടുത്തി താലൂക്ക് രൂപീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ടി വില്ലേജുകളുടെ ഏകദേശ വിസ്തൃതിയും ജനസംഖ്യയും ചുവടെ ചേർക്കുന്നു.

| താലൂക്ക് | വില്ലേജ് | ഹെക്ടർ | ആർ | ച.മീ | ജനസംഖ്യ |
|---|---|---|---|---|---|
| കോട്ടയം | ആർപ്പൂക്കര | 2339 | 38 | 44 | 26398 |
| | ഏറ്റുമാനൂർ | 1345 | 49 | 68 | 26993 |
| | അതിരമ്പുഴ | 2034 | 40 | 95 | 40438 |
| | അയർക്കുന്നം | 2571 | 47 | 64 | 34555 |
| | കൈപ്പുഴ | 1434 | 86 | 48 | 6328 |
| | ഓണംതുരുത്ത് | 1216 | 67 | 9 | 13918 |
| | പേരൂർ | 1175 | 10 | 65 | 30612 |
| വൈക്കം | കല്ലറ | 2968 | 45 | 13 | 18012 |
| | കോതനല്ലൂർ | 1408 | 83 | 29 | 15000 |
| | മാഞ്ഞൂർ | 1522 | 54 | 50 | 19967 |
| മീനച്ചിൽ | കാണക്കാരി | 2319 | 32 | 38 | 22793 |

ടി താലൂക്കിന്റെ അതിർത്തികൾ താഴെ പറയും പ്രകാരം നിർണ്ണയിക്കാവുന്നതാണ്.

വടക്ക്- കുറവിലങ്ങാട്

തെക്ക്- തിരുവാർപ്പ്, കുമരകം, കോട്ടയം

കിഴക്ക്- പൂവരണി, പുലിയന്നൂർ, മണർക്കാട്

പടിഞ്ഞാറ്- വെച്ചൂർ, തലയാഴം

ടി താലൂക്കിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുന്ന വില്ലേജുകളെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

i) <u>ആർപ്പൂക്കര</u>

ആർപ്പൂക്കര വില്ലേജിന്റെ ആകെ വിസ്തീർണ്ണം 2339.38.44 ഹെക്ടറാണ്. ആകെ ജനസംഖ്യ 26398 ആണ്.കോട്ടയം മെഡിക്കൽ കോളേജും, ദന്തൽ കോളേജും സ്ഥിതി ചെയ്യുന്നത്

ആർപ്പൂക്കര വില്ലേജിലാണ്. സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (SME), VHSS, അമ്പലക്കവല, മെഡിക്കൽ കോളേജ് ഹയർ സെക്കൻഡറി സ്കൂൾ, സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ വില്ലൂന്നി, ഗവൺമെന്റ് ഹൈസ്കൂൾ കരിപ്പൂത്തട്ട് എന്നിവ വിദ്യഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.ശ്രീ. സുബ്രമണ്യ സ്വാമി ക്ഷേത്രം, അമ്പലക്കവല, കോലേട്ട് ശ്രീ.ഷൺമുഖ വിലാസം ക്ഷേത്രം, ചൂരക്കാവ് ദേവീക്ഷേത്രം, കുന്നതൃക്ക മഹാദേവി ക്ഷേത്രം, സെന്റ് മൈക്കിൾസ് ചാപ്പൽ, പനമ്പാലം, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് (മണലേൽ പള്ളി), ലിറ്റിൽ ഫ്ലവർ ചർച്ച്, സെന്റ് സേവ്യേഴ്സ് ചർച്ച്, വില്ലൂന്നി, ശ്രീനാരായണ ഗുരുദേവക്ഷേത്രം, സെന്റ് സ്റ്റീഫൻസ് ചർച്ച്, അങ്ങാടി, സെന്റ് പീറ്റേഴ്സ് ചർച്ച് എന്നിവ ഇവിടത്തെ പ്രധാന ദേവാലയങ്ങളാണ്. വിശുദ്ധ അൽഫോൺസാമ്മയുടെ ജന്മഗൃഹം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

ii)<u>.ഏറ്റുമാനൂർ</u>

പൗരാണിക പ്രസിദ്ധമായ പ്രദേശമാണ് ഏറ്റുമാനൂർ, ഏറ്റുമാനൂർ മഹാദേവക്ഷത്രം ലോക പ്രസിദ്ധമാണ്. ദ്രാവിഡ സംസ്കാരത്തിന്റെ പുറത്തെഴുത്തായ ചുവർ ചിത്രങ്ങൾ ക്ഷേത്രത്തിന്റെ പ്രധാന കവാടത്തിൽ കാണാവുന്നതാണ്.ഏറ്റുമാനൂരിനെ ഗ്രാമപഞ്ചായത്തിൽ നിന്നും മുൻസിപ്പാലിറ്റിയായി ഉയർത്തി. ജില്ലാ കുടുംബ കോടതിയും, മജിസ്ട്രേറ്റ്, മുൻസിഫ് കോടതികളും പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രധാനപ്പെട്ട സർക്കാർ ആഫീസുകളായ സബ് ട്രഷറി ആഫീസ്, സബ് രജിസ്ട്രാർ ആഫീസ്, ബ്ലോക്ക് ആഫീസ്, പോലീസ് സ്റ്റേഷൻ, കൃഷി ആഫീസ്, സെയിൽസ് ടാക്സ് ആഫീസ്, KSEB ആഫീസ്, PWD ആഫീസ് മുതലായവയും ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്നു. മംഗളം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മംഗളം ആർട്സ്& സയൻസ് കോളേജ്, മംഗളം ഇംഗ്ലീഷ് മീഡിയം സ്കൂൾ, എബനേസർ ഇന്റർ നാഷണൽ റസിഡൻഷ്യൽ സ്കൂൾ, വിദ്യാധിരാജ ഹയർ സെക്കൻഡറി സ്കൂൾ, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, യു.പി സ്കൂൾ, എൽ.പി സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. പ്രധാനപ്പെട്ട എല്ലാ ബാങ്കുകളും, കെ.എസ്.ആർ.ടിസി, പ്രൈവറ്റ് ബസ്സ് സ്റ്റേഷനുകളുമുണ്ട്. ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ് സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തനം തുടങ്ങിയിട്ടുള്ളതുമാണ്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ സൗകര്യങ്ങളുമുള്ള ആധുനിക രീതിയുള്ള സ്പെഷ്യൽ സ്കൂളും ഉള്ളതാണ്. കേരളത്തിലെ ഏതു സ്ഥലത്തും നിന്നും റോഡു മാർഗ്ഗം എത്തിചേരാവുന്ന സ്ഥലമാണെന്ന പ്രത്യേകതയും ഏറ്റുമാനൂരിന് സ്വന്തമാണ്. നിലവിൽ ശുപാർശ ചെയ്യുന്ന ഏറ്റുമാനൂർ താലൂക്കിന്റെ മധ്യഭാഗത്തായാണ് ഏറ്റുമാനൂർ.

തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ കേരളത്തിലെ ഏക വ്യവസായ പരിശീലന കേന്ദ്രവും ഉല്പാദന കേന്ദ്രവും ഇവിടെയാണ് തുടങ്ങിയത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 26993 ആണ് ഇവിടുത്തെ ജനസംഖ്യ. ഏറ്റുമാനൂർ നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരമായി 2022ൽ പുതിയ മണർക്കാട് പട്ടിത്താനം ബൈപ്പാസ് റോഡ് നിലവിൽ വന്നു.

iii) <u>അതിരമ്പുഴ</u>

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ ഉൾപ്പെടുന്ന ഒരു വില്ലേജാണ് അതിരമ്പുഴ. 2034.40.95 ഹെക്ടർ ആണ് ഈ വില്ലേജിന്റെ വിസ്തീർണ്ണം. ഉദ്ദേശം 40438 ഓളം ജനങ്ങൾ ഈ വില്ലേജിൽ താമസിച്ചു വരുന്നു. അതിരമ്പുഴ പഞ്ചായത്ത് പൂർണ്ണമായും കോട്ടയം ഏറ്റുമാനൂർ മുൻസിപ്പാലിറ്റികളുടെയും, നീണ്ടൂർ പഞ്ചായത്തിന്റെയും ഏതാനും ഭാഗവും ഈ വില്ലേജിൽ ഉൾപ്പെട്ടു വരുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കുട്ടികളുടെ ആശുപത്രി (ICH), ഗവൺമെന്റ് ഐ.റ്റി.ഐ, ഏറ്റുമാനൂർ റെയിൽവെ സ്റ്റേഷൻ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഗവൺമെന്റ് ആയുർവേദ ഹോമിയോ ആശുപത്രികൾ, പി.എച്ച്.സി പ്രൊഡക്ഷൻ സെന്റർ (കേന്ദ്ര സർക്കാർ സ്ഥാപനം), കെ.എസ്.ഇ,ബി, ബി.എസ്.എൻ.എൽ ഓഫീസുകൾ മറ്റ് സർക്കാർ സ്ഥാപനങ്ങളും, വിവിധ കോളേജുകളും സ്കൂളുകളും ഈ വില്ലേജിന്റേ പരിധിയിൽ സ്ഥിതി ചെയ്യുന്നു. കൂടാതെ അതിരമ്പുഴ പള്ളി ,വേദഗിരി മല, വേദഗിര ധർമ്മ ശാസ്താ ക്ഷേത്രം, മന്നാനം ആശ്രമം തുടങ്ങിയവ ഈ വില്ലേജ് പരിധിയിൽ സ്ഥിതി ചെയ്യുന്നു.

IV).<u>അയർക്കുന്നം</u>

അയർക്കുന്നം വില്ലേജിന്റെ ആകെ വിസ്തീർണ്ണം 2571.47.64 ഹെക്ടറാണ്. ജനസംഖ്യ ഉദ്ദേശം 34555 ആണ്. കൃഷിയെ പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാണ് ഗ്രാമവാസികൾ. കൃഷികളിൽ റബ്ബർ കൃഷിയാണ് പ്രധാനമായും ചെയ്തു വരുന്നത്. വിദ്യാഭ്യാസ രംഗത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ അയർക്കുന്നം, സെന്റ് തോമസ് എൽ.പി.എസ് അമയന്നൂർ, സെന്റ് തോസ് ഹൈസ്കൂൾ പുന്നത്തുറ, സെന്റ് ജോസഫ് ഹൈസ്കൂൾ കൊങ്ങാണ്ടൂർ, ഗവൺമെന്റ് ഹൈസ്കൂൾ അയർക്കുന്നം, ഗവൺമെന്റ് എൽ.പി.എസ് ആറുമാനൂർ എന്നിവ ഉന്നത നിലവാരം പുലർത്തി വരുന്നു.

ഗ്രാമപഞ്ചായത്ത് അയർക്കുന്നം, കൃഷിഭവൻ അയർക്കുന്നം, ഗവൺമെന്റ് ആശുപത്രി, ഗവൺമെന്റ് ഹോമിയോ ആശുപത്രി, ആയുർവ്വേദ ഡിസ്പെൻസറി മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയും അയർക്കുന്നം വില്ലേജിൽ പ്രവർത്തിച്ചു വരുന്നു.ശ്രീകൃഷ്ണ

സ്വാമിക്ഷേത്രം അയർക്കുന്നം, അമയന്നൂർ മഹാദേവ ക്ഷേത്രം. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ആറുമാനൂർ മംഗള വാർത്താ ചർച്ച്, പുന്നത്തുറ സെന്റ് തോമസ് ചർച്ച്, വടക്കൻ മണ്ണൂർ പള്ളി, മെത്രാഞ്ചേരി ഓർത്തഡോക്സ് പള്ളി എന്നിവ ആത്മീയ രംഗത്ത് നിലകൊള്ളുന്നു.

v).<u>കൈപ്പുഴ</u>

തെക്കുംകൂർ, വടക്കുംകൂർ, രാജവംശങ്ങളുടെ അതിർത്തി ഗ്രാമമായിരുന്നു. കൈപ്പുഴ, തിരുവിതാകൂർ തെക്കുംകൂറിനേയും വടക്കുംകൂറിനേയും ആക്രമിച്ച് പരാജയപ്പെടുത്തിയപ്പോൾ തിരുവിതാംകൂറിന്റെ കീഴിലായി കൈപ്പുഴ. മീനച്ചിലാറിന്റെ കൈവഴികളിലായി ധാരാളം കനാലുകൾ ഉള്ളതും, ടി കനാലുകൾ ഗ്രാമത്തിന്റെ കച്ചവട സംസ്കാരത്തെ മറ്റ് ഗ്രാമങ്ങളിൽ എത്തിക്കുന്നതിനും, അതുവഴി ഗ്രാമത്തിന്റെ സാമ്പത്തിക അടിത്തറ സംരക്ഷിച്ചു പോന്നിട്ടുള്ളതുമാണ്.

അംഗസംഖ്യയിൽ ഹിന്ദു, ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കാണ് പ്രാധാന്യം, പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട കൈപ്പുഴ ശ്രീധർമ്മ ശാസ്താ ക്ഷേത്രം പ്രസിദ്ധമാണ്.അതുപോലെ തന്നെ 1813 ൽ സ്ഥാപിക്കപ്പെട്ട സെന്റ് ജോർജ്ജ് ഫെറോന പള്ളിയും കൈപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഐശ്വര്യമായി നിലകൊള്ളുന്നു. വിദ്യാഭ്യാസ ഉന്നമനത്തിനായി 5 സ്കൂളുകളും ജനങ്ങളുടെ സാമ്പത്തികോന്നമനത്തിനായി 3 ദേശസാൽകൃത ബാങ്കുകളും, ഒരു സഹകരണ ബാങ്കും കൈപ്പുഴ വില്ലേജ് പരിധിയിൽ പ്രവർത്തിച്ചു വരുന്നു. കൃഷിയെ പ്രധാനമായും ആശ്രയിച്ചു ജീവിച്ചു വരുന്നു.

vi).<u>ഓണം തുരുത്ത്.</u>

ഓണം തുരുത്ത് വില്ലേജിന്റെ ആകെ വിസ്തീർണ്ണം 1216.67.09 ഹെക്ടറാണ്. ജനസംഖ്യ 13918 ആണ്.കൃഷി, നിർമ്മാണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഇവിടുത്തെ ഭൂരിപക്ഷം ജനവിഭാഗവും. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് എൽ.പി.സ്കൂൾ മൂഴിക്കുളങ്ങര, ഗവ.എൽ.പി സ്കൂൾ ഓണം തുരുത്ത് ,എസ്. കെ.വി എച്ച്.എസ്.എസ്.നീണ്ടൂർ എന്നിവ ഉന്നത നിലവാരം പുലർത്തി വരുന്നു.കുറ്റ്യാനി കുളങ്ങര ദേവീക്ഷേത്രം, നീണ്ടൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, മുഴിക്കുളങ്ങര ദേവിക്ഷേത്രം, അന്തിമഹാകാളൻ ക്ഷേത്രം, സെന്റ് മേരീസ് ചർച്ച് എന്നിവയും ആത്മീയ രംഗത്ത് നിലകൊള്ളുന്നവയാണ്.ഏറ്റുമാനൂർ ചേർത്തല റോഡിന്റ സാന്നിദ്ധ്യം പ്രമുഖ തീർത്ഥാടന കേന്ദ്രമായ മാന്നാനത്തേയ്ക്കുള്ള സഞ്ചാരം എളുപ്പമാക്കുന്നു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കും എളുപ്പം എത്തിച്ചേരുന്നതിന് ടി

പാത ഉപകരിക്കും.

vii).പേരൂർ

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾ സൗഹാർദ്ദപരവും സമാധാനപരവുമായി ജീവിച്ചു വരുന്ന ഗ്രാമമാണ് പേരൂർ. മുസ്ലീം കോളനിയും ദളിത് കോളനികളുമുണ്ട്. എല്ലാ ജനവിഭാഗങ്ങളും സാംസ്കാരികമായും വിദ്യഭ്യാസപരമായും ഉയർന്ന നിലവാരം പുലർത്തുന്നവരായി കാണപ്പെടുന്നു. ഗ്രാമത്തിന്റെ കിഴക്കു വശത്തുകൂടി മീനച്ചിലാർ ഒഴുകുന്നു. ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ പ്രശസ്തമായ ആറാട്ട് നടക്കുന്നത് പേരൂർ ഗ്രാമത്തിലാണ്. തിരുവഞ്ചൂർ പേരിങ്ങല്ലൂർ ദേവീക്ഷേത്രത്തിലെ ആറാട്ടും, ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ ആറാട്ടും ഓരേ സമയം പേരൂർ വില്ലേജിലെ പൂവത്തുംമൂട് കടവിലെ ഇരുഭാഗത്തുമായി നടക്കുന്നു എന്നുള്ള പ്രത്യേകതയുമുണ്ട്.ആഗോള മരിയൻ തീർത്ഥാടന കേന്ദ്രമായ യാക്കോബായ മർത്തശ്മൂനി ദേവാലയം സ്ഥിതി ചെയ്യുന്നത് പേരൂരാണ്.

ആരോഗ്യരംഗത്ത് സംഭാവന നൽകി ഗ്രാമത്തിന്റെ തിലകക്കുറിയായി കാരിത്താസ് ഹോസ്പിറ്റലും, അതി സങ്കീർണ്ണമായ ന്യൂറോ സർജ്ജറിയ്ക്ക് പേരുകേട്ട മാതാ ആശുപത്രിയും നില കൊള്ളുന്നു. സർക്കാർ മേഖലയിൽ പി.എച്ച്.സി, ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറിയും വിദ്യാഭ്യാസ രംഗത്ത് 5 സർക്കാർ എയ്ഡഡ് സ്കൂളുകളും, ഒരു പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളും പ്രവർത്തിച്ചു വരുന്നു. എസ്.ബി.റ്റി, എസ്.ബി.ഐ, കാനറാ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ആന്ധ്രാ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, എച്ച്.ഡി.എഫ്.സി സഹകരണ ബാങ്കുകൾ എന്നിവ ഗ്രാമത്തിന്റെ സാമ്പത്തിക ശ്രോതസ്സുകളായി നിൽക്കുന്നു. ഗ്രാമത്തിലെ സാധാരണ ജനങ്ങൾ നിർമ്മാണ മേഖലകളിൽ പണിയെടുത്തു വരുന്നു. 2011 ലെ കനേഷുമാരിയനുസരിച്ച് 30612 ആണ് ജനസംഖ്യ.

VIII) .കോതനെല്ലൂർ

കോതനെല്ലൂർ വില്ലേജിന്റെ ആകെ വിസ്തീർണ്ണം 1408.83.29 ഹെക്ടറാണ്. ആകെ ജനസംഖ്യ ഉദ്ദേശം 15000 ആണ്. ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശമായ കോതനെല്ലൂർ വില്ലേജിൽ കൃഷിയെ ആശ്രയിച്ചാണ് ഭൂരിഭാഗം ജനവിഭാഗങ്ങളും കഴിഞ്ഞു വരുന്നത്. എൻ.ആർ.ഐ ജനവിഭാഗത്തിന് പ്രാമുഖ്യം ഉള്ള വില്ലേജാണ് കോതനെല്ലൂർ.എസ്.ബി.റ്റി, എസ്.ബി.ഐ, പഞ്ചാബ് നാഷണൽ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, സഹകരണ ബാങ്കുകൾ എന്നിവ സാമ്പത്തിക സ്രോതസ്സായി നിലകൊള്ളുന്നു.കോതനെല്ലൂർ ഭഗവതി ക്ഷേത്രം, മാഞ്ഞൂർ ശ്രീകണ്ഠേശ്വര ക്ഷേത്രം, മാഞ്ഞൂർ

പുതുകുളങ്ങര ക്ഷേത്രം, കോതനെല്ലൂർ ഗർവ്വാസീസ് ചർച്ച്, ചാമക്കാല സെന്റ് ജോൺസ് ചർച്ച്, ഓമല്ലൂർ സ്ലീബാപുരം ചർച്ച് എന്നിവ ആത്മീയ രംഗത്ത് നില കൊള്ളുന്നു.കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങളും മറ്റ് സർക്കാർ സ്ഥാപനങ്ങളും വിവിധ സ്കൂളുകളും ടി വില്ലേജിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്നു.

IX). <u>മാഞ്ഞൂർ</u>

മാഞ്ഞൂർ വില്ലേജിന്റെ ആകെ വിസ്തീർണ്ണം 1522.54.50 ഹെക്ടറാണ്. ആകെ ജനസംഖ്യ ഉദ്ദേശം 19967 ആണ്. ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശമായ മാഞ്ഞൂർ വില്ലേജിൽ കൃഷിയെ ആശ്രയിച്ചാണ് ഭൂരിഭാഗം ജനവിഭാഗങ്ങളും കഴിഞ്ഞു വരുന്നത്. എസ്.ആർ.ഐ ജനവിഭാഗത്തിന് പ്രാമുഖ്യം ഉള്ള വില്ലേജാണ് മാഞ്ഞൂർ.ജനങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ദേശസാൽകൃത ബാങ്കുകളും, സഹകരണ ബാങ്കുകളും മാഞ്ഞൂർ വില്ലേജിൽ പ്രവർത്തിച്ചു വരുന്നു. തീപ്പെട്ടി കമ്പനികൾ, തടി വ്യവസായ യൂണിറ്റുകൾ, മാഞ്ഞൂർ മിൽക്ക് തുടങ്ങിയവ വ്യാവസായിക രംഗത്ത് പ്രവർത്തിച്ചു വരുന്നു.മള്ളിയൂർ ഗണപതി ക്ഷേത്രം, മണ്ണാറപ്പാറ ചർച്ച്, കുറുപ്പന്തറ ചർച്ച് എന്നിവ ആത്മീയ രംഗത്ത് നില കൊള്ളുന്നുസെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. കുറുപ്പന്തറ, ഗവൺമെന്റ് ഹൈസ്കൂൾ മാഞ്ഞൂർ, ഗവൺമെന്റ് യു.പി.എസ് മേമുറി, എൻ.എൻ.എൽ.പി.എസ് എന്നിവ വിദ്യാഭ്യാസ രംഗത്ത് നില കൊള്ളുന്നു. കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങളും മറ്റ് സർക്കാർ സ്ഥാപനങ്ങളും ടി വില്ലേജിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്നു.

X). <u>കല്ലറ</u>

ഭക്തിയുടെയും സംസ്കാരത്തിന്റെയും സമ്മിശ്ര സംഗമ ഭൂമിയാണ് കല്ലറ ഗ്രാമം പഞ്ചപാണ്ഡവരാൽ പ്രതിഷ്ഠിക്കപ്പെട്ട പാണ്ഡവർക്കുളങ്ങര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ഏറെ പ്രസിദ്ധമാണ്. പെരിയാർക്കുളങ്ങര ദേവീ ക്ഷേത്രം, ചോഴ്ക്കര മഹാദേവ ക്ഷേത്രം, ശ്രീ ശാരദാ ക്ഷേത്രം, സെന്റ് തോമസ് പള്ളി കല്ലറ, സി.എസ്.ഐ ചർച്ച് കല്ലറ, സെന്റ് മാത്യൂസ് പള്ളി,മണിയൻ തുരുത്ത് എന്നിവ ഭക്തിയുടെ നേർക്കാഴ്ചയായും, എസ്.എം.വി, എൻ.എസ്.എസ്. എച്ച്,എസ്.എസ് കല്ലറ, ഗവൺമെന്റ് എൽ.പി.എസ് കല്ലറ എന്നിങ്ങനെ 9 സ്കൂളുകളും 17 അംഗൻവാടികളും വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഉന്നത നിലവാരത്തിൽ പ്രവർത്തിച്ചു വരുന്നവയുമാണ്. വനിതാ സാമൂഹ്യക്ഷേമ വകുപ്പ് കേന്ദ്രം, കല്ലറ പഞ്ചായത്ത്, കൃഷി ഭവൻ, ഹോമിയോ, ആയുർവ്വേദ, അലോപ്പതി ചികിത്സാ കേന്ദ്രങ്ങളും മൃഗാശുപത്രിയും പ്രവർത്തിച്ചു വരുന്നു. 4 ദേശ സാൽകൃത ബാങ്കുകളും 4 സഹകരണ ബാങ്കുകളും ഗ്രാമത്തിന്റെ

നട്ടെല്ലായി നിലകൊള്ളുന്നു.

XI) .<u>കാണക്കാരി</u>

സംസ്ഥാന പാത 15 കടന്നു പോകുന്ന വില്ലേജാണ് കാണക്കാരി. തദ്ദേശ വാസികളിൽ അധികവും പിന്നോക്ക ജനവിഭാഗങ്ങളാണ്. ധാരാളം കോളനികളുമുണ്ട്. വില്ലേജിന്റെ ആകെ വിസ്തീർണ്ണം 2319.32.38 ഹെക്ടറാണ്. ജനസംഖ്യ 22793 ആണ്. കൃഷിയേയും കെട്ടിട നിർമ്മാണ തൊഴിലിനേയും ആശ്രയിച്ചാണ് സാധാരണ ജനങ്ങൾ ജീവിച്ചു വരുന്നത്.പ്രസിദ്ധമായ കാണക്കാരി ശ്രീകൃഷ്ണ ക്ഷേത്രം, രത്നഗിരി പള്ളി എന്നിവ ഈ വില്ലേജിലാണ്. സാധാരണ ജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി സ്ഥാപിച്ച ദേവഗിരിയിലെ കോട്ടയം ടെക്സ്റ്റയിൽസ് സ്പിന്നിംഗ് മിൽ ഇവിടെ പ്രവർത്തിച്ചു വരുന്നു.രണ്ട് പ്ലസ് ടു സ്കൂളുകളും, ഒരു വി.എച്ച്.എസ്.സി. യും, 3 എൽ.പി. യു.പി. സ്കൂളും പ്രവർത്തിച്ചു വരുന്നു.

നിർദ്ദിഷ്ട താലൂക്കിന്റെ ആസ്ഥാനം ഏറ്റുമാനൂർ ആകുന്നതാണ് അനുയോജ്യമെന്നും ടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിൽ നിന്നും ഇതര സ്ഥലങ്ങളെ അപേക്ഷിച്ച് ആസ്ഥാനത്തേയ്ക്ക് എത്തിച്ചേരുന്നതിന് മികച്ച യാത്രാ സൗകര്യങ്ങളുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഏറ്റുമാനൂർ താലൂക്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള മറ്റ് വില്ലേജുകളിൽ നിന്ന് താലൂക്ക് ആസ്ഥാനമാക്കാവുന്ന ഏറ്റുമാനൂർ വില്ലേജിലേയ്ക്കുള്ള ദൂരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | ദൂര് |
|---|---|---|
| 1 | ആർപ്പൂക്കര | 15 കി.മീ. |
| 2 | അതിരമ്പുഴ | 03 കി.മീ. |
| 3 | അയർക്കുന്നം | 09 കി.മീ. |
| 4 | കൈപ്പുഴ | 7.5 കി.മീ. |
| 5 | ഓണംതുരുത്ത് | 05 കി.മീ. |
| 6 | പേരൂർ | 05 കി.മീ. |

കോട്ടയം ജില്ലയിൽ രൂപീകരിക്കേണ്ട രണ്ടാമത്തെ താലൂക്കായ പൂഞ്ഞാർ താലൂക്കിനെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**II) <u>പൂഞ്ഞാർ താലൂക്ക്</u>**

<u>ടി വില്ലേജുകളുടെ വിസ്തൃതിയും ഏകദേശ ജനസംഖ്യയും ചുവടെ ചേർക്കുന്നു</u>.

| താലൂക്ക് | വില്ലേജ് | ഹെക്ടർ | ആർ | ച.മീ. | ജനസംഖ്യ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| മീനച്ചിൽ | മൂന്നിലവ് | 3503 | 0.02 | 0 | 9213 |
| | മേലുകാവ് | 2284 | 0.32 | 0 | 10324 |
| | തീക്കോയി | 3384 | .32 | 0 | 9418 |
| | തലനാട് | 3652 | 0.31 | 0 | 8129 |
| | പൂഞ്ഞാർ | 1653 | 0.61 | 0 | 19652 |
| | പൂഞ്ഞാർ തെക്കേക്കര | 3954 | 0.58 | 0 | |
| | പൂഞ്ഞാർ നടുഭാഗം | 1760 | 0.16 | 0 | 10268 |
| | ഈരാറ്റുപേട്ട | 1200 | 0.54 | 0 | 36508 |
| | തലപ്പലം | 1914 | 0.16 | 0 | 9435 |
| | കൊണ്ടൂർ | 4111 | 0.59 | 0 | 20575 |

വിഭജിക്കുവാൻ ഉദ്ദേശിക്കുന്ന മീനച്ചിൽ താലൂക്കിന്റെ ആകെ വിസ്തൃതി 68842.219 ഹെക്ടർ ആണ്. നിലവിൽ ഈ താലൂക്കിനെ 28 വില്ലേജുകളായി വിഭജിച്ചിട്ടുള്ളതാണ്. താലൂക്കിനെ ഫർക്ക അടിസ്ഥാനത്തിൽ തിരിച്ചിരുന്ന സമയത്ത് 3 ഫർക്കകളായി തിരിച്ചിരുന്നു. അതായത് പൂഞ്ഞാർ, മീനച്ചിൽ, ഉഴവൂർ എന്നിവ. ഇതിൽ പൂഞ്ഞാർ ഫർക്കയിൽ ഉണ്ടായിരുന്ന വില്ലേജുകൾ തലനാട് (പഴയ പൂഞ്ഞാർ വടക്കേക്കര) , തീക്കോയി, മേലുകാവ്, മൂന്നിലവ്, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ, പൂഞ്ഞാർ നടുഭാഗം, ഈരാറ്റുപേട്ട, കൊണ്ടൂർ തലപ്പലം എന്നീ വില്ലേജുകളാണ്. മീനച്ചിൽ ഫർക്കയിൽ വന്നിരുന്നത് ഭരണങ്ങാനം, കടനാട് ളാലം, മീനച്ചിൽ, പൂവരണി, പുലിയന്നൂർ, വള്ളിച്ചിറ എന്നീ വില്ലേജുകളാണ്. ഉഴവൂർ ഫർക്കയിൽ ബാക്കി വില്ലേജുകളും ഉൾപ്പെട്ടിരുന്നു. ഇതിൽ പൂഞ്ഞാർ ഫർക്കയിൽ വന്നിരുന്ന ഓരോ വില്ലേജുകളും

കുന്നും, മലയും നിറഞ്ഞ മലമ്പ്രദേശങ്ങളും പ്രകൃതിക്ഷോഭം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളുമാണ്.

മീനച്ചിൽ താലൂക്കിനെ വിഭജിച്ച് പൂഞ്ഞാർ എന്ന പേരിൽ താലൂക്ക് രൂപീകരിക്കുന്നത് ഭരണപരമായ സൗകര്യത്തിലുപരി മേൽ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം സൗകര്യപ്രദവുമാണെന്ന് ടി താലൂക്കിൽ ഉൾപ്പെടുത്തുവാനുള്ള വില്ലേജുകളുടെ വിശദാംശങ്ങൾ സഹിതം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

i) <u>മൂന്നിലവ് വില്ലേജ് : ആകെ വിസ്തീർണ്ണം 3503.0153 ഹെക്ടർ</u>

ഈ വില്ലേജിന്റെ ഒരു ഭാഗം കൂടി ചേർന്നാണ് പുതിയ ടൂറിസ്റ്റ് കേന്ദ്രമാകുന്ന ഇല്ലിക്കൽകല്ല് സ്ഥിതി ചെയ്യുന്നത്. ഈ ഭാഗത്തു നിന്നും മീനച്ചിൽ താലൂക്ക് ആസ്ഥാനത്തേയ്ക്ക്3 5 കി.മീ. ദൂരമുണ്ട്. ഏകദേശം 9213 ജനസംഖ്യയുള്ള (എൻ.പി.ആർ കണക്കനുസരിച്ച്) ഈ വില്ലേജ് പരിധി മുഴുവൻ മല നിരകളാണ്.

Ii) <u>മേലുകാവ് : ആകെ വിസ്തീർണ്ണം 2284.3162 ഹെക്ടർ</u>

ഈ വില്ലേജിന്റെ പരിധിയിൽ ഇലവീഴാപ്പൂഞ്ചിറ, ഇല്ലിക്കൽകല്ല് തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആവിർഭവിക്കുന്നുണ്ട്. ആദിവാസി സമുദായം കൂടുതൽ പാർക്കുന്ന ഒരു വില്ലേജാണ് എൻ.പി.ആർ. പ്രകാരം 10324 ജനസംഖ്യയാണുള്ളത്.

Iii) <u>തലനാട്: ആകെ വിസ്തീർണ്ണം 3652.3135 ഹെക്ടർ</u>

പൂഞ്ഞാർ വടക്കേക്കര വില്ലേജ് തലനാട് എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നു. ആകെ വിസ്തൃതി 3652.3135 ഹെക്ടറാണ്. നിറയെ മലനിരകൾ ഉള്ളതും പ്രകൃതിരമണീയവുമായ ഒരു വില്ലേജാണ്. ആകെ ജനസംഖ്യ 8129 ആണ്.

iv) <u>തീക്കോയി : ആകെ വിസ്തൃതി 3384.3248 ഹെക്ടർ</u>

ഈ വില്ലേജിൽ നിന്നും ഏകദേശം 1 7 കി.മീ. ദൂരം താലൂക്ക് ആസ്ഥാനത്തേയ്ക്ക് ഉണ്ട് ജനസംഖ്യ 9418 ആണ്. ടി വില്ലേജിന്റെ അതിർത്തിയിൽ പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ വാഗമൺ സ്ഥിതി ചെയ്യുന്നു.

v) <u>പൂഞ്ഞാർ : 1653.6055 ഹെക്ടർ</u>

പൂഞ്ഞാർ വില്ലേജ് വിഭജനം മൂലമുണ്ടായ വില്ലേജാണിത്. ആകെ വിസ്തീർണ്ണം 1653.6055 ഹെക്ടറാണ്.

Vi) <u>പൂഞ്ഞാർ തെക്കേക്കര : ആകെ വിസ്തീർണ്ണം 3954.577 ഹെക്ടർ</u>

പഴയ പൂഞ്ഞാർ തെക്കേക്കര വില്ലേജ് വിഭജന ശേഷമുണ്ടായ വില്ലേജാണിത് വിസ്തീർണ്ണം 3954.577 ഹെക്ടർ. 90 ശതമാനം കർഷകരും കർഷകതൊഴിലാളികളും അധിവസിക്കുന്ന വില്ലേജാണ്.

Vii) <u>ഈരാറ്റുപേട്ട</u>

മീനച്ചിൽ താലൂക്കിൽ ഏറ്റവും ജനസാന്ദ്രത കൂടിയ വില്ലേജാണ് പ്രസിദ്ധമായ അരുവിത്തുറ പള്ളി ഈ വില്ലേജിൽ ഉൾപ്പെടുന്നു. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി പുതിയതായി രൂപം കൊണ്ട് ഈ വില്ലേജിൽ ഉൾപ്പെട്ടു വരുന്നു.

Viii) <u>പൂഞ്ഞാർ നടുഭാഗം</u>

ആകെ വിസ്തീർണ്ണം 1760.16 ഹെക്ടർ. 2011 ലെ എൻ.പി.ആർ പ്രകാരം 10268 ജനസംഖ്യയാണുള്ളത്. വളരെയധികം പ്രകൃതിക്ഷോഭം അനുഭവപ്പെടുന്ന വില്ലേജാണിത്. പൂഞ്ഞാർ കൊട്ടാരം ടി വില്ലേജിൽ സ്ഥിതി ചെയ്യുന്നു.

iX) <u>തലപ്പലം</u>

ആകെ വിസ്തീർണ്ണം 1914.16 ഹെക്ടർ. ഈരാറ്റുപേട്ടയോടു ചേർന്നു കിടക്കുന്നതും നിരപ്പായതും കുന്നുകൾ നിറഞ്ഞതുമായ ഭൂപ്രകൃതി ഉള്ള പ്രദേശമാണ്. 2011 ലെ എൻ.പി.ആർ പ്രകാരം 9435 ജനസംഖ്യയാണുള്ളത്.

X) <u>കൊണ്ടൂർ</u>

ആകെ വിസ്തൃതി 4111.5850 ഹെക്ടർ ആണ്. ആകെ ജനസംഖ്യ 20575. ഈരാറ്റുപേട്ട കഴിഞ്ഞാൽ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശവും കാർത്തികപ്പള്ളി താലൂക്കിനോട് ചേർന്നു കിടക്കുന്ന വില്ലേജുമാണ്.

മേൽപ്പറഞ്ഞ വില്ലേജുകളുടെ ആകെ വിസ്തീർണ്ണം 27418.5917 ഹെക്ടർ ആണെന്നും നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിൽ ഉൾപ്പെട്ടു വരുന്ന മൂന്നിലവ്, മേലുകാവ് എന്നീ വില്ലേജുകൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂരിപക്ഷമുള്ള വില്ലേജുകൾ ആണെന്നും കോട്ടയം ജില്ലയിൽ വളരെയധികം പ്രകൃതിക്ഷോഭം നിലവിൽ അനുഭവപ്പെടുന്ന വില്ലേജുകളാണ് പൂഞ്ഞാർ നടുഭാഗം, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, മൂന്നിലവ് വില്ലേജുകളെന്നും ടി വില്ലേജുകളിലെ പ്രകൃതി ക്ഷോഭങ്ങൾക്ക് ദ്രുതഗതിയിൽ സഹായം എത്തിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുതിയ താലൂക്കിന്റെ രൂപീകരണം സഹായിക്കുമെന്നും മലയോര

വില്ലേജുകളായ പൂഞ്ഞാർ നടുഭാഗം, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, മൂന്നിലവ്, മേലുകാവ്, തലനാട് വില്ലേജുകളിലെ വികസന സ്വപ്നങ്ങൾക്ക് പുതുജീവൻ പകരുവാൻ പുതിയ താലൂക്കിന്റെ രൂപീകരണം സഹായിക്കുമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിൽ ഉൾപ്പെട്ട വരുന്ന ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി കഴിഞ്ഞ തദ്ദേശ സ്വയംഭരണ സമയത്ത് രൂപം കൊണ്ട മുനിസിപ്പാലിറ്റിയാണ്. കേരളത്തിലെ തന്നെ ഏറ്റവും അധികം ജനസാന്ദ്രയേറിയ പ്രദേശങ്ങളിൽ ഒന്നാണ് ഈരാറ്റുപേട്ട.

നിലവിലുള്ള മീനച്ചിൽ താലൂക്കിലെ സീറോ ലാൻഡ് ലെസ്സ് പദ്ധതിയിൽ ആകെ നൽകുന്ന പട്ടയങ്ങളിൽ 90 ശതമാനത്തിനു മുകളിൽ പട്ടയം നൽകുന്നതും നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിലെ പൂഞ്ഞാർ നടുഭാഗം, തീക്കോയി വില്ലേജുകളിൽ ഉൽപ്പെട്ട വരുന്ന സ്ഥലങ്ങളിൽ ആണ്. ഇലക്ഷൻ , സെൻസസ്സ് തുടങ്ങിയ വിഷയങ്ങളിൽ കാര്യക്ഷമമായ മേൽനോട്ടത്തിനും പുതിയ താലൂക്കിന്റെ രൂപീകരണം സഹായിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ഹൈറേഞ്ചിന്റെ കവാടം എന്ന നിലയ്ക്കും കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം സ്ഥലങ്ങളിൽ ഒന്നായ വാഗമണ്ണിന്റെ സാനിദ്ധ്യവും മൂലം വളരെയധികം വികസന സാദ്ധ്യതയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് പൂഞ്ഞാർ താലൂക്ക്.

നിലവിലെ താലൂക്കായ മീനച്ചിൽ താലൂക്കിൽ നിന്നും നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിലെ മിക്ക വില്ലേജുകളിലേയ്ക്കും 25 കി.മീ. കൂടുതൽ ദൂരം ഉള്ളതാണെന്നും മീനച്ചിൽ താലൂക്കിനെ വിഭജിച്ച് പൂഞ്ഞാർ താലൂക്ക് രൂപീകരിക്കുന്നത് ഭരണപരമായ സൗകര്യവും പൊതുജനങ്ങൾക്ക് താലൂക്ക് ഓഫീസുമായി ബന്ധപ്പെടുന്നതിനും സൗകര്യപ്രദവുമായിരിക്കുമെന്നും മേൽ സാഹചര്യത്തിൽ ടി താലൂക്ക് രൂപീകരിക്കുന്നതിന് ടി താലൂക്കിന്റെ പരിധിയിൽ വരുന്ന ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണെന്നും പൂഞ്ഞാർ താലൂക്കിന്റെ ആസ്ഥാനം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>നിർദ്ദിഷ്ട താലൂക്കിന്റെ അതിരുകൾ</u>

വടക്ക് : തൊടുപുഴ താലൂക്ക് (ഇടുക്കി ജില്ല)

കിഴക്ക് : തൊടുപുഴ, പീരുമേട് താലൂക്കുകൾ (ഇടുക്കി ജില്ലകൾ)

പടിഞ്ഞാറ് : കടനാട്, ഭരണങ്ങാനം, പൂവരണി വില്ലേജുകൾ (മീനച്ചിൽ താലൂക്ക്, കോട്ടയം ജില്ല)

തെക്ക് : കാഞ്ഞിരപ്പള്ളി താലൂക്ക് (കോട്ടയം ജില്ല)

(6). <u>ഇടുക്കി ജില്ല</u>

ഇടുക്കി ജില്ലയിൽ പുതിയ താലൂക്ക് ആവശ്യമില്ല എന്ന് സൂചന(8) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(7). <u>എറണാകുളം ജില്ല</u>

<u>(എ) വൈപ്പിൻ താലൂക്ക്</u>

കൊച്ചി താലൂക്ക്, വൈപ്പിൻ-കൊച്ചി എന്നീ മേഖലകൾ ചേർന്നിട്ടുള്ളതാണെന്നും വൈപ്പിൻ മേഖലയിൽ 7 വില്ലേജുകളും, കൊച്ചി മേഖലയിൽ 8 വില്ലേജുകളുമാണുള്ളതെന്നും ഈ താലൂക്കിന്റെ വടക്ക് തൃശ്ശൂർ ജില്ലയും, തെക്ക് ആലപ്പുഴ ജില്ലയും പടിഞ്ഞാറ് അറബികടലിനോട് ചേർന്നുള്ള തീരപ്രദേശങ്ങളും, കിഴക്ക് ചേർത്തല, കണയന്നൂർ, പറവൂർ താലൂക്കുകളുമാണെന്നും ചെല്ലാനം മുതൽ മുനമ്പം വരെയുള്ള ഏകദേശം 42 കിലോ മീറ്ററുകളോളം നീളത്തിലാണ് ഈ താലൂക്ക് സ്ഥിതി ചെയ്യുന്നതെന്നും മുനമ്പം മുതൽ ഫോർട്ട് കൊച്ചി വരെ ഏകദേശം 27 കി.മീറ്ററോളം യാത്ര ചെയ്ത് ഫോർട്ടു കൊച്ചി ഫെറി കടന്നാണ് ആ പ്രദേശങ്ങളിലുള്ളവർ കൊച്ചി താലൂക്ക് ഓഫീസിൽ എത്തുന്നതെന്നും റോ റോ സർവ്വീസ് ഇല്ലാതെ വരുമ്പോൾ 18 കിലോമീറ്റർ അധികം എറണാകുളം നഗരം ചുറ്റി സഞ്ചരിക്കേണ്ടി വരുന്നുവെന്നും ആയത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി കാണുന്നുവെന്നും വളരെയധികം വെള്ളക്കെട്ടുള്ള പ്രദേശവും, യാത്രാസൗകര്യം വളരെ കുറഞ്ഞതുമായ പ്രദേശമാണ് വൈപ്പിനെന്നും കൂടാതെ തീരദേശ റോഡിന്റെ പണി നടന്നു വരുന്നതിനാൽ ജനസാന്ദ്രത വളരെ അധികം കൂടി കൊണ്ടിരിക്കുന്നതുമായി കാണുന്നുവെന്നും ജില്ലാ കളക്ടർ സൂചന (9) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

കുഴുപ്പിള്ളി ബീച്ച്, ചെറായി ബീച്ച്, പുതുവൈപ്പ് ബീച്ച് എന്നീ പ്രധാനപ്പെട്ട ബീച്ചുകൾ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർന്നു വരുന്നു. എൽ.എൻ.ജി ടെർമിനൽ പുതുവൈപ്പിൽ പ്രവർത്തിച്ചു വരുന്നു.

വളരെയധികം പിന്നോക്കാവസ്ഥയിലുള്ള പ്രത്യേകിച്ച് മത്സ്യബന്ധനവും അനുബന്ധ ജോലികളും ചെയ്ത് ഉപജീവനം കഴിക്കുന്ന ജനതയാണ് ഇവിടെ ഉള്ളതെന്നും വൈപ്പിൻ മേഖലയിലെ എല്ലാ വില്ലേജുകളിലും കടൽതീരം ഉൾപ്പെട്ടു വരുന്നതിനാൽ കടലേറ്റം പോലുള്ള പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും താലൂക്ക് ആസ്ഥാനം ഫോർട്ട് കൊച്ചിയിൽ ആയതിനാൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൂർണ്ണമായും റീസർവെ കഴിഞ്ഞ പ്രദേശമാണ് വൈപ്പിൻ. പുറമ്പോക്ക് ഭൂമി കൂടുതലുള്ളതിനാൽ റവന്യൂ പുറമ്പോക്ക് സംരക്ഷണത്തിന് മുൻഗണന നൽകേണ്ടതും, ഭൂമി ശാസ്ത്രപരമായ പ്രത്യേകതയും, അവിടുത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഗണിക്കുമ്പോൾ വൈപ്പിൻ താലൂക്ക് രൂപീകരിക്കേണ്ടത് വളരെയധികം ആവശ്യമാണെന്നും കണയന്നൂർ താലൂക്കിലെ രണ്ട് വില്ലേജുകളായ കടമക്കുടി, മുളവുകാട് എന്നീ ദ്വീപുകൾ വൈപ്പിൻ മേഖലയുമായി ചേർന്നു കിടക്കുന്നതിനാലും, ആ പ്രദേശങ്ങൾ വൈപ്പിൻ അസംബ്ളി മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്നതിനാലും ടി പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി വൈപ്പിൻ താലൂക്ക് രൂപീകരിക്കുന്നത് തികച്ചും അഭികാമ്യമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വൈപ്പിൻ താലൂക്കിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളുടെ പേരും, വിസ്തീർണ്ണവും താഴെ ചേർക്കുന്നു.

<u>ജനസംഖ്യ- 2,30,713</u>

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | പള്ളിപ്പുറം | 1041.9127 |
| 2 | കുഴുപ്പിള്ളി | 869.1647 |
| 3 | എടവനക്കാട് | 1016.917 |
| 4 | നായരമ്പലം | 1302.60.23 |
| 5 | ഞാറക്കൽ | 918.30.25 |
| 6 | എളങ്കുന്നപ്പുഴ | 918.3025 |
| 7 | പുതുവൈപ്പ് | 949.3771 |
| 8 | മുളവുകാട് | 1507.2 |
| 9 | കടമക്കുടി | 815.15 |

<u>പിറവം താലൂക്ക് രൂപീകരണം</u>

പിറവം താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ താലൂക്ക് പരിധിയിൽപ്പെട്ട 8 വില്ലേജുകളും, കണയന്നൂർ ,കുന്നത്തുനാട് താലൂക്കിലേയും, ഭാഗികമായ വില്ലേജുകളും ഉൾപ്പെടുത്തി പുതിയതായി പിറവം താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | താലൂക്ക് | ഇപ്പോഴുള്ള വില്ലേജുകളുടെ എണ്ണം. |
|---|---|---|
| 1 | മൂവാറ്റുപുഴ | 18 |
| 2 | കണയന്നൂർ | 25 |
| 3 | കുന്നത്തുനാട്. | 23 |

പിറവം താലൂക്ക് രൂപീകരണത്തിനായി ഉൾപ്പെടുത്തേണ്ട വില്ലേജുകളുടെ പേരും, വിസ്തീർണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമനം. | വില്ലേജിന്റെ പേര് | താലൂക്കിന്റെ പേര്. | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | കൂത്താട്ടുകുളം | മൂവാറ്റുപുഴ താലൂക്ക്. | 2318.71.00 ഹെക്ടർ. |
| 2 | ഇലഞ്ഞി | " | 424.04.05 ഹെക്ടർ. |
| 3 | തിരുമാറാടി | " | 2802.97.54 ഹെക്ടർ. |
| 4 | ഓണക്കൂർ | " | 2186.82.88 ഹെക്ടർ. |
| 5 | മേമുറി | " | 1677.19.95 ഹെക്ടർ. |
| 6 | രാമമംഗലം | " | 1408.26.60 ഹെക്ടർ. |
| | | | |
| 7 | പിറവം | " | 2896.11.32 ഹെക്ടർ. |
| 8 | മണീട് | " | 2619.52.97 ഹെക്ടർ. |
| | | കണയന്നൂർ താലൂക്ക്. | |
| 9 | മുളംന്തുരുത്തി | " | |
| | | | |
| 10 | കണയന്നൂർ | " | 739.54.93 ഹെക്ടർ. |
| 11 | എടയ്ക്കാട്ടു വയൽ | " | 1814.91.51 ഹെക്ടർ. |
| 12 | ആമ്പല്ലൂർ | " | 1085.90.82 ഹെക്ടർ |
| | | | |
| 13 | കൈപ്പട്ടൂർ | " | 822.48.12 ഹെക്ടർ |
| 14 | തിരുവാണിയൂർ | കുന്നത്തു നാട്. | 2760.15.96 ഹെക്ടർ. |

മൂവാറ്റുപുഴ താലൂക്കിന് കീഴിൽ മൂവാറ്റുപുഴ നിയോജക മണ്ഡലവും, പിറവം നിയോജക മണ്ഡലവും ഉൾപ്പെട്ടു വരുന്നു. മൂവാറ്റുപുഴ താലൂക്കിന്റെ നിലവിലെ വിസ്തീർണ്ണം 43282.1882 ഹെക്ടർ ആണ്. ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും, ഭരണപരമായ കാര്യനിർവഹണം കാര്യക്ഷമമാക്കുന്നതിനും, മൂവാറ്റുപുഴ താലൂക്കിലെ തെക്ക്,പടിഞ്ഞാറ് മധ്യഭാഗത്തുള്ള കൂത്താട്ടുകുളം, ഇലഞ്ഞി, തിരുമാറാടി, ഓണക്കൂർ, മേമുറി, രാമമംഗലം, പിറവം, മണീട് വില്ലേജുകളും ,കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ടു വരുന്ന മുളംന്തുരുത്തി ,കണയന്നൂർ, ആമ്പല്ലൂർ, എടയ്ക്കാട്ടു വയൽ കൈപ്പട്ടൂർ എന്നീ വില്ലേജുകളും, കുന്നത്തുനാട് താലൂക്കിലെ തിരുവാണിയൂർ വില്ലേജും കൂട്ടി ചേർത്ത് പിറവം താലൂക്ക് രൂപീകരിച്ചാൽ മൂവാറ്റുപുഴ താലൂക്കിന്റെ തെക്ക്പടിഞ്ഞാറ് ഭാഗത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, മൂവാറ്റുപുഴ താലൂക്ക് ആസ്ഥാനത്ത് നിന്നുള്ള ഭരണസേവന നിർവഹണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മൂവാറ്റുപുഴ താലൂക്കിൽ ഉൾപ്പെടുന്ന ബാക്കി വില്ലേജുകളായ വെള്ളൂർക്കുന്നം, മുളവൂർ, മാറാടി, മൂവാറ്റുപുഴ, മഞ്ഞള്ളൂർ, കല്ലൂർക്കാട്, ഏനാനല്ലൂർ, വാളകം ആരക്കുഴ,പാലക്കുഴ, കുന്നത്തുനാട് താലൂക്കിലെ മഴുവന്നൂർ, ഐക്കരനാട് സൗത്ത്, ഐരാപുരം, വടവുകോട്, പുത്തൻകുരിശ് വില്ലേജുകളും, കോതമംഗലം താലൂക്കിലെ പോത്താനിക്കാട് വില്ലേജും, കൂട്ടിച്ചേർത്ത് മൂവാറ്റുപുഴ താലൂക്ക് പുനഃസംഘടിപ്പിക്കാവുന്നതും, ഇങ്ങനെ ചെയ്യുന്നതു മൂലം കൂട്ടി ചേർക്കുന്ന വില്ലേജുകളിൽ എല്ലാ പോസ്റ്റിലും, ജീവനക്കാർ ഉള്ളതിനാൽ പിറവം താലൂക്ക് രൂപീകരണവുമായി വളരെ കുറച്ച് തസ്തികകൾ മാത്രം പുതിയതായി രൂപീകരിക്കേണ്ടതും, കൂടാതെ മറ്റ് തസ്തികകളിലേയ്ക്ക് മൂവാറ്റുപുഴ, കണയന്നൂർ, കുന്നത്തുനാട് താലൂക്കുകളിലെ ജീവനക്കാരെ പുനർ വിന്യസിക്കുകയാണെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുവാൻ സാധ്യതയില്ലാത്തതായി കാണുന്നുവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ വൈപ്പിൻ, പിറവം താലൂക്കുകൾ പുതിയതായി രൂപീകരിക്കുന്നത് സർക്കാരിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, ഭരണപരമായ കാര്യക്ഷമതയ്ക്കും അനിവാര്യമായി കാണുന്നുവെന്നും സൂചന (9) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(8).<u>തൃശ്ശൂർ ജില്ല</u>

കേരളത്തിലെ തന്നെ ഏറ്റവും വലിയ താലൂക്കുകളിൽ ഒന്നായ തൃശ്ശൂർ താലൂക്കിനു കീഴിൽ 7 4 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതും (ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ) 58 വില്ലേജ്

ഓഫീസുകളുമായി നിലവിൽ പ്രവർത്തിച്ചുവരുന്നതുമാണ്. ഈ താലൂക്കിന് 630.12 സ്ക്വ. കി.മീ വിസ്തീർ ണ്ണമുള്ളതും 2 0 1 1 ലെ സെൻസസ്സ് പ്രകാരം ഏകദേശം ജനസംഖ്യ 8,74,615 ഉള്ളതുമാകുന്നു. കൂടാതെ ഇലക്ഷൻ ജോലികളിൽ തൃശ്ശൂർ, ഒല്ലൂർ, നാട്ടിക, വടക്കാഞ്ചേരി എന്നീ 4 ഇലക്ഷൻ നിയോജക മണ്ഡലങ്ങൾ തൃശ്ശൂർ താലൂക്കിന് കീഴിൽ കൈകാര്യം ചെയ്തുവരുന്നുഒരു താലൂക്കിന് കീഴിൽ നാല് നിയോജക മണ്ഡലങ്ങൾ സംസ്ഥാനത്തുതന്നെ കൈകാര്യം ചെയ്തുവരുന്നത് വിരളമായി കാണുന്നുവെന്നും മലയോരപ്രദേശം ഉൾപ്പെട്ടുവരുന്ന ടി താലൂക്കിലേയ്ക്ക് കൂടുതൽ ദൂരെയുള്ള പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി താലൂക്ക് ഓഫീസിൽ എത്തിച്ചേരുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചു വരുന്നുവെന്നും തൃശ്ശൂർ താലൂക്കിന്റെ കീഴിൽ കൂടുതൽ വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നതിനാൽ സർട്ടിഫിക്കറ്റുകൾ, പോക്കുവരവ്, വിവിധ ധനസഹായങ്ങൾ എന്നീ ആവശ്യങ്ങൾക്കായി മറ്റ് താലൂക്കുകളെ അപേക്ഷിച്ച് നിരവധി അപേക്ഷകൾ തൃശ്ശൂർ താലൂക്കിൽ ലഭ്യമാകുന്നതിനാൽ ജീവനക്കാർക്ക് വളരെയധികം ജോലിഭാരം അനുഭവപ്പെട്ട് വരുന്നുവെന്നും, കൂടാതെ ചില അപേക്ഷകളിൽ യഥാസമയം സ്ഥലപരിശോധന നടത്തുന്നതിന് വളരെയധികം കാലതാമസം നേരിടുന്നുവെന്നും ആയതുമൂലം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതാണെന്നും ജില്ലാ കളക്ടർ സൂചന (10 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതുജനങ്ങളുടെയും ജീവനക്കാരുടേയും ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവും സമയബന്ധിതവും തൃപ്തികരവുമായ രീതിയിൽ സേവനം ലഭ്യമാക്കുന്നതിനും ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനും 7 4 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതും 630.12 സ്ക്വ.കി.മീ വിസ്തീർണ്ണം ഉള്ളതുമായ തൃശ്ശൂർ താലൂക്ക് വിഭജിക്കേണ്ടത് അനിവാര്യമാണെന്നും ആയതിനാൽ ചേർപ്പ് ആസ്ഥാനമാക്കിയും മണ്ണുത്തി ആസ്ഥാനമാക്കിയും പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് വളരെയധികം അഭികാമ്യമായി കാണുന്നുവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ താലൂക്കുകളിലെ വിസ്തീർണ്ണവും വില്ലേജുകളുടെ എണ്ണവും ജനസംഖ്യയും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | താലൂക്ക് | വില്ലേജുകളുടെ എണ്ണം | ആകെ വിസ്തീർണ്ണം | 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (സ്ക്വ.കി.മീ) | |
| 1 | തൃശ്ശൂർ | 74 | 630.12 | 874615 |
| 2 | ചാലക്കുടി | 31 | 444.65 | 114901 |
| 3 | മുകുന്ദപുരം | 29 | 294.41 | 296396 |
| 4 | ചാവക്കാട് | 29 | 234.65 | 470898 |
| 5 | കൊടുങ്ങല്ലൂർ | 18 | 145.39 | 345437 |
| 6 | കുന്നംകുളം | 29 | 192.99 | 403564 |
| 7 | തലപ്പിള്ളി | 45 | 459.84 | 278130 |

<u>A . ചേർപ്പ് ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ തൃശ്ശൂർ താലൂക്കിൽ നിന്നും വിഭജിക്കുന്ന വില്ലേജ് ഓഫീസുകളുടെ വിവരങ്ങൾ</u>

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | നിലവിലെ ഏകദേശം ജനസംഖ്യ |
|---|---|---|
| 1. കിഴപ്പുള്ളിക്കര | 336.0000 | 11700 |
| 2. താന്ന്യം | 723.1114 | 38500 |
| 3. വടക്കുമുറി | 608.5038 | 13000 |
| 4. കിഴക്കുമുറി | 242.9469 | 12500 |
| 5.പടിയം | 550.6565 | 39000 |
| 6. അന്തിക്കാട് | 747.7486 | 12625 |
| 7. ചാഴൂർ | 466.5813 | 5927 |
| 8. പുള്ള് | 382.5099 | 4800 |
| 9. കുറുമ്പിലാവ് | 767.0020 | 6140 |
| 10. ഇഞ്ചമുടി | 365.4268 | 3480 |
| 11. ആലപ്പാട് | 571.6275 | 4489 |
| 12. പാറളം | 476.4690 | 9262 |
| 13. പള്ളിപ്പുറം | 428.7403 | 8150 |
| 14. കോടന്നൂർ | 502.4985 | 10889 |
| 15. അവിണിശ്ശേരി | 468.5538 | 12100 |
| 16. പാലിശ്ശേരി | 343.0028 | 6800 |
| 17. വെങ്ങിണിശ്ശേരി | 306.9695 | 8200 |
| 18. ചേർപ്പ് | 775.1907 | 8980 |
| 19. ഊരകം | 700.1883 | 13478 |
| 20. ചൊവ്വൂർ | 610.8556 | 19276 |
| 21. വല്ലച്ചിറ | 603.1684 | 12850 |
| 22. ആറാട്ടുപുഴ | 461.0386 | 9150 |
| 23. മണലൂർ | 364.9128 | 17757 |

| | | |
|---|---|---|
| 24. കാരമുക്ക് | 374.4168 | 14000 |
| 25. പരയ്ക്കാട് | 536.4828 | 11317 |
| 26. എറവ് | 573.3860 | 10120 |
| 27. മനക്കൊടി | 535.4160 | 12400 |
| 28. വെളുത്തൂർ | 620.9122 | 12589 |

ചേർപ്പ് ആസ്ഥാനമാക്കി പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കുമ്പോൾ വില്ലേജുകളുടെ എണ്ണം = 28 (ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ)

B . **മണ്ണുത്തി ആസ്ഥാനമാക്കി പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കുകയാണെങ്കിൽ തൃശ്ശൂർ താലൂക്കിൽ നിന്നും വിഭജിക്കുന്ന വില്ലേജ് ഓഫീസുകളുടെ വിവരങ്ങൾ**

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം(ഹെക്ടറിൽ) | നിലവിലെ ഏകദേശം ജനസംഖ്യ |
|---|---|---|
| 1. പീച്ചി | 6140.2021 | 28050 |
| 2. പാണഞ്ചേരി | 5849.3738 | 30050 |
| 3. ഒല്ലൂക്കര | 1381.0922 | 26050 |
| 4. നെട്ടിശ്ശേരി | 422.2115 | 24050 |
| 5.മുളയം | 1111.0009 | 11184 |
| 6. കൈനൂർ | 813.5098 | 8099 |
| 7. പുത്തൂർ | 1545.3070 | 9467 |
| 8. മാന്ദാമംഗലം | 487.0070 | 15045 |
| 9. കൊഴുക്കുള്ളി | 428.4763 | 9968 |
| 10. മാടക്കത്തറ | 1351.2881 | 12050 |
| 11. മരത്താക്കര | 691.3917 | 15659 |
| 12. നടത്തറ | 559.7436 | 19626 |
| 13. വെള്ളാനിക്കര | 809.0000 | 8760 |

മണ്ണുത്തി ആസ്ഥാനമാക്കി പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കുമ്പോൾ വില്ലേജുകളുടെ എണ്ണം = 13 (ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ)

**തൃശ്ശൂർ താലൂക്കിനെ വിഭജിച്ച് ചേർപ്പ് മണ്ണുത്തി എന്നീ താലൂക്കുകൾ രൂപീകരിച്ചാൽ ആയതിനുശേഷം തൃശ്ശൂർ താലൂക്കിന്റെ പരിധിയിൽ നിലനിർത്തേണ്ട വില്ലേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | നിലവിലെ ഏകദേശം ജനസംഖ്യ |
|---|---|---|---|
| 1 | അടാട്ട് | 690.8329 | 5550 |

| | | | |
|---|---|---|---|
| 2 | അഞ്ഞൂർ | 674.1061 | 16850 |
| 3 | തങ്ങാലൂർ | 540.0439 | 8578 |
| 4 | കൈപ്പറമ്പ് | 491.2668 | 13123 |
| 5 | അരണാട്ടുകര | 713.6239 | 14285 |
| 6 | പുല്ലഴി | 787.6747 | 13500 |
| 7 | അവണൂർ | 509.0018 | 8500 |
| 8 | വെളപ്പായ | 446.0040 | 7800 |
| 9 | അയ്യന്തോൾ | 808.4119 | 15500 |
| 10 | പൂങ്കുന്നം | 145.7569 | 10200 |
| 11 | ചെമ്പൂക്കാവ് | 334.2351 | 26000 |
| 12 | ചിറ്റിലപ്പിള്ളി | 489.5908 | 6800 |
| 13 | ചിയ്യാരം | 554.0378 | 18000 |
| 14 | ചൂലിശ്ശേരി | 328.4900 | 12100 |
| 15 | എടക്കളത്തൂർ | 689.1073 | 7214 |
| 16 | കണിമംഗലം | 855.3328 | 18409 |
| 17 | കോലഴി | 559.6055 | 11540 |
| 18 | കുർക്കഞ്ചേരി | 340.9206 | 18021 |
| 19 | കുറിച്ചിക്കര | 317.6144 | 12050 |
| 20 | കുറ്റൂർ | 645.4793 | 10500 |
| 21 | പോട്ടോർ | 460.6357 | 9800 |
| 22 | പേരാമംഗലം | 869.0032 | 9250 |
| 23 | പെരിങ്ങാവ് | 317.2110 | 11500 |
| 24 | പുറനാട്ടുകര | 637.4770 | 8500 |
| 25 | പുഴയ്ക്കൽ | 486.9130 | 9200 |
| 26 | തോളൂർ | 381.5130 | 4205 |
| 27 | ചാലയ്ക്കൽ | 638.8550 | 3800 |
| 28 | തൃശ്ശൂർ | 633.6399 | 22850 |
| 29 | വിൽവട്ടം | 631.6646 | 15330 |
| 30 | വിയ്യൂർ | 512.6237 | 21050 |
| 31 | ഒല്ലൂർ | 934.7893 | 60050 |
| 32 | എടക്കുന്നി | 557.4716 | 26900 |
| 33 | കിള്ളന്നൂർ | 2121.9178 | 25000 |

മേൽ സാഹചര്യത്തിൽ നിലവിലുള്ള തൃശ്ശൂർ താലൂക്കിനെ വിഭജിച്ച് ചേർപ്പ് ആസ്ഥാനമാക്കി ചേർപ്പ് താലൂക്കും മണ്ണുത്തി ആസ്ഥാനമാക്കി മണ്ണുത്തി താലൂക്കുമായി (മലയോര താലൂക്ക്) നിലവിൽ വരേണ്ടത് വളരെ അനിവാര്യമായി കാണുന്നുവെന്നും ആയതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സൂചന പ്രകാരം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്

(9). <u>പാലക്കാട് ജില്ല</u>

കൊല്ലങ്കോട് / നെന്മാറ ഫർക്കകളിലായി യഥാക്രമം കൊല്ലങ്കോട് - 1, കൊല്ലങ്കോട് - 2, എലവഞ്ചേരി, വടവന്നൂർ, മുതലമട - 1, മുതലമട - 2, നെന്മാറ, വല്ലങ്ങി, പല്ലശ്ശന, കയറാടി, തിരുവഴിയോട് അയിലൂർ, നെല്ലിയാമ്പതി എന്നീ വില്ലേജുകൾ ഉൾപ്പെട്ടു വരുന്നുവെന്നും ടി പ്രദേശങ്ങളിലായി നിരവധി ഗോത്രവിഭാഗക്കാർ താമസിച്ചു വരുന്നുണ്ടെന്നും കൂടുതലായും മുതലമട-1 വില്ലേജ് പരിധിയിൽ വരുന്ന പറമ്പിക്കുളം, നെല്ലിയാമ്പതി വില്ലേജ് പരിധിയിൽ വരുന്ന നെല്ലിയാമ്പതി എന്നീ മേഖലകളിൽ അനേകം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ( ഗോത്ര വിഭാഗക്കാർ ) വിവിധ എസ്റ്റേറ്റുകളിൽ ജോലി ചെയ്ത് അധിവസിച്ച് വരുന്നുണ്ടെന്നും മേൽ പരാമർശിച്ച വിഭാഗക്കാർ പൊതുവെ അഭ്യസ്തവിദ്യരാണെന്നും വിദ്യാഭ്യാസത്തിനും മറ്റുമായി തമിഴ്നാട്ടിലെ പൊള്ളാച്ചി ജില്ലയെ ആശ്രയിച്ച് കഴിയുന്നവരാണെന്നും ടി പ്രദേശങ്ങളിൽ നിന്ന് ചിറ്റൂർ താലൂക്ക് ഓഫിസിലേയ്ക്കും മറ്റും വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് എത്തിപ്പെടുകയെന്നത് വളരെയേറെ പ്രയാസകരമാണെന്നും ടി പ്രദേശവാസികൾക്ക് ഏകദേശം 125 കിലോമീറ്റർ Hill Area യിലൂടെ സഞ്ചരിച്ചാലേ നിലവിലെ താലൂക്ക് കേന്ദ്രമായ ചിറ്റൂരിൽ എത്തുവാൻ സാധിക്കുകയുള്ളൂവെന്നും മാത്രവുമല്ല പറമ്പിക്കുളം പ്രദേശത്തേയ്ക്ക് വാഹന സൗകര്യം വളരെ കുറവാണെന്നും ദിവസേന കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്ന ഇവർ വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്നവരുമാണെന്നും അടിസ്ഥാന സൗകര്യം പോലുമില്ലാത്ത കുടിലുകളിലാണ് ടി പ്രദേശവാസികൾ ഭൂരിഭാഗവും ജീവിച്ചുവരുന്നതെന്നും കൂടാതെ അയിലൂർ, തിരുവഴിയാട്, കയറാടി തുടങ്ങിയ വില്ലേജുകളിലെ താമസക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി 40 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ചുവേണം ചിറ്റൂർ താലൂക്ക് ഓഫീസിൽ എത്തുവാനെന്നും ഈ ഭാഗത്തുനിന്നും ചിറ്റൂർ പ്രദേശത്തേയ്ക്ക് നേരിട്ട് ബസ് സൗകര്യവും വളരെ കുറവാണെന്നും അത്തരത്തിൽ പിന്നോക്കം നിൽക്കുന്ന ആദിവാസി ഗോത്ര വിഭാഗക്കാർക്കും മറ്റു വിഭാഗങ്ങൾക്കും സൗകര്യപ്രദമായ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കൊല്ലങ്കോട് മേഖല കേന്ദ്രീകരിച്ച് നെന്മല താലൂക്ക് രൂപീകരിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും സൂചന (11) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് താലൂക്ക് കേന്ദ്രം പൊതുജനങ്ങൾക്കും മറ്റും എത്രയും വേഗം എത്തിപ്പെടുന്നതിന് സൗകര്യപ്രദമായ സ്ഥലത്ത് ഉണ്ടാവുകയെന്നതാണ് അഭികാമ്യമെന്നും സമൂഹത്തിൽ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും മറ്റും വളരെ പിന്നോക്കം നിൽക്കുന്ന

താഴെക്കിടയിൽ ജീവിക്കുന്ന ടി ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി അർഹമായ സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ എത്തിക്കേണ്ടതിന് പുതിയൊരു താലൂക്ക് രൂപീകരിക്കേണ്ടതാണെന്നും ആയതിനാൽ കൊല്ലങ്കോട് മേഖല കേന്ദ്രീകരിച്ച് തെന്മല താലൂക്ക് രൂപീകരിക്കുന്നതിനും തെന്മല താലൂക്കിൽ ഉൾപ്പെടുത്തികൊണ്ട് പറമ്പിക്കുളം പ്രദേശത്തേയ്ക്ക് ഒരു ട്രൈബൽ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിനും ( മുതലമട -1 റില്ലേജ് ഓഫീസിനെ വിഭജിച്ച് ) വേണ്ട  നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

07/01/2023 ലെ താലൂക്ക് വികസനസമിതിയിൽ പറമ്പിക്കുളം നിവാസികൾക്കായി ട്രൈബൽ വില്ലേജ് ഓഫീസ് രൂപീകരിക്കണമെന്ന് നിർദേശമുണ്ടായിരുന്നുവെന്നും ആയതുകൂടി പരിഗണിച്ച് തെന്മല താലൂക്ക് രൂപീകരിക്കുന്ന വേളയിൽ പറമ്പിക്കുളത്ത് ട്രൈബൽ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും താലൂക്ക് രൂപീകരണത്തിന് കൊല്ലങ്കോട് - 1 വില്ലേജ് പരിധിയിൽ വരുന്ന ബ്ലോക്ക്: 14 റീ.സ. 523/ 11 (പഴയ സർവ്വെ നമ്പർ 185/6A 22/6B) 0.9275 ഹെക്ടർ സർക്കാർ പുറമ്പോക്ക് വഹകളാണ് അനുയോജ്യമായ സ്ഥലമെന്നും ആയതിൽ കൊല്ലങ്കോട് സബ്ബ് ട്രഷറിയുടെ പഴയ കെട്ടിടവും പുതിയ കെട്ടിടവും ഉപയോഗ ശൂന്യമായ ക്വാർട്ടേഴ്സും മറ്റ് അനുബന്ധ കെട്ടിടങ്ങളും ഉണ്ടെന്നും പഴയ ട്രഷറി കെട്ടിടം നിൽക്കുന്ന സ്ഥലം സർക്കാർ ആയുർവേദ ആശുപത്രിക്കുവേണ്ടി പഞ്ചായത്ത് ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയത് കഴിച്ച് ബാക്കി 60 സെന്റ് സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ടെന്നും ടി സ്ഥലം വില്ലേജ് ബി.ടി .ആർ -ൽ സർക്കാർ കൊല്ലങ്കോട് T B യും പരിസരവും എന്നാണ് രേഖപ്പെടുത്തിക്കാണുന്നതെന്നും ടി സാഹചര്യത്തിൽ ചുവടെ പറയുന്ന വില്ലേജുകളെ ഉൾപ്പെടുത്തി കൊല്ലങ്കോട് ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് അഭികാമ്യമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കൊല്ലങ്കോട് ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുമ്പോൾ ഉൾപ്പെടുത്താവുന്ന വില്ലേജുകളും അവയുടെ വിസ്തീർണ്ണവും</u>

| ക്രമ നം | വില്ലേജ് | വിസ്തീർണ്ണം |
|---|---|---|
| 1 | കൊല്ലങ്കോട് - 1 | 1554.7505 ഹെക്ടർ |
| 2 | കൊല്ലങ്കോട്-2 | 1510.8177 ഹെക്ടർ |
| 3 | എലവഞ്ചേരി | 3228.7137 ഹെക്ടർ |
| 4 | വടവന്നൂർ | 1723.4540 ഹെക്ടർ |
| 5 | മുതലമട – 1 | 23616.7924 ഹെക്ടർ |
| 6 | മുതലമട – 2 | 2216.2562 ഹെക്ടർ |
| 7 | നെന്മാറ | 1552.0115 ഹെക്ടർ |

| | | |
|---|---|---|
| 8 | വല്ലങ്ങി | 2177.1242 ഹെക്ടർ |
| 9 | പല്ലശ്ശന | 2857.3879 ഹെക്ടർ |
| 10 | കയറാടി | 1731.4865 ഹെക്ടർ |
| 11 | തിരുവഴിയാട് | 1491.041 ഹെക്ടർ |
| 12 | അയിലൂർ | 859.1073 ഹെക്ടർ |
| 13 | നെല്ലിയാമ്പതി | 9554.1080 ഹെക്ടർ |

(10).<u>മലപ്പുറം ജില്ല</u>

തിരൂർ റവന്യൂ സബ് ഡിവിഷന് കീഴിലെ ഏറ്റവും വലിയ താലൂക്കാണ് തിരൂരെന്നും 448 ച.കി.മീ വിസ്തീർണ്ണമുള്ള തിരൂർ താലൂക്കിന് കീഴിൽ 30 വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുവെന്നും 2011 ലെ സെൻസസ് പ്രകാരം 9,28,672 (492559 സ്ത്രീ, 436113 പുരുഷൻ) ജനസംഖ്യയുള്ള ടി താലൂക്കിൽ, പരിയാപുരം, താനൂർ, നിറമരുതൂർ, വെട്ടം, മംഗലം, പുറത്തൂർ എന്നീ 6 വില്ലേജുകൾ കടലോര മേഖലയിലുൾപ്പെട്ടവയാണെന്നും കടലോരമേഖല പ്രകൃതിക്ഷോഭവും മറ്റും മൂലം പ്രശ്നബാധിതമാണെന്നും പുറത്തൂർ, തൃപ്രങ്ങോട്, തിരുന്നാവായ, നടുവട്ടം, കുറ്റിപ്പുറം എന്നീ വില്ലേജുകൾ ഭാരതപുഴയോട് ചേർന്ന് കിടക്കുന്നതും, ഇരിമ്പിളിയം (തൂതപ്പുഴ), പരിയാപുരം (പൂരപ്പുഴ), മംഗലം (തിരൂർ പൊന്നാനി പുഴ) എന്നിവയും പുഴകളോട് ചേർന്ന് കിടക്കുന്ന വില്ലേജുകളാണെന്നും തിരൂരങ്ങാടി, പൊന്നാനി, പെരിന്തൽമണ്ണ എന്നീ താലൂക്കുകൾക്ക് പുറമെ പാലക്കാട് ജില്ലയുമായും താലൂക്ക് അതിർത്തി പങ്കിടുന്നുവെന്നും കൂടുതൽ ഫലപ്രദമായി റവന്യൂ ഭരണം നടത്തുന്നതിന് ഈ താലൂക്കിന്റെ വിഭജനം അനിവാര്യമാണെന്നും എടയൂർ, ഇരിമ്പിളിയം, പൊന്മള, മാറാക്കര, മേൽമുറി, കോട്ടക്കൽ വില്ലേജുകൾ തിരൂർ താലൂക്ക് ഓഫീസിൽ നിന്നും ഏകദേശം 25 മുതൽ 40 കിലോമീറ്റർ വരെ ദൂരത്താണ് സ്ഥിതിചെയ്യുന്നതെന്നും പ്രകൃതിക്ഷോഭം, തെരഞ്ഞെടുപ്പ്, സെൻസസ് തുടങ്ങിയ സമയബന്ധിത ജോലികളിൽ താലൂക്ക് ആസ്ഥാനത്ത് നിന്നും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ ദൂരക്കൂടുതൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഭരണപരമായി വളരെയധികം സൗകര്യപ്രദവും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമാണെന്നും ഈ പാശ്ചാത്തലത്തിൽ താലൂക്ക് ആസ്ഥാനത്ത് നിന്നും വില്ലേജുകളിലേക്കുള്ള ദൂരവും ജനസാന്ദ്രതയും കണക്കിലെടുത്ത് 30 വില്ലേജുകളുള്ള തിരൂർ താലൂക്കിനെ വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും സൂചന (12) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരൂർ താലൂക്കിലെ കുറ്റിപ്പുറം, നടുവട്ടം, കാട്ടിപ്പരുത്തി, ഇരിമ്പിളിയം, ആതവനാട്, കുറുമ്പത്തൂർ, മാറാക്കര, മേൽമുറി, എടയൂർ, പൊന്മള, കോട്ടക്കൽ എന്നീ 11 വില്ലേജുകളും സമീപ

താലൂക്കുകളായ പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ, മൂർക്കനാട്, കുറുവ എന്നീ വില്ലേജുകളും, തിരൂരങ്ങാടി താലൂക്കിലെ ഒതുക്കുങ്ങൽ വില്ലേജും ചേർത്ത് ആകെ 15 വില്ലേജുകൾ ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിച്ച് ജില്ലയിലെ താലൂക്കുകളിലെ വില്ലേജുകളുടെ എണ്ണം ക്രമീകരിക്കാവുന്നതാണെന്നും ജില്ലയിലെ താലൂക്കുകളിലെ വില്ലേജുകളുടെ എണ്ണം സമീകരിക്കപ്പെടുന്നത് റവന്യൂ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതാണെന്നും ആയതിനാൽ കോട്ടക്കൽ അല്ലെങ്കിൽ വളാഞ്ചേരി ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കാവുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

തിരൂർ താലൂക്കിന് കീഴിലെ വില്ലേജുകളുടെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയും വിസ്തീർണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജിന്റെ പേര് | വില്ലേജ് വിസ്തീർണ്ണം (ഹെക്ടറിൽ) | ജനസംഖ്യ |
|---|---|---|---|
| 1 | അനന്താവൂർ | 851.5898 | 21058 |
| 2 | ചെറിയമുണ്ടം | 1125.2418 | 31212 |
| 3 | ആതവനാട് | 1321.4936 | 20480 |
| 4 | മംഗലം | 1236.9741 | 33442 |
| 5 | ഒഴൂർ | 1581.0059 | 34016 |
| 6 | കൽപകഞ്ചേരി | 1610.9084 | 33721 |
| 7 | കുറുമ്പത്തൂർ | 1324.4759 | 20707 |
| 8 | മാറാക്കര | 1107.87 | 18187 |
| 9 | മേൽമുറി | 1675.544 | 22217 |
| 10 | നിറമരുതൂർ | 1003.1658 | 29846 |
| 11 | പൊൻമുണ്ടം | 897.9361 | 25855 |
| 12 | എടയൂർ | 3011.22 | 36498 |
| 13 | ഇരിമ്പിളിയം | 2815 | 30635 |
| 14 | കാട്ടിപരുത്തി | 2128.1217 | 40318 |
| 15 | തലക്കാട് | 1596.7437 | 35820 |
| 16 | കുറ്റിപ്പുറം | 1647.456 | 25750 |
| 17 | പരിയാപുരം | 941.2114 | 24561 |
| 18 | പെരുമണ്ണ | 1208.75 | 27278 |
| 19 | പുറത്തൂർ | 1915.924 | 31915 |
| 20 | താനാളൂർ | 1512.9222 | 47976 |
| 21 | പൊന്മള | 2154.8416 | 33922 |
| 22 | താനൂർ | 944.4495 | 44973 |
| 23 | തിരൂർ | 788.3334 | 56058 |

| | | | |
|---|---|---|---|
| 24 | തൃക്കണ്ടിയൂർ | 866.4589 | (തിരൂർ നഗരസഭ) |
| 25 | നടുവട്ടം | 1484.75 | 21273 |
| 26 | തിരുന്നാവായ | 1093.198 | 24790 |
| 27 | തൃപ്രങ്ങോട് | 2056.188 | 41167 |
| 28 | വളവന്നൂർ | 1522.26 | 33159 |
| 29 | വെട്ടം | 1346.1115 | 37456 |
| 30 | കോട്ടക്കൽ | 2044.8846 | 44382 |
| | | **44815.0299** | **928672** |

**(11).** **<u>കോഴിക്കോട് ജില്ല</u>**

കോഴിക്കോട് ജില്ലയിൽ നാല് താലൂക്കുകളാണുള്ളതെന്നും ഇവ നാലും ജനസാന്ദ്രതയും ജനസംഖ്യയും കൂടുതലായ താലൂക്കുകളാണെന്നും ആയതുകൊണ്ട് സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ടി താലൂക്കുകളുടെ വിഭജനം അനിവാര്യമായി കാണുന്നുവെന്നും സൂചന (13) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നിലവിലുള്ള താലൂക്കുകളുടെ വിവരം പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | വില്ലേജുകളുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 39 |
| 2 | താമരശ്ശേരി | 20 |
| 3 | വടകര | 28 |
| 4 | കൊയിലാണ്ടി | 31 |

കൊയിലാണ്ടി താലൂക്കിലെ മലയോര വില്ലേജുകളായ ചെമ്പനോട, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, കായണ്ണ, പേരാമ്പ്ര, മേഞ്ഞാണ്യം, എരവട്ടൂർ, കൂത്താളി, ചങ്ങരോത്ത്, പാലേരി, ചെറുവണ്ണൂർ, നൊച്ചാട് എന്നീ വില്ലേജുകളേയും, വടകര താലൂക്കിലെ കായക്കൊടി, കുറ്റ്യാടി, വേളം, മരുതോങ്കര, കാവിലുംപാറ, കുന്നുമ്മൽ, തിരുവള്ളൂർ എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തി പേരാമ്പ്ര താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.മേൽ പറഞ്ഞ വില്ലേജുകളിലെ വിസ്തീർണ്ണം ചേർക്കുന്നു.

**താലൂക്ക് : കൊയിലാണ്ടി.**

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം ( ഹെക്ടറിൽ) |
|---|---|---|
| 1 | ചെമ്പനോട | 5381 |
| 2 | ചക്കിട്ടപ്പാറ | 4540 |
| 3 | കൂരാച്ചുണ്ട്. | 8336 |
| 4 | കായണ്ണ | 2002 |
| 5 | പേരാമ്പ്ര | 1446 |
| 6 | മേഞ്ഞാണ്യം | 1108 |
| 7 | എരവട്ടൂർ | 1521 |
| 8 | കൂത്താളി | 830 |
| 9 | ചങ്ങരോത്ത് | 1741 |
| 10 | പാലേരി | 2702 |
| 11 | ചെറുവണ്ണൂർ | 2162 |
| 12 | നൊച്ചാട്. | 2363 |

**താലൂക്ക് : വടകര**

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | കായക്കൊടി | 2821.9638 |
| 2 | കുറ്റ്യാടി | 1520.0289 |
| | | |

| | | |
|---|---|---|
| 3 | വേളം | 2501.89 |
| 4 | മരുതോങ്കര | 3362.933 |
| 5 | കാവിലുംപാറ | 8202.48 |
| 6 | കുന്നുമ്മൽ | 1060.7078 |
| 7 | തിരുവള്ളൂർ | 1271.57 |

മേൽ പറഞ്ഞ വില്ലേജുകളിൽ താമസിക്കുന്ന പൊതു ജനങ്ങൾ 30 മുതൽ 50 കി.മീ. വരെ ദൂരം യാത്ര ചെയ്താണ് താലൂക്കാഫീസുകളിൽ എത്തിച്ചേരുന്നതെന്നും മേൽ പറഞ്ഞ വില്ലേജുകൾ മിക്കവയും മലയോര മേഖലയിൽ ഉള്ളവയായതിനാൽ കൂടതൽ ആളുകളും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണെന്നും മലയോര വില്ലേജുകളിൽ ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം, കാട്ടു മൃഗങ്ങളുടെ ശല്യം എന്നിവ തുടർച്ചയായി ഉണ്ടാകാറുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പുതിയ താലൂക്ക് രൂപീകരണം വളരെയധികം സഹായകരമായിരിക്കുമെന്നും കടൽ ക്ഷോഭവും വെള്ളപ്പൊക്കവും പടിഞ്ഞാറ് ഭാഗത്തെ പ്രധാന പ്രശ്നമാണെന്നും ഓരോ കാലവർഷത്തിലും കടൽ ഭിത്തിയില്ലാത്തതിനാലും രൂക്ഷമായ കടൽ ക്ഷോഭവും മൂലം തീരദേശത്തുള്ളവരെ മാറ്റിപാർപ്പിക്കുകയും ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കേണ്ടി വരികയും ചെയ്യാറുണ്ടെന്നും ഇതിനൊപ്പം തന്നെ മലയോര മേഖലയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകുമ്പോൾ നിലവിലെ താലൂക്ക് സംവിധാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഏകോപനത്തിനും വളരെ ബുദ്ധിമുട്ടാണെന്നും പേരാമ്പ്ര ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കപ്പെടുകയാണെങ്കിൽ ഈ പ്രശ്നം വളരെയധികം എളുപ്പത്തിൽ പരിഹരിക്കപ്പെടുകയും 15 കിലോമീറ്ററിനുള്ളിൽ തന്നെ ഏകോപന പ്രവർത്തനങ്ങൾ നടത്താവുന്നതുമാണെന്നും ആയതിനാൽ ഭരണ സൗകര്യത്തിനും പൊതുജന താൽപ്പര്യവും മുൻ നിർത്തി പേരാമ്പ്ര ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും ജില്ലാ കളക്ടർ സൂചന (13) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(12).<u>വയനാട് ജില്ല</u>

വയനാട് ജില്ലയിൽ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ താലൂക്കുകളാണ് നിലവിലുള്ളതെന്നും ടി താലൂക്കുകളിൽ യഥാക്രമം 18, 16, 15 വില്ലേജുകളാണുള്ളതെന്നും മിക്ക വില്ലേജുകളിൽ നിന്നും താലൂക്ക് ആസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് ഏകദേശം 25 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതായി വരുന്നുണ്ടെന്നും മേൽ സാഹചര്യത്തിൽ ജില്ലയിൽ നടവയൽ ആസ്ഥാനമാക്കി സുൽത്താൻ ബത്തേരി താലൂക്കിലെ നടവയൽ, പുൽപ്പള്ളി, പാടിച്ചിറ, പൂതാടി, ഇരുളം എന്നീ അഞ്ച് വില്ലേജുകളും വൈത്തിരി താലൂക്കിലെ കണിയാമ്പറ്റ വില്ലേജും മാനന്തവാടി താലൂക്കിലെ പനമരം വില്ലേജും ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ യാത്രാ സമയവും ദൂരവും കുറക്കുന്നതിനും സേവനങ്ങൾ വേഗത്തിലാക്കുന്നതിനും സാധിക്കുമെന്നും സൂചന (14) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | വില്ലേജിന്റെ പേര് | വില്ലേജിന്റെ വിസ്തീർണ്ണം | നിലവിലെ പോരായ്മകൾ | പുതിയ താലൂക്ക് രൂപീകരിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ |
|---|---|---|---|---|
| 1 | നടവയൽ | 2362.5342 Ha | നടവയൽ വില്ലേജ് നിലവിൽ കണിയാമ്പറ്റ, പൂതാടി, പനമരം, പുൽപ്പള്ളി എന്നീ നാല് പഞ്ചായത്തുകളിലായിട്ടാണ് വ്യാപിച്ച് കിടക്കുന്നത്. വില്ലേജ് ഓഫീസിന് മാത്രമായി പഞ്ചായത്ത് ആസ്ഥാനം നിലവിലില്ല | നടവയൽ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിച്ചാൽ റവന്യൂ ഭരണം കാര്യക്ഷമവും വേഗത്തിലും ആവുകയും പൊതുജനങ്ങൾക്ക് സമയ-സാമ്പത്തിക ലാഭം ഉണ്ടാവുകയും ചെയ്യും |
| 2 | പുൽപ്പള്ളി | 7675.3600 Ha | പുൽപ്പള്ളി വില്ലേജ് പരിധിയിൽപ്പെടുന്ന ജനങ്ങൾക്ക് നിലവിലെ താലൂക്കിൽ എത്തിച്ചേരുന്നതിന് നാൽപതിലേറെ കിലോമീറ്റർ രണ്ട് വനപ്രദേശങ്ങൾ താണ്ടി യാത്ര ചെയ്യേണ്ടതായി വരുന്നു | യാത്രാക്ലേശം പകുതിയാകും. ഇലക്ഷൻ, പ്രകൃതിക്ഷോഭം തുടങ്ങിയ അവസരങ്ങളിൽ ജീവനക്കാർക്ക് വളരെ പെട്ടെന്ന് തന്നെ നടപടികൾ സ്വീകരിക്കുന്നതിന് കഴിയും. പുൽപ്പള്ളി വില്ലേജിൽ ധാരാളം ആദിവാസി ജനവിഭാഗങ്ങൾ വസിക്കുന്നതിനാലും അവരിൽ ഭൂരിഭാഗവും |

| | | | | |
|---|---|---|---|---|
| | | | | കർഷകരായതിനാലും താലൂക്ക് ഓഫീസ് നടവയലിൽ വരുന്നത് ടി ആളുകൾക്ക് ഉപകാരമായിരിക്കും. |
| 3 | പാടിച്ചിറ | 5242.2515 Ha | പാടിച്ചിറ വില്ലേജ് പരിധിയിൽപ്പെടുന്ന ആളുകൾക്ക് നിലവിലെ താലൂക്കിൽ എത്തിച്ചേരു ന്നതിന് നാൽപതിലേറെ കിലോമീറ്റർ രണ്ട് വനപ്രദേശങ്ങൾ താണ്ടി യാത്ര ചെയ്യേണ്ടതായി വരുന്നു | യാത്രാക്ലേശം പകുതിയാകും. ഇലക്ഷൻ, പ്രകൃതിക്ഷോഭം തുടങ്ങിയ അവസരങ്ങളിൽ ജീവനക്കാർക്ക് വളരെ പെട്ടെന്ന് തന്നെ നടപടികൾ സ്വീകരിക്കുന്നതിന് കഴിയും. |
| 4 | ഇരുളം | 4943 Ha | ഇരുളം വില്ലേജ് പരിധിയിൽപ്പെടുന്ന ജനങ്ങൾക്ക് നിലവിലെ താലൂക്കിൽ എത്തിച്ചേരുന്നതിന് ഇരുപത് കിലോമീറ്ററോളം 2 വനപ്രദേശ ങ്ങൾ താണ്ടി യാത്ര ചെയ്യേ ണ്ടിവരുന്നു. | നടവയൽ ആസ്ഥാന മാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നപക്ഷം കൂടുതൽ ജീവനക്കാരെ ലഭിക്കുകയും തന്മൂലം പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ കാര്യക്ഷമമായി വേഗത്തിൽ നൽകാൻ സാധിക്കും. |
| 5 | പൂതാടി | 2722 Ha | പൂതാടി വില്ലേജ് പരിധിയിൽ പ്പെടുന്ന ജനങ്ങൾക്ക് നില വിലെ താലൂക്കിൽ എത്തി ച്ചേരുന്നതിന് നാൽപതി ലേറെ കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടി വരുന്നു | താലൂക്ക് ഓഫീസിൽ എത്തിച്ചേ രുന്നതിന് 25 കിലോമീറ്ററോളം ദൂരത്തിൽ കുറവുണ്ടാകും. കാര്യക്ഷമമായി റവന്യൂ ഭരണം നിർവ്വഹിക്കാൻ കഴിയും. |
| 6 | കണിയാമ്പറ്റ | 3317.7117 Ha | നിലവിലെ താലൂക്ക് ആസ്ഥാനത്തേക്ക് ഏകദേശം 25 കിലോ മീറ്ററോളം സഞ്ചരിക്കേ ണ്ടതായിട്ടുണ്ട് | വൈത്തിരി താലൂക്കിൽ 18 വില്ലേജുകൾ ഉള്ളതിനാൽ കണിയാമ്പറ്റ വില്ലേജിനെ പുതിയ താലൂക്കിന്റെ ഭാഗമായി ചേർക്കുക യാണെങ്കിൽ ഭരണ സംവിധാനത്തിന് സൗകര്യപ്രദ മാകുകയും തന്മൂലം സർക്കാരിന്റെ സേവനങ്ങളും ക്ഷേമ പദ്ധതികളും സമയബന്ധിതമായി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | സാധിക്കുകയും ചെയ്യും. |
| 7 | പനമരം | 2668 Ha | നിലവിലെ താലൂക്ക് ആസ്ഥാനത്തേക്ക് ഏകദേശം 15 കിലോ മീറ്ററോളം സഞ്ചരിക്കേണ്ടതായിട്ടുണ്ട് | നടവയൽ ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ യാത്രാ സമയം പകുതിയായി കുറയ്ക്കാൻ സാധിക്കും. ഇലക്ഷൻ, പ്രകൃതിക്ഷോഭം തുടങ്ങിയ അവസരങ്ങളിൽ ജീവനക്കാർക്ക് വളരെ പെട്ടെന്ന് തന്നെ നടപടികൾ സ്വീകരിക്കുന്നതിന് കഴിയും. |

നടവയൽ ആസ്ഥാനമായി താലൂക്ക് രൂപീകരിച്ചാൽ പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി താലൂക്ക് ഓഫീസിൽ എത്താനുള്ള സമയവും യാത്രാചെലവും താരതമ്യേന കുറവ് മതിയാകുമെന്നും നടവയലിൽ താലൂക്ക് ആസ്ഥാനം വരുന്നതോടെ ഭൂമിവില ഉയരുകയും തന്മൂലം സർക്കാരിന് വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യുമെന്നും കൂടാതെ നിലവിലെ താലൂക്കുകളിലെ വില്ലേജുകളുടെ എണ്ണം കുറയുന്നത് റവന്യൂ ഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(13). <u>കണ്ണൂർ ജില്ല</u>

കണ്ണൂർ ജില്ലയിൽ താലൂക്ക് പുന:സംഘടനയുടെ ആവശ്യമില്ലെന്ന് സൂചന (15) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(14). <u>കാസറഗോഡ് ജില്ല</u>

കാസറഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കാസറഗോഡ്, ഹൊസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നിങ്ങനെ ആകെ 4 താലൂക്കുകളാണുള്ളത്. നിലവിലെ താലൂക്കിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | വില്ലേജുകളുടെ എണ്ണം | വില്ലേജ് ഓഫീസുകളുടെ എണ്ണം | ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ എണ്ണം | ആകെ വില്ലേജ് ഓഫീസുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കാസറഗോഡ് | 34 | 13 | 10 | 23 |
| 2 | മഞ്ചേശ്വരം | 48 | 5 | 14 | 19 |
| 3 | വെള്ളരിക്കുണ്ട് | 15 | 13 | 1 | 14 |
| 4 | ഹൊസ്ദുർഗ് | 32 | 26 | 3 | 29 |

ഹൊസ്ദുർഗ് താലൂക്കിൽ മൂന്ന് ഗ്രൂപ്പ് വില്ലേജ് ഉൾപ്പെടെ 29 വില്ലേജ് ഓഫീസുകളിലായി ആകെ 32 വില്ലേജുകളാണുള്ളതെന്നും നിലവിൽ വടക്ക് കാസറഗോഡ് താലൂക്കിന്റെ അതിർത്തി പങ്കിടുന്ന ഉദുമ വില്ലേജ് മുതൽ തെക്ക് പയ്യന്നൂർ താലൂക്കിന്റെ അതിർത്തി പങ്കിടുന്ന തെക്കെ തൃക്കരിപ്പൂർ വരെ നീണ്ടുകിടക്കുന്നതാണ് ഹൊസ്ദുർഗ് താലൂക്കെന്നും ജില്ലാ അതിർത്തിയായ തെക്കെ തൃക്കരിപ്പൂരിന്റെ പടിഞ്ഞാറ് ഭാഗം തീരപ്രദേശത്താൽ ചുറ്റപ്പെട്ടതും തെക്കെ അതിര് ഒളവറ പാലം വരെ നീണ്ടുകിടക്കുന്നതുമാണെന്നും തെക്കെ തൃക്കരിപ്പൂർ വില്ലേജ് കൂടാതെ പിലിക്കോട്, കൊടക്കാട്, വടക്കേ തൃക്കരിപ്പൂർ, ചീമേനി, എന്നീ വില്ലേജുകളും ജില്ലാ അതിർത്തി പങ്കിടുന്നുവെന്നും കിഴക്ക് മലയോര താലൂക്കായ വെള്ളരിക്കുണ്ട് താലൂക്കിലെ കിനാനൂർ, തായന്നൂർ, ബേളൂർ, എന്നീ വില്ലേജുകൾ കൂടി അതിർത്തി പങ്കിടുന്നുവെന്നും ഹൊസ്ദുർഗ് താലൂക്കിന്റെ പടിഞ്ഞാറൻ മേഖല 13 തീരദേശ വില്ലേജുകളാണെന്നും കാസറഗോഡ് ജില്ലയുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണം, പൊതുജനങ്ങളുടെ സൗകര്യം, ജില്ലയുടെ വികസനം എന്നിവ മുൻനിർത്തി ഹൊസ്ദുർഗ് താലൂക്കിനെ രണ്ടായി വിഭജിച്ച് തൃക്കരിപ്പൂർ ആസ്ഥാനമായി പുതിയ ഒരു താലൂക്ക് രൂപീകരിക്കാവുന്നതാണെന്നും 23/04/2018-ൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

എന്നാൽ വർദ്ധിച്ച് വരുന്ന ജനസംഖ്യ കണക്കിലെടുത്തും ഭരണപരമായ സൗകര്യത്തിനും നീലേശ്വരം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് ഉചിതമാണെന്നും ഉദുമ മുതൽ കാഞ്ഞങ്ങാട് വില്ലേജ് വരെ ഉൾപ്പെടുന്ന പ്രദേശം ഹൊസ്ദുർഗ് പരിധിയിൽ നിലനിർത്തി നോർത്ത് തൃക്കരിപ്പൂർ, സൗത്ത് തൃക്കരിപ്പൂർ, ഉദിനൂർ, പടന്ന, വലിയപറമ്പ, ചെറുവത്തൂർ,ഉരുത്തി,പിലിക്കോട്, മാണിയാട്ട്, കൊടക്കാട്, ക്ലായിക്കോട്, തിമിരി, കയ്യൂർ, പേരോൽ, നീലേശ്വരം എന്നീ വില്ലേജുകൾ പുതുതായി രൂപീകരിക്കുന്ന നീലേശ്വരം താലൂക്കിൽ ഉൾപ്പെടുത്താവുന്നതാണെന്നും ആയതിലൂടെ ടി പ്രദേശത്തെ ജനങ്ങൾക്ക് താലൂക്ക് ആസ്ഥാനത്തിലേക്കുള്ള ദൂരപരിധി കുറഞ്ഞ് 20കിലോമീറ്ററിനകത്ത് എത്തിച്ചേരുവാൻ സാധിക്കുന്നതാണെന്നും സൂചന (16) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നീലേശ്വരം ആസ്ഥാനമായുള്ള താലൂക്കിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | ജനസംഖ്യ ( 2011 സെൻസസ്) |
|---|---|---|---|
| 1 | വടക്കേ തൃക്കരിപ്പൂർ | 902.33 | 15064 |

| | | | |
|---|---|---|---|
| 1 | വടക്കെ തൃക്കരിപ്പൂർ | 902.33 | 15064 |
| 2 | തെക്കെ തൃക്കരിപ്പൂർ | 1442.19 | 19332 |
| 3 | ഉദിനൂർ | 1063.93 | 9569 |
| 4 | പടന്ന | 979.75 | 16987 |
| 5 | ചെറുവത്തൂർ | 936.48 | 22425 |
| 6 | തുരുത്തി | 901.30 | - |
| 7 | വലിയപറമ്പ | 897.51 | - |
| 8 | പിലിക്കോട് | 1762.25 | 12249 |
| 9 | മാണിയാട്ട് | 698.25 | |
| 10 | കൊടക്കാട് | 1685.44 | 9000 |
| 11 | കയ്യൂർ | 2056.11 | 5402 |
| 12 | ചീമേനി | 3670.42 | 6888 |
| 13 | ക്ലായിക്കോട് | 713.89 | 7374 |
| 14 | തിമിരി | 811.87 | |
| 15 | നീലേശ്വരം | 1260.70 | 20651 |
| 16 | പേരോൽ | 1366.87 | 12646 |

(ഉദിനൂർ, പടന്ന, തെക്കെ തൃക്കരിപ്പൂർ എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങൾ ഉൾപ്പെടുത്തി 2013-ൽ വലിയപറമ്പ വില്ലേജ് രൂപീകരിച്ചിട്ടുള്ളതും 2021-ൽ ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി വില്ലേജ് രൂപീകരിച്ചിട്ടുള്ളതുമാണ്. ടി വില്ലേജുകളിലെ ജനസംഖ്യ പ്രത്യേകം ലഭ്യമല്ല.)

നീലേശ്വരം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം താലൂക്ക് വികസന സമിതിയിൽ ചർച്ച ചെയ്തപ്പോൾ പ്രദേശത്തെ മുഴുവൻ ജനപ്രതിനിധികളും യോഗത്തിൽ സന്നിഹിതരല്ലാത്തതിനാൽ, എല്ലാ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് ബഹു.തൃക്കരിപ്പൂർ എം.എൽ.എ അഭിപ്രായപ്പെട്ടതായും ഇത് സംബന്ധിച്ച റിപ്പോർട്ട് പിന്നീട് സമർപ്പിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം ആസ്ഥാനമായും കൊല്ലം ജില്ലയിൽ ചാത്തന്നൂർ, കടക്കൽ/ചടയമംഗലം എന്നിവ ആസ്ഥാനമായും ആലപ്പുഴ ജില്ലയിൽ കുത്തിയതോട്, കായംകുളം എന്നിവ ആസ്ഥാനമായും കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ, പൂഞ്ഞാർ എന്നിവ ആസ്ഥാനമായും എറണാകുളം ജില്ലയിൽ പിറവം, വൈപ്പിൻ എന്നിവ ആസ്ഥാനമായും തൃശ്ശൂർ ജില്ലയിൽ ചേർപ്പ്, മണ്ണുത്തി എന്നിവ ആസ്ഥാനമായും പാലക്കാട് ജില്ലയിൽ കൊല്ലംങ്കോട് ആസ്ഥാനമായും മലപ്പുറം ജില്ലയിൽ കോട്ടക്കൽ അല്ലെങ്കിൽ വളാഞ്ചേരി ആസ്ഥാനമായും

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ആസ്ഥാനമായും വയനാട് ജില്ലയിൽ നടവയൽ ആസ്ഥാനമായും കാസർഗോഡ് ജില്ലയിൽ നീലേശ്വരം ആസ്ഥാനമായും 16 താലൂക്കുകൾ രൂപീകരിക്കണമെന്ന് വിവിധ ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂവിസ്തൃതി, ജനസംഖ്യ എന്നിവ കണക്കിലെടുത്തും ഭരണപരമായ സൗകര്യത്തിനും ജില്ലകളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം പുതിയ താലൂക്കുകൾ രൂപീകരിക്കാവുന്നതാണ്.

| **ക്രമ നമ്പർ** | **പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ട ജില്ല** | **പുതുതായി രൂപീകരിക്കുന്ന താലൂക്കിന്റെ പേര്** | **പുതുതായി രൂപീകരിക്കുന്ന താലൂക്കിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ** | **പുതുതായി രൂപീകരിക്കുന്ന താലൂക്കിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളുടെ എണ്ണം** |
|---|---|---|---|---|
| (1). | തിരുവനന്തപുരം | കഴക്കൂട്ടം | കഠിനംകുളം,മേനംകുളം, വെയിലൂർ, മേൽത്തോന്നയ്ക്കൽ, കീഴ്ത്തോന്നയ്ക്കൽ, പള്ളിപ്പുറം, അണ്ടൂർക്കോണം,അയിരൂപ്പാറ, ഉളിയാഴ്ത്തുറ, കഴക്കൂട്ടം, ആറ്റിപ്ര, ചെറുവയ്ക്കൽ, പാങ്ങപ്പാറ, ഉള്ളൂർ | 14 |
| (2). | കൊല്ലം | ചാത്തന്നൂർ | പരവൂർ,പൂതക്കുളം, മീനാട്, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, പാരിപ്പള്ളി,കോട്ടപ്പുറം, ചിറക്കര, പൂയപ്പള്ളി | 9 |
| | | | വെളിനല്ലൂർ, ഇളമാട്, കടയൽ, | |

| | | | | |
|---|---|---|---|---|
| | | ചടയമംഗലം/കടയ്ക്കൽ | ചിതറ, ചടയമംഗലം, മാങ്കോട്, കുമ്മിൾ, കോട്ടുക്കൽ, നിലമേൽ , ഇട്ടിവ, അലയമൺ,ചണ്ണപ്പേട്ട | 12 |
| (3). | ആലപ്പുഴ | കുത്തിയതോട് | തുറവൂർ തെക്ക്, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരൂർ, അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി,തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം | 10 |
| | | കായംകുളം | കായംകുളം, പുതുപ്പള്ളി, കൃഷ്ണപുരം, കീരിക്കാട്, പത്തിയൂർ, കണ്ടല്ലൂർ, പെരുങ്ങാല, കണ്ണമംഗലം, ഭരണിക്കാവ്, കറ്റാനം | 10 |
| (4). | കോട്ടയം | ഏറ്റുമാനൂർ | ആർപ്പൂക്കര, ഏറ്റുമാനൂർ,അതിരമ്പുഴ, അയർക്കുന്നം, കൈപ്പുഴ, ഓണംതുരുത്ത്, പേരൂർ, കല്ലറ, കോതനല്ലൂർ, മാഞ്ഞൂർ, കാണക്കാരി | 11 |
| | | പൂഞ്ഞാർ | മൂന്നിലവ്, മേലുകാവ്, തീക്കോയി, തലനാട്, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ നടുഭാഗം, ഈരാറ്റുപേട്ട, തലപ്പലം, കൊണ്ടൂർ | 10 |
| (5). | എറണാകുളം | വൈപ്പിൻ | പള്ളിപ്പുറം, കുഴപ്പിള്ളി, എടവനക്കാട്,നായരമ്പലം, ഞാറയ്ക്കൽ ,എളങ്കുന്നപ്പുഴ, പുതുവൈപ്പ്, മുളവുകാട്, കടമക്കുടി | 9 |

| | | | | |
|---|---|---|---|---|
| | | പിറവം | കൂത്താട്ടുകുളം ഇലഞ്ഞി, തിരുമ ാറാടി, ഓണക്കൂർ, മേമുറി,രാമ മംഗലം, പിറവം, മണീട്,മുളന്തു രുത്തി, കണയന്നൂർ, എടയ്ക്കാട്ടു വയൽ, ആമ്പല്ലൂർ, കൈപ്പട്ടൂർ, തിരുവാണിയൂർ | 14 |
| (6). | തൃശ്ശൂർ | ചേർപ്പ് | കിഴപ്പളളിക്കര,താന്ന്യം,വടക്കുമു റി,കിഴക്കുമുറി,പടിയം,അന്തിക്കാ ട്, ചാഴൂർ,പുളള്,കുറുമ്പിലാവ്, ഇ ഞ്ചമുടി,ആലപ്പാട്,പാറളം,പളളി പ്പുറം,കോടന്നൂർ, അവിണിശ്ശേ രി, പാലിശ്ശേരി, വെങ്ങിണിശ്ശേ രി, ചേർപ്പ്, ഊരകം,ചൊവ്വൂർ, വല്ലച്ചിറ,ആറാട്ടുപുഴ, മണലൂർ, കാരമുക്ക്, പരയ്ക്കാട്, എറവ്,മന ക്കൊടി, വെളുത്തൂർ | 28 |
| | | മണ്ണുത്തി | പീച്ചി, പാണഞ്ചേരി, ഒല്ലൂക്കര, നെട്ടിശ്ശേരി,മുളയം, കൈന്നൂർ, പുത്തൂർ, മാന്ദാമംഗലം,കൊഴുക് കുളളി, മാടക്കത്തറ, മരത്താക് കര, നടത്തറ, വെളളാനിക്കര | 13 |
| (7). | പാലക്കാട് | കൊല്ലങ്കോട് | കൊല്ലങ്കോട് -1,കൊല്ലങ്കോട്-2, എലവഞ്ചേരി, വടവന്നൂർ, മുത ലമട-1, മുതലമട-2, നെൻമാറ, വല്ലങ്ങി,പല്ലശ്ശന, കയറാടി, തി രുവഴിയാട്, അയിലൂർ, നെല്ലി യാമ്പതി | 13 |
| | | | കുഴിപ്പറം, നടവട്ടം, കാട്ടിപ്പരുത് | |

| | | | | |
|---|---|---|---|---|
| (8). | മലപ്പുറം | വളാഞ്ചേരി/കോട്ടക്കൽ | കുറ്റിപ്പുറം, നടുവട്ടം, കാട്ടിപ്പരുത്തി, ഇരിമ്പിളിയം, ആതവനാട്, കുറുമ്പത്തൂർ, മാറാക്കര,മേൽമുറ ി,എടയൂർ, പൊന്മള, കോട്ടക്കൽ, കോഡൂർ, മൂർക്കനാട്, കുറുവ, ഒതുക്കുങ്ങൽ | 15 |
| (9). | കോഴിക്കോട് | പേരാമ്പ്ര | ചെമ്പനോട, ചക്കിട്ടപ്പാറ,കൂരാച്ചുണ്ട്, കായണ്ണ, പേരാമ്പ്ര,മേഞ്ഞാണ്യം,എരവട്ടൂർ,കൂത്താളി, ചങ്ങരോത്ത്, പാലേരി, ചെറുവണ്ണൂർ, നൊച്ചാട്,കായക്കൊടി, കുറ്റ്യാടി, വേളം, മരുതോങ്കര, കാവിലുംപാറ, കുന്നുമ്മൽ, തിര ുവള്ളൂർ | 19 |
| (10) | വയനാട് | നടവയൽ | നടവയൽ,പുൽപ്പള്ളി, പാടിച്ചിറ,ഇരുളം,പൂതാടി, കണിയാമ്പറ്റ, പനമരം | 7 |
| (11). | കാസറഗോഡ് | നീലേശ്വരം | വടക്കേ തൃക്കരിപ്പൂർ, തെക്കേ തൃക്കരിപ്പൂർ, ഉദിനൂർ, പടന്ന, ചെറുവത്തൂർ, തുരുത്തി, വലിയപറമ്പ, പിലിക്കോട്, മാണിയാട്ട്,ക ൊടക്കാട്,കയ്യൂർ,ചീമേനി,ക്ലായിക്കോട്, തിമിരി, നീലേശ്വരം, പേരോൽ | 16 |

പുതിയ താലൂക്കുകളുടെ രൂപീകരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളുന്നതിനായി ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ പകർപ്പുകൾ, **കൺസോളിഡേറ്റഡ് ലിസ്റ്റ് പട്ടിക രൂപത്തിൽ**, ജില്ല തിരിച്ച് താലൂക്കുകളുടേയും വില്ലേജുകളുടെ എണ്ണവും സംബന്ധിച്ച ലിസ്റ്റ്, നിലവിലെ ജില്ലകളുടെ ശരാശരി താലൂക്ക്തല വിസ്തീർണ്ണവും, ജനസംഖ്യയും സംബന്ധിച്ച ലിസ്റ്റ് എന്നിവ

ഉള്ളടക്കം ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Signed by
A Kowsigan
Date: 11-12-2024 17:21:28

Dr A KOWSIGAN IAS,

COMMISSIONER _ CLR, O/o Commissioner CLR

**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**

പബ്ലിക് ഓഫീസ് ബിൽഡിംഗ്

തിരുവനന്തപുരം,പിൻകോഡ് :-695033

**മെയിൽ ഐ ഡി** :- lrcommissioner@gmail.com

**e-Office CRU ID** :- cru.lrctvm@kerala.gov.in

---

**LR/1886/2021-LR(M4)** **Date:19-12-2025**

---

കമ്മിഷണർ

ലാൻഡ് റവന്യു

**To**

സെക്രട്ടറി ,

റവന്യു (എഫ്) വകുപ്പ് ,

ഗവണ്മെന്റ് സെക്രട്ടേറിയറ്റ് ,

തിരുവനന്തപുരം

സർ,

വിഷയം :- താലൂക്ക് വിഭജനം-പുതുക്കിയ പ്രപ്പോസൽ സമർപ്പിക്കുന്നത്.

സൂചന :- 1. സർക്കാരിൽ നിന്നുള്ള,23.12.2023 തീയതിയിലെ, റവ. എഫ് 1/310/2023 റവ. നമ്പർ കത്ത്.

2. സർക്കാരിൽ നിന്നുള്ള,25.04.2025 തീയതിയിലെ, റവ. എഫ് 1/178/2017 റവ.നമ്പർ കത്ത്.

3.ഈ ഓഫീസിൽ നിന്നും ഇതേ നമ്പരിലായി വിവിധ തീയതികളിൽ നൽകിയ കത്തുകൾ.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. മേൽ സൂചനകൾ 1,2 പ്രകാരം താലൂക്ക് പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നതും അവ സൂചന 3 പ്രകാരം സമർപ്പിച്ചിരുന്നതുമാണ്. ലഭ്യമായ ശിപാർശകൾ ഒന്നുകൂടി വിലയിരുത്തി തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം ജില്ലകളുടെ ശിപാർശയും ഏറ്റവും കൂടുതൽ വില്ലേജുകൾ ഉൾപ്പെടുന്ന തൃശ്ശൂർ താലൂക്കിന്റെ വിഭജന ശിപാർശയും മാത്രം ഉൾപ്പെടുത്തി പുതുക്കിയ ശിപാർശ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു .

വിശ്വസ്തതയോടെ

**JEEVAN BABU K IAS**

**COMMISSIONER LAND REVENUE**

# <u>പുതിയ താലൂക്ക് രൂപീകരണം സംബന്ധിച്ച പ്രൊപ്പോസൽ</u>

1956 നവംബർ ഒന്നിനാണ് ഭാഷാടിസ്ഥാനത്തിൽ കേരളം എന്ന സംസ്ഥാനം രൂപം കൊണ്ടത്. റവന്യൂ ഭരണ സൗകര്യത്തിനായി സംസ്ഥാനത്തെ ജില്ലകളായും, ജില്ലകളെ താലൂക്കുകളായും, താലൂക്കുകളെ വില്ലേജുകളായും വിഭജിച്ചിരിക്കുന്നു.

കേരളത്തിൽ 14 ജില്ലകളിലായി 78 താലൂക്കുകളാണ് നിലവിലുള്ളത്. 2013 ന് മുൻപ് കേരളത്തിൽ ആകെ 65 താലൂക്കുകളാണ് ഉണ്ടായിരുന്നത്. തുടർന്ന് **02/05/2013 ലെ** സ.ഉ.(എം.എസ്) 227/13/റവന്യൂ നം. സർക്കാർ **ഉത്തരവ് പ്രകാരം** മഞ്ചേശ്വരം (കാസർഗോഡ് ജില്ല), വെള്ളരിക്കുണ്ട് (കാസർഗോഡ് ജില്ല), ഇരിട്ടി (കണ്ണൂർ ജില്ല), താമരശ്ശേരി (കോഴിക്കോട് ജില്ല), കൊണ്ടോട്ടി (മലപ്പുറം ജില്ല), പട്ടാമ്പി (പാലക്കാട് ജില്ല), ചാലക്കുടി (തൃശ്ശൂർ ജില്ല), ഇടുക്കി (ഇടുക്കി ജില്ല), കോന്നി (പത്തനംതിട്ട ജില്ല), കാട്ടാക്കട (തിരുവനന്തപുരം ജില്ല), വർക്കല (തിരുവനന്തപുരം ജില്ല), പുനലൂർ (കൊല്ലം ജില്ല) എന്നീ **12 താലൂക്കുകളും** , തുടർന്ന് , **20/02/2021 ലെ** സ.ഉ .(സാധാ) 906/2021/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം **അട്ടപ്പാടി ആസ്ഥാനമായി ഒരു ട്രൈബൽ താലൂക്കും (പാലക്കാട് ജില്ല**) പുതിയതായി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ് .

**ജില്ലകളിൽ 2013 ന് മുൻപുണ്ടായിരുന്ന താലൂക്കുകൾ, നിലവിലുള്ള താലൂക്കുകൾ, നിലവിലെ വില്ലേജുകളുടെ എണ്ണം, ഒരു താലൂക്കിൽ ശരാശരി എത്ര വില്ലേജുകൾ എന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക കണ്ടാലും.**

| **ക്രമ നം.** | **ജില്ല** | **2013 ന് മുൻപ് ഉണ്ടായിരുന്ന താലൂക്കുകളുടെ എണ്ണം** | **നിലവിലുള്ള താലൂക്കുകളുടെ എണ്ണം, ബ്രാക്കറ്റിൽ വില്ലേജുകളുടെ എണ്ണം** | **വില്ലേജുകളുടെ ശരാശരി എണ്ണം** |
|---|---|---|---|---|
| 1 | ആലപ്പുഴ | 6 | 6 (93) | 16 |
| 2 | കാസർഗോഡ് | 2 | 4 (129) | 33 |
| 3 | വയനാട് | 3 | 3 (49) | 17 |
| 4 | **തിരുവനന്തപുരം** | **4** | **6 (124)** | **21** |
| 5. | കോട്ടയം | 5 | 5 (100) | 20 |
| 6. | **കോഴിക്കോട്** | **3** | **4 (118)** | **30** |
| 7. | കൊല്ലം | 5 | 6 (105) | 18 |
| 8. | പത്തനംതിട്ട | 5 | 6 (70) | 12 |
| 9. | കണ്ണൂർ | 4 | 5 (133) | 27 |
| 10. | **തൃശ്ശൂർ** | **6** | **7 (255)** | **37** |

| | | | | |
|---|---|---|---|---|
| 11. | എറണാകുളം | 7 | 7 (127) | 19 |
| 12. | **മലപ്പുറം** | **6** | **7 (138)** | **20** |
| 13. | ഇടുക്കി | 4 | 5 (68) | 14 |
| 14. | **പാലക്കാട്** | **5** | **7 (157)** | **23** |
| | **ആകെ** | **65** | **78(1666)** | |

ഈ പട്ടിക പ്രകാരം കേരളത്തിലെ ജില്ലകളിൽ നിലവിൽ ഒരു ജില്ലയിൽ 3 മുതൽ 7 വരെ താലൂക്കുകൾ ഉള്ളതായി കാണാനാകും. ജില്ലകളിൽ 49 മുതൽ 255 വരെ വില്ലേജുകളും, താലൂക്ക് തലത്തിൽ ശരാശരി 12 മുതൽ 37 വരെ വില്ലേജുകളും ഉള്ളതായും കാണാനാകും.

**ജില്ലകളുടെ വിസ്തീർണ്ണം, താലൂക്കുകളുടെ എണ്ണം, പേര്, ആകെ വില്ലേജുകളുടെ എണ്ണം, ഓരോ താലൂക്കിലുമുള്ള വില്ലേജുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു. (ജില്ലകളുടെ വിസ്തീർണ്ണം ആരോഹണക്രമത്തിൽ).**

| **ക്രമ നം.** | **ജില്ല** | **വിസ്തീർണ്ണം (ച.കി മീ)** | **താലൂക്കുകളുടെ എണ്ണം/ ആകെ വില്ലേജുകളുടെ എണ്ണം** | **താലൂക്കുകളുടെ പേരും വിസ്തീർണ്ണവും (ഹെക്ടറിൽ)** | **വില്ലേജുകളുടെ എണ്ണം** | **താലൂക്കുകളുടെ ശരാശരി വിസ്തീർണ്ണം (ച.കി മീ)** |
|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 1414 | 6/93 | 1. ചേർത്തല (12751.13) | 21 | 236 |
| | | | | 2. അമ്പലപ്പുഴ (19275.46) | 14 | |
| | | | | 3. കുട്ടനാട് (2267.98) | 14 | |
| | | | | 4. മാവേലിക്കര (23694.06) | 15 | |
| | | | | 5. കാർത്തികപ്പള്ളി (22186.88) | 18 | |
| | | | | 6. ചെങ്ങന്നൂർ (14187.11) | 11 | |
| | | | | 1. മഞ്ചേശ്വരം (38146.54) | 48 | |
| | | | | 2. കാസർഗോഡ് (55411.93) | 34 | |

| | | | | | | |
|---|---|---|---|---|---|---|
| 2 | കാസർഗോഡ് | 1992 | 4/129 | 3. ഹോസ്ദുർഗ്ഗ് (45117.37) | 32 | 498 |
| | | | | 4. വെള്ളരിക്കുണ്ട് (53920.63) | 15 | |
| 3 | വയനാട് | 2131 | 3/49 | 1. മാനന്തവാടി (73324.00) | 16 | 710 |
| | | | | 2.സുൽത്താൻബത്തേരി(77481.00) | 15 | |
| | | | | 3. വൈത്തിരി (61201.00) | 18 | |
| 4 | തിരുവനന്തപുരം | 2192 | 6/124 | 1. തിരുവനന്തപുരം (31528.99) | 31 | 365 |
| | | | | 2. ചിറയിൻകീഴ് (22692.64) | 22 | |
| | | | | 3. വർക്കല (16587.59) | 12 | |
| | | | | 4. നെയ്യാറ്റിൻകര (27923.33) | 21 | |
| | | | | 5. കാട്ടാക്കട (33826.79) | 13 | |
| | | | | 6. നെടുമങ്ങാട് (88057.65) | 25 | |
| 5 | കോട്ടയം | 2208 | 5/100 | 1. ചങ്ങനാശ്ശേരി (26437.00) | 15 | 442 |
| | | | | 2. കാഞ്ഞിരപ്പള്ളി (45347.00) | 13 | |
| | | | | 3. കോട്ടയം (50546.00) | 26 | |
| | | | | 4. മീനച്ചിൽ (68571.50) | 28 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 5. വൈക്കം (33357.37) | 18 | |
| 6 | കോഴിക്കോട് | 2344 | 4/118 | 1. കോഴിക്കോട് (52730.50) | 39 | 586 |
| | | | | 2. താമരശ്ശേരി (49311.14) | 20 | |
| | | | | 3. കൊയിലാണ്ടി (64552.17) | 31 | |
| | | | | 4. വടകര (57596.11) | 28 | |
| 7 | കൊല്ലം | 2491 | 6/105 | 1. കൊല്ലം (39867.25) | 31 | 415 |
| | | | | 2. കരുനാഗപ്പള്ളി (17912.82) | 17 | |
| | | | | 3. കുന്നത്തൂർ (13760.18) | 7 | |
| | | | | 4. പുനലൂർ (99060.61) | 15 | |
| | | | | 5. കൊട്ടാരക്കര (55108.46) | 27 | |
| | | | | 6. പത്തനാപുരം (28237.90) | 8 | |
| 8 | പത്തനംതിട്ട | 2637 | 6/70 | 1. കോന്നി (91690.62) | 12 | 440 |
| | | | | 2. അടൂർ (28115.51) | 14 | |
| | | | | 3. കോഴഞ്ചേരി (19588.13) | 13 | |
| | | | | 4. മല്ലപ്പള്ളി (16303.00) | 9 | |
| | | | | 5. തിരുവല്ല (15719.23) | 12 | |
| | | | | 6. റാന്നി (27043.82) | 10 | |
| | | | 5/133 | 1. ഇരിട്ടി (74976.00) | 20 | |

| | | | | | | |
|---|---|---|---|---|---|---|
| 9 | കണ്ണൂർ | 2966 | | 2. തലശ്ശേരി (50862.66) | 35 | 59 |
| | | | | 3. കണ്ണൂർ (28670.89) | 28 | |
| | | | | 4. പയ്യന്നൂർ (49442.55) | 22 | |
| | | | | 5. തളിപ്പറമ്പ് (81347.93) | 28 | |
| 10 | തൃശ്ശൂർ | 3032 | 7/255 | 1. ചാലക്കുടി (44236.42) | 31 | 433 |
| | | | | 2. മുകുന്ദപുരം (28241.47) | 29 | |
| | | | | 3. കൊടുങ്ങല്ലൂർ (14480.68) | 18 | |
| | | | | 4. ചാവക്കാട് (23589.43) | 29 | |
| | | | | 5. തൃശ്ശൂർ (64637.13) | 74 | |
| | | | | 6. കുന്നംകുളം (20184.71) | 29 | |
| | | | | 7. തലപ്പിള്ളി (47662.64) | 45 | |
| 11 | എറണാകുളം | 3068 | 7/127 | 1. ആലുവ (53159.00) | 20 | 438 |
| | | | | 2. പറവൂർ (17336.00) | 13 | |
| | | | | 3. കണയന്നൂർ (31213.43) | 25 | |
| | | | | 4. കൊച്ചി (13522.00) | 15 | |
| | | | | 5. കോതമംഗലം (94302.37) | 13 | |
| | | | | 6. കുന്നത്തുനാട് (46430.00) | 23 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 7. മൂവാറ്റുപുഴ (52189.00) | 18 | |
| 12 | മലപ്പുറം | 3550 | 7/138 | 1. ഏറനാട് (48744.68) | 23 | 507 |
| | | | | 2. കൊണ്ടോട്ടി (24871.00) | 12 | |
| | | | | 3. നിലമ്പൂർ (165999.69) | 21 | |
| | | | | 4. പെരിന്തൽമണ്ണ (55052.00) | 24 | |
| | | | | 5. പൊന്നാനി (20129.00) | 11 | |
| | | | | 6. തിരൂർ (43415.44) | 30 | |
| | | | | 7. തിരൂരങ്ങാടി ((28943.19) | 17 | |
| 13 | ഇടുക്കി | 4358 | 5/68 | 1. ദേവികുളം (115208.88) | 15 | 871 |
| | | | | 2. ഉടുമ്പൻചോല (70731.35) | 17 | |
| | | | | 3. പീരുമേട് (135261.57) | 10 | |
| | | | | 4. ഇടുക്കി (73377.66) | 9 | |
| | | | | 5. തൊടുപുഴ (53925.19) | 17 | |
| 14 | പാലക്കാട് | 4480 | 7/157 | 1. ആലത്തൂർ (57258.59) | 30 | 640 |
| | | | | 2. ചിറ്റൂർ ((113106.48) | 30 | |
| | | | | 3. പാലക്കാട് (66033.60) | 30 | |
| | | | | 4. മണ്ണാർക്കാട് (114712.52) | 19 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 5. ട്രൈബൽ താലൂക്ക്, അട്ടപ്പാടി | 6 | |
| | | | | 6. ഒറ്റപ്പാലം (47615.14) | 24 | |
| | | | | 7. പട്ടാമ്പി (35978.24) | 18 | |

**<u>ജില്ലകളെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ (ആരോഹണക്രമത്തിൽ) ചുവടെ ചേർക്കുന്ന പട്ടികയിൽ രേഖപ്പെടുത്തുന്നു</u>**

| ക്രമ നം. | ജില്ല | ആകെ ജനസംഖ്യ | താലൂക്കുകളിലെ ശരാശരി ജനസംഖ്യ |
|---|---|---|---|
| 1. | വയനാട് | 817420 | 272473 |
| 2. | ഇടുക്കി | 1108974 | 221795 |
| 3. | പത്തനംതിട്ട | 1197412 | 199569 |
| 4. | കാസർഗോഡ് | 1307375 | 326844 |
| 5. | കോട്ടയം | 1974551 | 394910 |
| 6. | ആലപ്പുഴ | 2127789 | 354632 |
| 7. | കണ്ണൂർ | 2523003 | 504601 |
| 8. | കൊല്ലം | 2635375 | 439229 |
| 9. | പാലക്കാട് | 2809934 | 401419 |
| 10. | കോഴിക്കോട് | 3086293 | 771573 |
| 11. | തൃശ്ശൂർ | 3121200 | 445886 |
| 12. | എറണാകുളം | 3282388 | 468913 |

| | | | |
|---|---|---|---|
| | | | |
| 13. | തിരുവനന്തപുരം | 3301427 | 550238 |
| 14. | മലപ്പുറം | 4112920 | 587560 |

വിവിധ സ്ഥലങ്ങളിൽ നിന്നും പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള ആവശ്യകത ഉയർന്നു വന്നിട്ടുള്ളതും, 11 ജില്ലകളിൽ നിന്നും പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.

പുതിയതായി താലൂക്കുകൾ രൂപീകരിക്കപ്പെടുമ്പോൾ, താലൂക്ക് ഓഫീസുകൾ കൂടാതെ, മറ്റ് അനുബന്ധ ഓഫീസുകളായ സിവിൽ സപ്ലൈസ് ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, സബ് ആർ.ടി ഓഫീസ്, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ലേബർ ഓഫീസ് , സബ് രജിസ്ട്രാർ ഓഫീസ് എന്നിങ്ങനെയുള്ള ഓഫീസുകൾ കൂടി താലൂക്ക് തലത്തിൽ രൂപീകരിക്കേണ്ടതുണ്ട്.

നിലവിൽ **താലൂക്ക് ഓഫീസുകളിലെ തസ്തികകളുടെ ശരാശരി എണ്ണം** ചുവടെ ചേർക്കുന്നു

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | തഹസിൽദാർ | 1 |
| 2 | തഹസിൽദാർ (എൽ.ആർ) | 1 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ട് | 08 |
| 4 | ആർ .ഐ / ഹെഡ് ക്ലാർക്ക് | 01 |
| 5 | ക്ലാർക്ക് | 18 |
| 6 | സീനിയർ ക്ലാർക്ക് | 18 |
| 7 | എൽ .ഡി ടൈപിസ്റ്റ് | 01 |
| 8 | യു .ഡി ടൈപ്പിസ്റ്റ് | 01 |
| 9 | ഹെഡ് സർവേയർ | 01 |
| 10 | സർവേയർ | 01 |
| 11 | ഓഫീസ് അറ്റൻഡന്റ് | 04 |

| | | |
|---|---|---|
| | | |
| 12 | അറ്റൻഡർ | 01 |
| 13 | പി ടി എസ് | 01 |
| 14 | ഡ്രൈവർ | 01 |
| | **ആകെ** | **58** |

മേൽ വിവരിച്ച പ്രകാരമുള്ള ഓഫീസുകളിലെല്ലാം തന്നെ ആവശ്യമുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കേണ്ടി വരുന്നതിന് പുറമേ, അവരുടെ വേതന ചെലവുകൾ, ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, കമ്പ്യൂട്ടർ, വാഹനം, ടെലിഫോൺ ചാർജ്ജ് എന്നിവയും, മറ്റ് അനുബന്ധ ചെലവുകൾക്കുമുള്ള തുകയും കണ്ടെത്തേണ്ടതുണ്ട്. ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ നിലവിലെ ഓഫീസുകളിൽ തന്നെ വേണ്ടത്ര ഉദ്യോഗസ്ഥരെ ലഭ്യമാകാതെ ഇരിക്കുന്നതിനാൽ ഈ ജില്ലകളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതായി കാണുന്നില്ല.പത്തനംതിട്ട, ഇടുക്കി , കണ്ണൂർ ജില്ലകളിൽ നിന്നും നിലവിൽ പുതിയ താലൂക്കിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ലാത്തതിനാൽ അവ ഈ ഘട്ടത്തിൽ പരിഗണിയ്ക്കേണ്ടതില്ല.

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് പല വിധ നിർദ്ദേശങ്ങൾ വരുന്നുണ്ടെങ്കിലും, ജനസംഖ്യ , വിസ്തീർണ്ണം എന്നിവയ്ക്ക് ആനുപാതികമായി ജില്ലകളിലെ താലൂക്കുകളുടെ എണ്ണത്തിലുള്ള അന്തരം കുറയ്ക്കുക; യാത്രാ സൗകര്യം കുറഞ്ഞിടങ്ങളിൽ സേവനങ്ങൾ ജനങ്ങളുടെ സമീപത്തെത്തിയ്ക്കുക ; ദുരന്ത നിവാരണം , തെരഞ്ഞെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രതികരണ സമയം കുറച്ച് സേവനം വേഗത്തിലാക്കുക ; ഭരണം കൂടുതൽ വികേന്ദ്രീകൃതമാക്കുക ; സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിയ്ക്കുക എന്നിവ ലക്ഷ്യമിട്ടും , ദീർഘ കാലമായി പൊതുജനങ്ങൾ ,ജനപ്രതിനിധികൾ എന്നിവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ മുഖവിലയ്ക്കെടുത്തും പുതിയ താലൂക്കുകൾ രൂപീകരിയ്ക്കുന്നതാവും ഉചിതമെന്ന് കാണുന്നു. പുതിയ

താലൂക്കുകൾ അനുവദിയ്ക്കുമ്പോൾ ജില്ലയിലെ ആകെ താലൂക്കുകളുടെ എണ്ണം 8 ആയി നിജപ്പെടുത്തുന്നതും ഉചിതമായിരിക്കും.

<u>**ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് പുതിയതായി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്ന താലൂക്കുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു**</u>

<u>**1.തിരുവനന്തപുരം**</u>

| **നിലവിലുള്ള താലൂക്കുകളുടെ പേര്(വില്ലേജുകളുടെ എണ്ണം ബ്രാക്കറ്റിൽ)** | **ശിപാർശ ചെയ്ത പുതിയ താലൂക്കിന്റെ പേര്** | **ശിപാർശ ചെയ്ത പുതിയ താലൂക്ക് ആസ്ഥാനം** | **നിലവിലുള്ള താലൂക്കിൽ നിന്നും പുതിയതായി വേർതിരിക്കുന്നത് എപ്രകാരം** | **ന്യായീകരണം** | **ശിപാർശ അംഗീകരിച്ചാൽ ഓരോ താലൂക്കിലുമുള്ള വില്ലേജുകളുടെ എണ്ണം** |
|---|---|---|---|---|---|
| **1) തിരുവനന്തപുരം (31)**<br><br>2)ചിറയിൻകീഴ് (22)<br><br>3)വർക്കല (12)<br><br>4)നെയ്യാറ്റിൻകര (21)<br><br>5)കാട്ടാക്കട (13)<br><br>6)നെടുമങ്ങാട് (25) | **കഴക്കൂട്ടം** | **കഴക്കൂട്ടം** | തിരുവനന്തപുരം താലൂക്കിന്റെ ഭാഗങ്ങളായ **14 വില്ലേജുകൾ** ഉൾപ്പെടുത്തി (കഠിനംകുളം, അണ്ടൂർക്കോണം, മംഗലപുരം, പോത്തൻകോട് എന്നീ പഞ്ചായത്തുകൾ പൂർണ്ണമായും, തിരുവനന്തപുരം നഗരസഭ ഭാഗികമായും) 15149.0262 Ha വിസ്തൃതിയിലുള്ള **കഴക്കൂട്ടം താലൂക്ക്** | തിരുവനന്തപുരം താലൂക്കിന്റെ അങ്ങേ അറ്റത്തുള്ള ജനങ്ങൾക്ക് താലൂക്ക് കാര്യാലയത്തിൽ എത്തിച്ചേരുന്നതിനായി ഒരു ഭാഗത്ത് 30 കിലോമീറ്ററിലധികം ആണ് യാത്ര ചെയ്യേണ്ടിവരുന്നത്. കഴക്കൂട്ടം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിച്ചാൽ പുതിയ താലൂക്ക് പരിധിയിലെ ഏതൊരാൾക്കും പരമാവധി 8 കി.മീറ്റർ യാത്ര ചെയ്താൽ താലൂക്ക് ആസ്ഥാനത്തിലെത്തിച്ചേരാനാകും. **സംസ്ഥാനത്തെ ആകെ ജന സംഖ്യയിൽ രണ്ടാം സ്ഥാനവും താലൂക്കിലെ ശരാശരി ജന സംഖ്യയിൽ മൂന്നാം സ്ഥാനവുമാണ്** തിരുവനന്തപുരത്തിനുള്ളത്. 14 നിയമ സഭാ മണ്ഡലങ്ങളിലെയും ഇലക്ഷൻ ചുമതലകൾ 6 തഹസിൽദാർമാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. | 1)**തിരുവനന്തപുരം (17)**<br><br>2)ചിറയിൻകീഴ് (22)<br><br>3)വർക്കല (12)<br><br>4)നെയ്യാറ്റിൻകര (21)<br><br>5)കാട്ടാക്കട (13)<br><br>6)നെടുമങ്ങാട് (25)<br><br>**7)കഴക്കൂട്ടം (14)** |

| | | | | | |
|---|---|---|---|---|---|
| | | | | തിരുവനന്തപുരം താലൂക്കിൽ ഭൂരേഖാ വിഭാഗത്തിൽ മാത്രം നിലവിൽ വസ്തു സംബന്ധമായ 12000-ൽ അധികം ഫയലുകളാണ് തീർപ്പ് കൽപ്പിക്കുവാൻ ബാക്കിയുള്ളത്. താലൂക്ക് വിഭജനം സാധ്യമാകുന്ന പക്ഷം അപ്രകാരമുള്ള ജോലിഭാരം ലഘൂകരിക്കപ്പെടുകയും ജനത്തിന് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതുമാണ് . | |

**2.**<u>തൃശ്ശൂർ</u>

| ജില്ല & നിലവിലുള്ള താലൂക്കുകളുടെ പേര്(വില്ലേജുകളുടെ എണ്ണം ബ്രാക്കറ്റിൽ) | ശിപാർശ ചെയ്ത പുതിയ താലൂക്കിന്റെ പേര് | ശിപാർശ ചെയ്ത പുതിയ താലൂക്ക് ആസ്ഥാനം | നിലവിലുള്ള താലൂക്കിൽ നിന്നും പുതിയതായി വേർതിരിക്കുന്നത് എപ്രകാരം | ന്യായീകരണം | ശിപാർശ അംഗീകരിച്ചാൽ ഓരോ താലൂക്കിലുമുള്ള വില്ലേജുകളുടെ എണ്ണം |
|---|---|---|---|---|---|
| 1) ചാലക്കുടി (31)<br>2) മുകുന്ദപുരം (29)<br>3) കൊടുങ്ങല്ലൂർ (18)<br>4) ചാവക്കാട് (29)<br>**5)തൃശ്ശൂർ (74)**<br>6)കുന്നംകുളം (29)<br>7) തലപ്പിള്ളി (45) | **മണ്ണുത്തി** | **മണ്ണുത്തി** | മുകുന്ദപുരം താലൂക്കിൽ നിന്നും 2 വില്ലേജുകളും (1 ഗ്രൂപ്പ് വില്ലേജ്), തൃശ്ശൂർ താലൂക്കിൽ നിന്നും 18 വില്ലേജുകളും (17 ഗ്രൂപ്പ് വില്ലേജുകളും) ഉൾപ്പെടുത്തി മണ്ണുത്തി / പീച്ചി ആസ്ഥാനമായ താലൂക്ക് | പൊതുജനങ്ങളുടെയും ജീവനക്കാരുടേയും ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവും, സമയബന്ധിതവും തൃപ്തികരവുമായ രീതിയിൽ സേവനം ലഭ്യമാക്കുന്നതിനും ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനും 74 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതും 630.12 സ്ക്വ.കി.മീ വിസ്തീർണ്ണം ഉള്ളതുമായ തൃശ്ശൂർ താലൂക്ക് | 1) ചാലക്കുടി (31)<br>2) മുകുന്ദപുരം (27)<br>3) കൊടുങ്ങല്ലൂർ (18)<br>4) ചാവക്കാട് (29)<br>**5)തൃശ്ശൂർ (56)**<br>6)കുന്നംകുളം (29)<br>7) തലപ്പിള്ളി(45)<br>**8)മണ്ണുത്തി (20)** |

| | | | | | |
|---|---|---|---|---|---|
| | | | | വിഭജിക്കേണ്ടത് അനിവാര്യമാണ്. **സംസ്ഥാനത്ത് ആകെ ജനസംഖ്യയിൽ നാലാം സ്ഥാനവും താലൂക്കിന്റെ ശരാശരി ജനസംഖ്യയിൽ ആറാം സ്ഥാനവും തൃശ്ശൂരിനുണ്ട്. താലൂക്കിലെ ശരാശരി വില്ലേജുകളുടെ എണ്ണം ഏകദേശം 37 എണ്ണം വരുന്നതാണ്.ഇത് സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ആണ്.** 13 നിയമസഭാ മണ്ഡലങ്ങളിലെ ഇലക്ഷൻ ചുമതലകൾ 7 തഹസിൽദാർമാരിൽ മാത്രം നിക്ഷിപ്തമാണ്. ആയതിനാൽ **മണ്ണുത്തി** ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് വളരെയധികം അഭികാമ്യമാണ് . | |

<u>**3.മലപ്പുറം**</u>

| **ജില്ല & നിലവിലുള്ള താലൂക്കുകളുടെ പേര്(വില്ലേജുകളുടെ എണ്ണം ബ്രാക്കറ്റിൽ)** | **ശിപാർശ ചെയ്ത പുതിയ താലൂക്കിന്റെ പേര്** | **ശിപാർശ ചെയ്ത പുതിയ താലൂക്ക് ആസ്ഥാനം** | **നിലവിലുള്ള താലൂക്കിൽ നിന്നും പുതിയതായി വേർതിരിക്കുന്നത് എപ്രകാരം** | **ന്യായീകരണം** | **ശിപാർശ അംഗീകരിച്ചാൽ ഓരോ താലൂക്കിലുമുള്ള വില്ലേജുകളുടെ എണ്ണം** |
|---|---|---|---|---|---|
| 1) ഏറനാട് (23)<br>2) കൊണ്ടോട്ടി (12)<br>3) നിലമ്പൂർ (21)<br>**4) പെരിന്തൽമണ്ണ** | വളാഞ്ചേരി/ കോട്ടയ്ക്കൽ | വളാഞ്ചേരി/ കോട്ടയ്ക്കൽ | **തിരൂർ താലൂക്കിൽ നിന്നും 11 വില്ലേജുകളും** സമീപ താലൂക്കുകളായ | പ്രതിപാദിച്ചിട്ടുള്ള വില്ലേജുകളിൽ നിന്നും നിലവിലെ താലൂക്ക് ആസ്ഥാനത്തേക്ക് 25 മുതൽ 40 വരെ കിലോമീറ്റർ ദൂരമുണ്ട് . | 1) ഏറനാട് (23)<br>2) കൊണ്ടോട്ടി (12)<br>3) നിലമ്പൂർ (21)<br>**4)പെരിന്തൽമണ്ണ (21)** |

| | | | | | |
|---|---|---|---|---|---|
| **(24)**<br>5) പൊന്നാനി (11)<br>**6) തിരൂർ (30)**<br>**7) തിരൂരങ്ങാടി (17)** | | | **പെരിന്തൽമണ്ണ താലൂക്കിലെ 3 ഉം , തിരൂരങ്ങാടി താലൂക്കിലെ 1 വില്ലേജും** ഉൾ പ്പെടുത്തി **(ആകെ 15 വില്ലേജുകൾ)** **വളാഞ്ചേരി/കോട്ടയ്ക്കൽ താലൂക്ക്** രൂപീകരിക്കുന്നത് ഉചിതമായിരിക്കും . | ആയത് ഫലപ്രദമായ റവന്യൂ ഭരണം നടത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു . **സംസ്ഥാനത്ത് ആകെ വിസ്തീർണ്ണത്തിൽ മൂന്നാം സ്ഥാനവും , ആകെ ജനസംഖ്യയിൽ ഒന്നാം സ്ഥാനവും , താലൂക്കിലെ ശരാശരി ജനസംഖ്യയിൽ രണ്ടാം സ്ഥാനവും താലൂക്കിലെ ശരാശരി വിസ്തീർണ്ണത്തിൽ അഞ്ചാം സ്ഥാനവും മലപ്പുറം ജില്ലയ്ക്കുണ്ട് .** 16 നിയമ സഭാ മണ്ഡലങ്ങളിലെ ഇലക്ഷൻ ചുമതലകൾ 7 തഹസിൽദാർമാരിൽ മാത്രം നിക്ഷിപ്തമാണ്.ആയതിനാൽ പുതിയ താലൂക്ക് രൂപീകരണം അനിവാര്യമാണ്. | 5) പൊന്നാനി (11)<br>**6) തിരൂർ (19)**<br><br>**7)തിരൂരങ്ങാടി (16)**<br><br>**8) വളാഞ്ചേരി/കോട്ടയ്ക്കൽ (15)** |

**4.കോഴിക്കോട്**

| **ജില്ല & നിലവിലുള്ള താലൂക്കുകളുടെ പേര്(വില്ലേജുകളുടെ എണ്ണം ബ്രാക്കറ്റിൽ)** | **ശിപാർശ ചെയ്ത പുതിയ താലൂക്കിന്റെ പേര്** | **ശിപാർശ ചെയ്ത പുതിയ താലൂക്ക് ആസ്ഥാനം** | **നിലവിലുള്ള താലൂക്കിൽ നിന്നും പുതിയതായി വേർതിരിക്കുന്നത് എപ്രകാരം** | **ന്യായീകരണം** | **ശിപാർശ അംഗീകരിച്ചാൽ ഓരോ താലൂക്കിലുമുള്ള വില്ലേജുകളുടെ എണ്ണം** |
|---|---|---|---|---|---|
| 1)കോഴിക്കോട് (39)<br>2) താമരശ്ശേരി (20) | **പേരാമ്പ്ര** | **പേരാമ്പ്ര** | **കൊയിലാണ്ടി താലൂക്കിലെ** മലയോര വില്ലേജുകളായ ചെമ്പനോട, ചക്കിട്ടപ്പാറ, | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പുതിയ താലൂക്ക് രൂപീകരണം വളരെയധികം | 1)കോഴിക്കോട് (39)<br>2)താമരശ്ശേരി (20) |

| | | | | | |
|---|---|---|---|---|---|
| **3) കൊയിലാണ്ടി (31)**<br>**4) വടകര (28)** | | | കുരാച്ചുണ്ട്, കായണ്ണ, പേരാമ്പ്ര, മേഞ്ഞാണ്യം, എരവട്ടൂർ, കൂത്താളി, ചങ്ങരോത്ത്, പാലേരി, ചെറുവണ്ണൂർ, നൊച്ചാട് എന്നീ 12 **വില്ലേജുകളേയും, വടകര താലൂക്കിലെ** കായക്കൊടി, കുറ്റ്യാടി, വേളം, മരുതോങ്കര, കാവിലുംപാറ, കന്നുമ്മൽ, തിരുവള്ളൂർ എന്നീ **7 വില്ലേജുകളേയും** ഉൾപ്പെടുത്തി **(ആകെ 19 വില്ലേജുകൾ) പേരാമ്പ്ര താലൂക്ക്** രൂപീകരിക്കുന്നത് ഉചിതമായിരിക്കും | സഹായകരമായിരിക്കും. നിലവിലെ താലൂക്ക് സംവിധാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഏകോപനത്തിനും വളരെ ബുദ്ധിമുട്ടാണ്.പേരാമ്പ്ര ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കപ്പെടുകയാണെങ്കിൽ ഈ പ്രശ്നം വളരെയധികം എളുപ്പത്തിൽ പരിഹരിക്കപ്പെടുകയും 15 കിലോമീറ്ററിനുള്ളിൽ ഏകോപന പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. ആയതിനാൽ ഭരണ സൗകര്യവും പൊതുജന താൽപ്പര്യവും മുൻ നിർത്തി **പേരാമ്പ്ര ആസ്ഥാനമാക്കി** ഒരു താലൂക്ക് രൂപീകരിക്കേണ്ടത് അനിവാര്യമാണ്. **സംസ്ഥാനത്ത് ആകെ ജനസംഖ്യയിൽ നാലാം സ്ഥാനവും താലൂക്കുകളുടെ ശരാശരി ജനസംഖ്യയിൽ ഒന്നാം സ്ഥാനവും താലൂക്കുകളുടെ ശരാശരി വിസ്തീർണ്ണത്തിൽ നാലാം സ്ഥാനവും കോഴിക്കോട് ജില്ലയ്ക്കുണ്ട്.** 13 നിയമ സഭാ മണ്ഡലങ്ങളിലെ ഇലക്ഷൻ ചുമതലകൾ 4 തഹസിൽദാർമാരിൽ മാത്രം നിക്ഷിപ്തമാണ്.മേൽ | **3)കൊയിലാണ്ടി (19)**<br><br>**4) വടകര (21)**<br><br>**5)പേരാമ്പ്ര (19)** |

| | | | | | |
|---|---|---|---|---|---|
| | | | | സാഹചര്യത്തിൽ പുതിയ താലൂക്ക് രൂപീകരണം അനിവാര്യമാണെന്ന് കാണുന്നു. | |

**<u>പുതിയ താലൂക്ക് രൂപീകരിച്ചതിന് ശേഷം ഓരോ ജില്ലയിലേയും താലൂക്കുകളിൽ ഉൾപ്പെടുന്ന ശരാശരി വില്ലേജുകളുടെ എണ്ണവും , താലൂക്കുകളിലെ ശരാശരി ജനസംഖ്യയുടെ വിവരവും ചുവടെ ചേർക്കുന്നു</u>**

| ക്രമ നം. | ജില്ല | പുതിയ താലൂക്ക് രൂപീകരിച്ചതിന് ശേഷം താലൂക്കുകളുടെ എണ്ണം | പുതിയ താലൂക്ക് രൂപീകരിച്ചതിന് ശേഷം ശരാശരി വില്ലേജുകളുടെ എണ്ണം | പുതിയ താലൂക്ക് രൂപീകരിച്ചതിന് ശേഷം താലൂക്കിലെ ശരാശരി ജനസംഖ്യ |
|---|---|---|---|---|
| 1 | ആലപ്പുഴ | 6 | 16 | 354632 |
| 2 | കാസർഗോഡ് | 4 | 33 | 326844 |
| 3 | വയനാട് | 3 | 17 | 272473 |
| 4 | **തിരുവനന്തപുരം** | **7** | **18** | **471632** |
| 5. | കോട്ടയം | 5 | 20 | 394910 |
| 6. | **കോഴിക്കോട്** | **5** | **24** | **617259** |
| 7. | കൊല്ലം | 6 | 18 | 439229 |
| 8. | പത്തനംതിട്ട | 6 | 12 | 199569 |
| 9. | കണ്ണൂർ | 5 | 27 | 504601 |
| 10. | **തൃശ്ശൂർ** | **8** | **32** | **390150** |
| 11. | എറണാകുളം | 7 | 18 | 468913 |
| 12. | **മലപ്പുറം** | **8** | **18** | **514115** |
| 13. | ഇടുക്കി | 5 | 14 | 221795 |
| 14. | പാലക്കാട് | 7 | 22 | 401419 |

ശിപാർശ അംഗീകരിയ്ക്കുകയാണെങ്കിൽ ഒരു ജില്ലയിൽ 3 മുതൽ 8 വരെ താലൂക്കുകളും, താലൂക്കുകളിൽ 12 മുതൽ 32 വരെ വില്ലേജുകളും ആയി മാറുന്നതാണ് .

മുൻപ് പരാമർശിച്ച പ്രകാരം ജനസംഖ്യ , വിസ്തീർണ്ണം എന്നിവയ്ക്ക് ആനുപാതികമായി ജില്ലകളിലെ താലൂക്കുകളുടെ എണ്ണത്തിലുള്ള അന്തരം കുറയ്ക്കുക; യാത്രാ സൗകര്യം കുറഞ്ഞിടങ്ങളിൽ

സേവനങ്ങൾ ജനങ്ങളുടെ സമീപത്തെത്തിയ്ക്കുക; ദുരന്ത നിവാരണം , തെരഞ്ഞെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രതികരണ സമയം കുറച്ച് സേവനം വേഗത്തിലാക്കുക ; ഭരണം കൂടുതൽ വികേന്ദ്രീകൃതമാക്കുക ; സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിയ്ക്കുക എന്നിവ ലക്ഷ്യമിട്ടും , ദീർഘ കാലമായി പൊതുജനങ്ങൾ ,ജനപ്രതിനിധികൾ എന്നിവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ മുഖവിലയ്ക്കെടുത്തും പുതിയ താലൂക്കുകൾ രൂപീകരിയ്ക്കുന്നതാവും ഉചിതമെന്ന് കാണുന്നു.നിലവിൽ ഏറ്റവുമധികം ജനസംഖ്യ, വിസ്തീർണ്ണം, വില്ലേജുകൾ/താലൂക്ക് എന്നിവ യഥാക്രമം മലപ്പുറം, തൃശ്ശൂർ ജില്ലകളിലാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ കൂടി അടിസ്ഥാനത്തിലും, ശരാശരി ജനസംഖ്യ, വിസ്തീർണ്ണം എന്നിവ താരതമ്യേന കൂടുതലായ താലൂക്കുകൾ ഉൾപ്പെട്ട് വരുന്നതും, പുതിയ താലൂക്ക് രൂപീകരണത്തിന് ശിപാർശ സമർപ്പിച്ചിട്ടുള്ളതുമായ തിരുവനന്തപുരം, തൃശ്ശൂർ , കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ഓരോ താലൂക്ക് വീതം പുതിയതായി രൂപീകരിക്കാവുന്നതാണെന്നും, അത് , വില്ലേജ്, പഞ്ചായത്ത്, നിയമസഭാമണ്ഡലം എന്നിവയ്ക്ക് അതിർത്തി മാറ്റം സംഭവിക്കാത്ത രീതിയിൽ നാച്വറൽ ബൗണ്ടറി കണക്കാക്കി രൂപീകരിക്കുന്നതാവും നിലവിലെ സംവിധാനത്തിൽ ഉചിതമെന്നും കാണുന്ന വിവരം സമർപ്പിച്ചു കൊള്ളുന്നു.

**കമ്മീഷണർ**
**ലാൻഡ് റവന്യൂ**